(2) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട്ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)	(6)	(7)
XIV	സ്റ്റേഷനറിയും, അച്ചടിയും, മറ്റ് ഭരണപരമായ സർവ്വീസുകളും	36,13,48,000	..	72,26,95,000	..	72,26,95,000
XXV	പട്ടികജാതി/പട്ടികവർഗ്ഗ മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം	194,34,89,000	12,87,45,000	388,69,79,000	25,74,90,000	414,44,69,000
XLII	വിനോദ സഞ്ചാരം	26,04,12,000	3,17,00,000	52,08,25,000	6,34,00,000	58,42,25,000

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ : എം. എ. കുട്ടപ്പൻ) : സർ, സ്റ്റേഷണറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ,

1. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്റ്റേഷനറി വാങ്ങുന്നതിലും വിതരണം ചെയ്യുന്നതിലും ഉള്ളതായി പറയപെടുന്ന ക്രമക്കേടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

2. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്ക്കൂൾ പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിൽ സമയനിഷ്ഠ പാലിക്കുന്നില്ലായെന്ന് പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ,

3. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

4. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

5. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

6. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ,

7. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

8. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

9. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

10. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

11. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക് : സർ,

12. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

13. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ,

14. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ,

15. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

16. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ,

17. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ,

18. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ : സർ,

19. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

20. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ: സർ,

21. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ,

22. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ,

23. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

24. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ,

25. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ,

26. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,26,95,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

1. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച പണം യഥാസമയം ചെലവ് ചെയ്യുന്നതിൽ വരുത്തിയതായി പറയപെടുന്ന വീഴ്ചയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

2. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഊരു കൂട്ടങ്ങൾക്ക് നൽകുന്ന ഫണ്ട് യഥാവിധി വിനിയോഗിക്കുന്നില്ലായെന്ന് പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

3. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസികൾക്കുനേരെ നടന്ന അതിക്രമങ്ങൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

4. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ : സർ,

5. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഒരു പ്രത്യേക പാക്കേജ് പദ്ധതി ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

6. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക് : സർ,

7. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള പീഡനം വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

8. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തിരുനെല്ലിയിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

9. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

10. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അലംഭാവം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ : സർ,

11. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,39,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസികൾക്ക് നൽകിയ ഭൂമി കൃഷിയോഗ്യമല്ലാത്തതിനാൽ ആദിവാസികൾ ഭൂമി ഉപേക്ഷിച്ചു പോകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

12. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഭൂമിയില്ലാത്ത മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

13. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസി മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന പട്ടിണിയും പട്ടിണിമരണവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

14. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ട്രഷറി നിയന്ത്രണംമൂലം പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും വിദ്യാർത്ഥികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ,

15. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനുള്ള ഫണ്ട് കഴിഞ്ഞ വർഷം ലാപ്സാകാനിടയായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ,

16. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അനാഥാലയങ്ങളിലുള്ളതായി പറയപ്പെടുന്ന ശോചനീയമായ സ്ഥിതി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

17. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

18. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആദിവാസികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അലംഭാവം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ,

19. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിലെ കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

20. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശ്രീചിത്രാ ഹോമിന്റെ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം : സർ,

21. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ പാചക കേന്ദ്രങ്ങളുടെ ശോചനീയമായ അവസ്ഥ ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

22. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ : സർ,

23. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അംഗനവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ : സർ,

24. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

25. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

26. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

27. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

28. പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 414,44,69,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 58,42,25,000

ശ്രീ. കെ. പി. മോഹനൻ : സർ,

1. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിനോദസഞ്ചാര രംഗത്ത് മലയോര മേഖലയ്ക്ക് പ്രാധാന്യം നൽകുന്നില്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

2. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശാസ്ത്രീയമായ പഠനം നടത്തി സമഗ്രമായ വിനോദസഞ്ചാര വികസന പദ്ധതി നടപ്പാക്കുന്നതിനുപകരം വിനോദസഞ്ചാരത്തിന്റെ പേരിൽ പൊതു സ്വത്തുക്കൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

3. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ വ്യക്തികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പൈതൃക സ്മാരകങ്ങൾ ഏറ്റെടുത്ത് വിനോദ സഞ്ചാരത്തിനുപയോഗിക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ,

4. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിനോദസഞ്ചാരരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി ആവശ്യമായ കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ,

5. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് കായലോര വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

6. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കതരത്തിലുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

7. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം മേഖലയിലെ സർക്കാർ സംരംഭങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ളതായി പറയപ്പെടുന്ന നീക്കത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

8. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം മേഖലയിലെ സർക്കാർ സംരംഭങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ളതായി പറയപ്പെടുന്ന നീക്കത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ : സർ,

9. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം വികസനത്തിനായി നടത്തുന്ന പരസ്യ പ്രചരണത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

10. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം വികസനത്തിനായി നടത്തുന്ന പരസ്യ പ്രചരണത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ,

11. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വർക്കല ഗസ്റ്റ് ഹൗസിന്റെ സ്ഥലം സ്വകാര്യ ഹോട്ടലിന് കൈമാറാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

12. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം വകുപ്പിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ : സർ,

13. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം വകുപ്പിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

14. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

15. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

16. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം കേന്ദ്രമായി വികസിപ്പിക്കേണ്ട വാഗമണ്ണിൽ ഉണ്ടായതായി പറയപ്പെടുന്ന അനധികൃത ഭൂമി കൈയേറ്റത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം : സർ,

17. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം കേന്ദ്രമായി വികസിപ്പിക്കേണ്ട വാഗമണ്ണിൽ ഉണ്ടായതായി പറയപ്പെടുന്ന അനധികൃത ഭൂമി കൈയേറ്റത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ,

18. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസത്തിന്റെ മറവിൽ വാഗമണ്ണിൽ നടക്കുന്നതായി പറയപ്പെടുന്ന സർക്കാർ ഭൂമി വിൽപ്പന സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

19. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം കേന്ദ്രമായ വാഗമണ്ണിൽ സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന പരിസ്ഥിതി നാശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ : സർ,

20. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെ.ടി.ഡി.സി.-യുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ,

21. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഹെൽത്ത് ടൂറിസത്തിന്റെ സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

22. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഹെൽത്ത് ടൂറിസത്തിന്റെ സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ : സർ,

23. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഇക്കോ ടൂറിസം പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

24. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസം വികസനത്തിന്റെ പേരിൽ ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നടത്തുന്നതായി പറയപ്പെടുന്ന വിദേശയാത്രകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

25. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

26. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു: സർ,

27. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 58,42,25,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ, ഈ ഡിമാൻഡുകളെ ഞാൻ എതിർക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വനിതാവികസന കോർപ്പറേഷനിൽ എം.ഡി.-യുടെ നേതൃത്വത്തിൽ നടക്കുന്ന അഴിമതിയും ക്രമക്കേടും ആരേയും ഞെട്ടിപ്പിക്കുന്നതാണ്. ഇവിടെയുള്ള തൊഴിലില്ലാത്ത വനിതകൾ എറെക്കുറെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന കോർപ്പറേഷനിൽ, ഒരുദാഹരണം ഞാൻ സൂചിപ്പിക്കുകയാണ്. പാൽക്കുളങ്ങര സ്വദേശി ശ്രീമതി ബി.എൻ. ബിന്ദുമോൾ സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ഒന്നരലക്ഷം രൂപ വായ്പയ്ക്ക് അപേക്ഷിച്ചു. നിലവിലുള്ള നിയമപ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ വായ്പ സ്വത്തു ജാമ്യത്തിൽ മാത്രമേ അനുവദിക്കാവൂ എന്നാണ്. ഇവിടെ എം.ഡി. എന്താണ് ഫയലിൽ എഴുതിയത്? Very special case ആയി നൽകണമെന്ന് എം.ഡി. ഫയലിൽ എഴുതി. ചട്ടവിരുദ്ധമായിട്ടുള്ള ഒരു നടപടിയാണ് ഇവിടെ നടന്നിരിക്കുന്നത്. മറ്റൊരുദാഹരണം ചൂണ്ടിക്കാട്ടാം: ആലപ്പുഴ ഓഫീസിലേയ്ക്ക് കോയമ്പത്തൂരിൽ നിന്നും പ്ലാസ്റ്റിക് സാധനങ്ങൾ വാങ്ങിയത് എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ്, പത്ര പരസ്യമില്ല,.ടെണ്ടറില്ല, ഒരു സണ്ണിയാണ് ഈ സാധനങ്ങൾ കൊണ്ടുവന്നത്. കൊമേഴ്സ്യൽ ടാക്സിന്റെ ഇന്റലിജൻസ് വിഭാഗം വാഹനങ്ങൾ പിടിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

13,800 രൂപ പിഴയുമുണ്ട്. പിഴസംഖ്യ ആരാണ് അടയ്ക്കേണ്ടത്? ന്യായമായി ഈ സാധനം കൊണ്ടുവന്ന ആളാണ് അടയ്ക്കേണ്ടത്. പക്ഷേ ഇവിടെ അടച്ചിരിക്കുന്നത് മാനേജിംഗ് ഡയറക്ടറാണ്, അതിനും പ്രത്യേകമായി ഫയലെഴുതി പണം അടയ്ക്കുകയാണ്. 55,000 രൂപ വച്ചാണ് 30 കംപ്യൂട്ടറുകൾ വാങ്ങുന്നത്, നമുക്കറിയാം യു.പി.എസ്.-ഉം പ്രിന്ററുമെല്ലാംകൂടി 20,000 രൂപയ്ക്കു താഴെ കംപ്യൂട്ടർ കിട്ടുന്ന ഒരു സന്ദർഭത്തിലാണ് ഇത്രയും വലിയൊരു തുകയ്ക്ക് ഈ പർച്ചേസ് നടത്തിയിരിക്കുന്നത്. ഇവിടെ ശ്രീ. എം. വി. ജയരാജൻ ഇതുസംബന്ധിച്ച് മന്ത്രിക്ക് പരാതികൊടുത്തിരുന്നു പക്ഷേ ബന്ധപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടിയെടുത്തതായി കരുതുന്നില്ല. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്,

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. ജോണി നെല്ലൂർ.]

ലക്ഷക്കണക്കിനുവരുന്ന അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത പെൺകുട്ടികൾ പ്രതീക്ഷയോടുകൂടി നോക്കുന്ന വനിതാവികസന കോർപ്പറേഷൻ തകർക്കുന്നതിനു തുല്യമാണ്. നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകേണ്ട ഡിപ്പാർട്ടുമെന്റാണ് ടൂറിസം. തൊഴിലില്ലായ്മ പരിഹരിക്കാൻ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സാമ്പത്തിക പുരോഗതിക്കും കേരളം ഒരു ടൂറിസ്റ്റ് ഡസ്റ്റിനേഷൻ ആക്കി മാറ്റണമെന്നായിരുന്നു നമ്മുടെ സംസ്ഥാനത്തിലെ ഭരണാധികാരി കളുടെയെല്ലാം ലക്ഷ്യം. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ സൃഷ്ടിപരമായ മാറ്റങ്ങളുണ്ടാക്കി. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന തിരുവനന്തപുരത്തെ മസ്ക്കറ്റ് ഹോട്ടൽ ഉൾപ്പെടെ കഴിഞ്ഞ ഗവൺമെന്റിന്റെ തൊപ്പിയിൽ തൂവൽ ചാർത്തുന്ന ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. 'National Geography' എന്ന മാസികയിൽ ലോകത്തുള്ള 50 ടൂറിസ്റ്റു കേന്ദ്രങ്ങളിലൊന്നായി കേരളത്തെ തെരഞ്ഞെടുത്തത് ഈ ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ള സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കൊണ്ടാണ്. ഈ ഗവണ്മെന്റ് വന്നതിനു ശേഷം World Travel and Tourism Council- ന്റെ partner ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു, അത് ഒരു തുടർച്ചയായിരുന്നു. അങ്ങനെയുള്ള നമ്മുടെ സംസ്ഥാനത്ത് ടൂറിസം രംഗത്ത് എന്താണുണ്ടാകുന്നത്? പ്രതീക്ഷയോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. ആർക്കും കയറി നിരങ്ങാമെന്നുള്ള സ്ഥിതിയിലേയ്ക്ക് ഇന്ന് ഈ വകുപ്പ് മാറി. ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ ഉന്നയിച്ച ഒരു പ്രധാന പ്രശ്നമുണ്ട്, ഹൗസ് ബോട്ടുകൾ ഇപ്പോൾ mobile massage parlours ആണ്. ഒരു Stockholm പോലെയോ, ഒരു Copan Hagen പോലെയോ ഉള്ള ഒരു സ്ഥലമായി നമ്മുടെ ഈ കൊച്ചുകേരളം മാറുന്നു എന്നുപറയുമ്പോൾ തികച്ചും ലജ്ജാകരമായിട്ടുള്ള ഒരനുഭവമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഇതുമായി ബന്ധപ്പെട്ട ആളുകൾ ഇത് ശ്രദ്ധിക്കണ്ടേ? ബോംബെയിലെ ഗസ്റ്റ് ഹൗസ് വില്പനയ്ക്ക് വയ്ക്കാനുള്ള ആദ്യ നടപടി പൂർത്തിയായിരിക്കുന്നു, അതിന്റെ കെട്ടിടം മുഴുവൻ പോയി. മുൻ ഗവൺമെന്റ് എത്ര പ്രതീക്ഷയോടുകൂടി കൊണ്ടുവന്ന ഒരു വികസന സംരംഭമാണത്! കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ചെന്നൈ ഗസ്റ്റ് ഹൗസ് എത്ര പ്രതീക്ഷയോടുകൂടി കൊണ്ടുവന്നതാണ്, ഇപ്പോൾ ചെന്നൈ ഗസ്റ്റ് ഹൗസ് എന്ന പേരുപോലുമില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വലിയ ബഹുമാനമുണ്ട്, പക്ഷേ അങ്ങ് അങ്ങയുടെ വകുപ്പ് ശ്രദ്ധിക്കുന്ന സ്വഭാവം കാണിക്കുന്നില്ല എന്നുള്ള ആക്ഷേപമാണ് ഞങ്ങൾക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ബോംബെയിലെ കേരള ഹൗസിന്റെ കാര്യത്തിൽ മന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്നുള്ള വസ്തുത അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ? കാരണം ഗവൺമെന്റിനു കിട്ടിയ ആനുകൂല്യം സിഡ്കോയ്ക്ക് സ്കയർ ഫീറ്റിന് 14000 രൂപവച്ച് തിരിച്ച് അടച്ചുവെങ്കിൽ മാത്രമേ സ്വകാര്യവൽക്കരിക്കാൻ കഴിയൂ. പ്രത്യേക ആനുകൂല്യം പ്രകാരമാണ് 90 വർഷത്തേയ്ക്ക് കൊടുക്കുന്നത്.

ശ്രീ. രാജു എബ്രഹാം: ബോംബെയിലെ ഏറ്റവും വലിയ posh area -യിലാണ് ഇത് നടക്കുന്നത്. എല്ലാം കച്ചവടമാണ്, അദ്ദേഹം അറിഞ്ഞുകൊണ്ടാണോ ഇത് നടത്തുന്നത് എന്നുള്ള മറുപടിയാണ് ഇവിടെ പറയേണ്ടത്. അദ്ദേഹത്തിന്റെ വകുപ്പ് അദ്ദേഹം ശ്രദ്ധിക്കണം. ആരോഗ്യ. വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു പരിക്കുപറ്റിയപ്പോൾ അദ്ദേഹത്തിന്റെ കീഴിലുള്ള മെഡിക്കൽകോളേജിൽ കിടക്കാതെ അദ്ദേഹം നേരെ സ്വകാര്യ ആശുപത്രിയിൽ പോയി കിടന്നയാളാണ്, ഞങ്ങൾക്ക് പരാതിയില്ല. അദ്ദേഹം പാർലമെന്റ് മെമ്പറായിരിക്കുമ്പോൾ രാജ്യസഭയിൽ കയറിയ ആളാണ്, ഞങ്ങൾക്ക് പരാതിയില്ല. അദ്ദേഹം ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ സ്റ്റേറ്റ് കാർ ഉപയോഗിക്കാതെ കിഡ്നി കച്ചവടക്കാരന്റെ കാറിൽ യാത്രചെയ്ത ആളാണ്, ഞങ്ങൾക്ക് അതിൽ പരാതിയില്ല. എന്താണ് ഇവിടെ നടക്കുന്നത്? വകുപ്പ് മാറിയപ്പോൾ ആരോഗ്യ വകുപ്പിൽനിന്നും ഇവിടെവന്നപ്പോൾ ഇടിവെട്ടിയവനെ തേൾ കടിച്ചതുപോലുള്ള ഇരുപ്പാണ്. അദ്ദേഹത്തിന്റെ മുഖം ഇതുവരെ പ്രസന്നമായിട്ടില്ല, ആരോഗ്യ വകുപ്പുമന്ത്രി വരാത്ത ദിവസം ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പിന്റെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ മാത്രമാണ് അദ്ദേഹം പ്രസന്നവദനനാകുന്നത്. ഇതിനു പരിഹാരം കണ്ടെത്തേണ്ടത് ഞങ്ങളല്ല, പക്ഷേ ഈ വകുപ്പിനെ അല്പം ശ്രദ്ധിക്കണമെന്നുമാത്രം പറയുകയാണ്. ഒരുകാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു, അദ്ദേഹം പ്രഖ്യാപന ങ്ങളൊന്നും നടത്തിയിട്ടില്ല. ഇവിടെ എന്തായിരുന്നു പ്രഖ്യാപനങ്ങൾ? മൂന്ന് ടൂറിസം പദ്ധതികൾക്ക് സിംഗപ്പൂർ സർക്കാരുമായി 1000 കോടി രൂപയുടെ കരാർ, ഇത് 4-1-2003-ലെ പ്രഖ്യാപനമാണ്. 7-5-2003-ൽ പാർവതി പുത്തനാറുമായി ബന്ധപ്പെട്ട് തീരപഥം ടൗൺഷിപ്പിനുവേണ്ടി 950 കോടി രൂപയുടെ ജപ്പാൻ സഹായമെന്ന പ്രഖ്യാപനം നടത്തി. '500 കോടി രൂപയുടെ കൺവെൻഷൻ സെന്ററിന് സാധ്യത', നമ്മുടെ മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ്. 'ടൂറിസം—4000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നു', മുൻ മന്ത്രി 3-9-2003-ൽ പ്രഖ്യാപിച്ചു. 'പത്താം പഞ്ചവൽസര പദ്ധതിയിൽ 100 കോടി രൂപ മുടക്കും'—മുഖ്യമന്ത്രി, '500 കോടി രൂപയുടെ കുമരകം ഇക്കോസിറ്റി—വകുപ്പുമന്ത്രി'. ഞാൻ ഇദ്ദേഹത്തെ ബഹുമാനിക്കുന്നു, ഇത്രയും വലിയ പ്രസ്താവന നടത്താൻ എന്തായാലും അദ്ദേഹം മുന്നോട്ടുവരാത്തത് നല്ലകാര്യമാണ്. പക്ഷേ ഒരു കാര്യത്തിൽ ഞങ്ങൾക്ക് ആക്ഷേപമുണ്ട്, കോവളം കൊട്ടാരം സംബന്ധിച്ച്—കോവളം കൊട്ടാരം സംസ്ഥാന സർക്കാരിന്റേതായിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ ഒരു സ്റ്റേറ്റുമെന്റുണ്ട്. അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കോവളം കൊട്ടാരം വിറ്റുപോയി ഇനി രക്ഷയില്ല എന്ന് സെക്രട്ടറി. എങ്ങനെയുണ്ട്? കോവളം കൊട്ടാരത്തെ സംബന്ധിച്ച്, അതിന്

രേഖകളുണ്ടായിരുന്നു. 4.21 ഹെക്ടർ സ്ഥലം ടൂറിസം വകുപ്പിന്റേതാണെന്നുള്ള രേഖകൾ ഇവിടെയുണ്ടായിരുന്നു. 1930-ൽ തിരുവിതാംകൂർ രാജകുടുംബം കൊടുത്തിട്ടുള്ളതാണ്. അതുമാത്രമല്ല ഈ സ്ഥലത്തോടൊപ്പമാണ് വെള്ളായണി കാർഷിക കോളേജിനുവേണ്ടി സ്ഥലം കൊടുത്തത്. കൃഷി വകുപ്പിന്റെ കൈയിൽ വെള്ളായണി കാർഷിക കോളേജിന്റെ എല്ലാ രേഖകളുമുണ്ട്. ഇവിടേയും ഉണ്ടായിരുന്നു, എവിടെ പോയി? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം, അതിന് കേരളമിന്ന് കാതോർത്തുനിൽക്കുകയാണ്, ഈ സംസ്ഥാനത്തിന്റെ അഭിമാനമാണത്. ദക്ഷിണേന്ത്യയിൽ ഇതുപോലൊരു castle മറ്റൊന്നില്ലെന്നാണ് ബഹുമാനപ്പെട്ട ടി.എം. ജേക്കബ് മറുപടിയിൽ പറഞ്ഞത്. പുരാവസ്തു ആക്റ്റനുസരിച്ചാണെങ്കിൽ ഇന്ന് അതിന്റെ ഉടമ ഗൾഫാർ മുഹമ്മദ് അലി ജാമ്യം കിട്ടാതെ അകത്തു കിടന്നേനെ. എന്തുകൊണ്ട് പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നില്ല? ഇതോടൊപ്പമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും സെക്രട്ടറിയുടേയും പ്രസ്താവന വന്നിരിക്കുന്നത്. ആകപ്പാടെ ഒരു കച്ചവടത്തിന്റെ മണം നമ്മുടെ സംസ്ഥാനത്തൊട്ടാകെ നിലനിൽക്കുകയാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായ മറുപടി പറയണം. കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന ഒരു സംരംഭമാണ്. കോവളം ഗസ്റ്റ് ഹൗസിന്റെ മതിൽ പൊളിച്ചത് 2003 ഏപ്രിൽ മാസത്തിലാണ്. നിങ്ങൾ എന്തെങ്കിലും ചെയ്തോ? ഒരു ചുക്കും ചെയ്തില്ല. ഞങ്ങൾ ട്രാൻസ്പോർട്ട് വണ്ടിയെയൊന്ന് നോക്കിയാൽ പി.ഡി.പി.പി. ആക്റ്റനുസരിച്ച് ഞങ്ങളെ അകത്താക്കുമല്ലോ. ഇവിടെ ഗസ്റ്റ് ഹൗസിന്റെ മതിൽ പൊളിച്ചിട്ട് 324-ാം വകുപ്പു പ്രകാരമെങ്കിലും നിങ്ങൾ ഒരു കേസെടുത്തോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, വകുപ്പ് 324 എന്നുപറയുന്നത് മതിലിടിക്കുന്നതുമായി ഒരു ബന്ധവുമില്ല. കടലും കടലാടിയും തമ്മിലുള്ള ബന്ധമാണ്.

ശ്രീ. രാജു എബ്രഹാം: ഞാൻ അത് പിൻവലിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, രാജു എബ്രഹാം പറഞ്ഞ വകുപ്പ് തെറ്റിപ്പോയിട്ടുണ്ടാകും. വക്കീലായ ശ്രീ. പി. ശങ്കരൻ അതിനുപറ്റിയ വകുപ്പുപയോഗിച്ച് നടപടിയെടുക്കുമോ?

ശ്രീ. രാജു എബ്രഹാം : ഞാൻ മന്ത്രിയെ വെല്ലു വിളിക്കുന്നു പി.ഡി.പി.പി ആക്റ്റനുസരിച്ച് നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ? നമുക്ക് പാതിരാമണൽ, കുമരകം, വാഗമൺ എന്നീ ടൂറിസ്റ്റ് സങ്കേതങ്ങളുണ്ട്. എന്താണ് ഇതിന്റെയൊക്കെ അവസ്ഥ? ഒബ്റോയ് പാതിരാമണലിന്റെ മുകളിൽ കൂടി റാകിപ്പറക്കുകയാണ്. എപ്പോഴാണ് താഴേക്കിറങ്ങുന്നതെന്ന് അറിയാൻ പറ്റുകയില്ല. അവരെ നമ്മൾ ഓട്ടിച്ച് വിട്ടതാണ്. കഴിഞ്ഞ നിയമസഭയിൽ ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ അദ്ദേഹം ഒരു സബ്മിഷൻ കൊണ്ടുവന്നു. അന്ന് ടൂറിസം വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അതിന് മറുപടി പറഞ്ഞത് 'ഒരു വിലനിർണ്ണയം മാത്രമേ നടത്തിയിട്ടുള്ളൂ. ഞങ്ങൾ ഇന്നിതാ കളഞ്ഞിരിക്കുന്നു'

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. പിന്നെ തെരഞ്ഞെടുപ്പിലേയ്ക്ക് പോയി. അവിടെ ഇപ്പോൾ ഒബ്റോയ് കടന്നു വരുന്നു. കുമരകത്തുനിന്ന് പറന്നുപോയിട്ടുള്ള ദേശാടനക്കിളികൾ മുഴുവൻ ഇപ്പോൾ എത്തിയിരിക്കുന്നത് പാതിരാമണലിലാണ്. കുമരകം കായൽ മുഴുവൻ വെട്ടിപ്പിടിച്ചിരിക്കുന്നു. കർണ്ണാടകത്തിലെ കോൺഗ്രസ്സിന്റെ ഒരുമുൻമന്ത്രി ഉൾപ്പെടെ കുമരകത്ത് കായൽ വെട്ടിപ്പിടിക്കുന്നതിന് മുൻപിൽ വന്നിരിക്കുന്നു. എന്നുപറഞ്ഞാൽ ആരാണ് സംരക്ഷണം കൊടുക്കുന്നത്? നമ്മുടെ സംസ്ഥാനത്ത് 377 സ്ഥലങ്ങളിലാണ് കായൽ വെട്ടിപ്പിടിക്കുന്ന സംഭവങ്ങളുണ്ടായിരിക്കുന്നത്. വാഗമണിൽ ഈ ഗവൺമെന്റ് നിയമിച്ച കമ്മിറ്റി തൊണ്ണൂറിലധികം വ്യാജ പട്ടയങ്ങൾ കണ്ടെത്തി. ആ വ്യാജപ്പട്ടയങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ടൂറിസം വകുപ്പിന്റെ 757 ഹെക്ടർ സ്ഥലത്തെ സംബന്ധിച്ച് എന്ത് നടപടിയെടുത്തു? വാഗമണിൽ ഒരേക്കർ സ്ഥലം ടൂറിസം വകുപ്പിന്റെ കൈയിലുണ്ടോ? ഈ പൊതുസ്വത്തൊക്കെ എവിടെപ്പോയി? ഒരു പൈസ ഗവൺമെന്റിന് കിട്ടിയോ? അതുമുഴുവൻ കൊള്ളയടിക്കുന്ന സ്ഥിതിയുണ്ടായി. വർക്കലയിൽ വീണ്ടും ഒരേക്കർകൂടി എടുക്കാൻ പോകുന്നു. കേരളത്തിന്റെ അവസ്ഥയെന്താണെന്നുള്ളത് നമ്മൾ വളരെ ഗൗരവത്തോടുകൂടി കാണണം. 'Outlook' മാസികയാണ്. (മാസിക ഉയർത്തികാണിച്ചു). ഇത് നമ്മുടെ പ്രസിദ്ധീകരണമല്ലല്ലോ. The HOAX of God's Own Country–Crime—India's highest crime rate; 306.1 crimes committed per 1,000 people per year എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത് ആത്മഹത്യയുടെ കാര്യത്തിൽ കേരളം മുന്നിലെത്തിയിരിക്കുന്നു. ഇവിടെയാണ് Atrocities against women—The number of these crimes has risen four -fold in the past seven years. 22.7% of all Malayali women suffer from some form of violence. ഇത്തരത്തിലുള്ള ഒരു സ്റ്റേറ്റായി നമ്മുടെ കേരളം അധഃപതിച്ചിരിക്കുന്നു. അവിടേയ്ക്കാണ് ടൂറിസ്റ്റുകൾ വരേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി പുഴകളൊക്കെ മലിനീകരിക്കപ്പെട്ടിരിക്കുന്നുയെന്നാണ് പറഞ്ഞത്. കോളിഫോം അടങ്ങുന്ന വെള്ളമാണ് ഈ വിദേശികൾ കുടിക്കേണ്ടത്. അടുത്തത് പിന്നോക്ക വികസന കോർപ്പറേഷന്റെ കാര്യമാണ്. മൂന്നു ശതമാനം കേന്ദ്ര ഗവൺമെന്റ് പണം തരുന്നതാണ്. ഇപ്പോൾ പലിശ, പിഴപ്പലിശ, സർചാർജ്ജ്, പിഴപ്പലിശയ്ക്ക് പിഴപ്പലിശയടക്കം 38 ശതമാനം പലിശയ്ക്ക് വായ്പയെടുക്കുന്നു. ഇതെത്ര ഗുരുതരമായ പ്രശ്നമാണ്! എന്റെ നിയോജകമണ്ഡലത്തിലെ ബിമ്മരം, ളാഹ, കട്ടച്ചിറ തുടങ്ങിയ ആദിവാസി കോളനികളിൽ 'കിർത്താഡ്സി'-ന്റെ നെറികെട്ട സമീപനംമൂലം അവിടെയുള്ള ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. വൃത്തികെട്ട സമീപനമാണ് കിർത്താഡ്സ് സ്വീകരിച്ചിരിക്കുന്നത്. പാവപ്പെട്ട ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഡിമാന്റുകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നല്ല പദ്ധതികൾ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വലിയൊരു അനുഗ്രഹമായി മാറിയിരിക്കുകയാണ്. അവർക്ക് വിദ്യാഭ്യാസ മേഖലയിൽ പുരോഗതിയുണ്ടാക്കുവാനും അവരുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. അവർക്ക് സ്വയം തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താനുള്ള ചില പദ്ധതികൾ ആസൂത്രണം ചെയ്ത് ട്രെയിനിംഗും മറ്റും നൽകുവാൻ കഴിയുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ഇവയൊക്കെ കാര്യക്ഷമതയോടുകൂടി നടത്താൻ സാധിക്കുന്നുണ്ട്. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് കേരളത്തിൽ നിന്ന് ആറോ ഏഴോ പേർ ജയിച്ചതിൽ രണ്ടു പേർ ഈ കോച്ചിംഗ് സെന്ററിൽ പഠിച്ച കുട്ടികളാണ് എന്നാണ്. അതുപോലെ 'സെന്റർ ഓഫ് എക്സലൻസ്', പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബുദ്ധിപരവും ശാരീരികവുമായ കഴിവ് വർദ്ധിപ്പിക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. അടുത്തതായി പറയുവാനുള്ളത് അച്ചടി വകുപ്പിനെ ക്കുറിച്ചാണ്. ഈ വകുപ്പിൽ അഴിമതികളും ദുർചെലവുമാണ് നടന്നുകൊ ണ്ടിരുന്നത്. മുൻവർഷങ്ങളിൽ ഓവർടൈം ഇനത്തിൽ ലക്ഷക്കണക്കിനു രൂപ എഴുതിക്കൊടുക്കുന്ന ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. അതിനൊക്കെ ഇപ്പോൾ മാറ്റമുണ്ടായിരിക്കുന്നു. 1999-2000-വർഷത്തിൽ 444 ലക്ഷം രൂപയാണ് ഓവർടൈം ഇനത്തിൽ കൊടുത്തത്. 2000-2001-വർഷത്തിൽ 332 ലക്ഷം രൂപ. 2001-മുതൽ ഇങ്ങോട്ടുള്ള കണക്കുകൾ നോക്കിയാൽ വളരെ മാറ്റമുണ്ടായിരിക്കുകയാണ്. 2001-2002-വർഷത്തിൽ 92.16 ലക്ഷം രൂപ, 2002-2003-വർഷത്തിൽ 72.11 ലക്ഷം രൂപ, 2003-2004-വർഷത്തിൽ 62.05 ലക്ഷം രൂപ. ഈ രീതിയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. ഓവർടൈം ഇനത്തിൽ ലക്ഷക്കണക്കിനു രൂപ തട്ടിക്കൊണ്ടുപോയിരുന്ന ആളുകൾക്ക് അതിപ്പോൾ കിട്ടാത്ത ഒരവസ്ഥാവിശേഷമുണ്ടായിരിക്കുന്നു. അതുപോലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിൽസാ സഹായത്തെക്കുറിച്ചാണ് പറയുവാനുള്ളത്. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് രോഗം പിടിപെടുന്നയവസരത്തിൽ അവരെ സഹായിക്കാൻ വേണ്ടി ചികിൽസാ സഹായം നൽകുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ചികിൽസാ സഹായത്തിനെന്നും പറഞ്ഞ് അങ്ങയുടെ മുൻപിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾ വരാറില്ല; ഏതെങ്കിലും എം.എൽ.എ-മാർ അല്ലെങ്കിൽ ജനപ്രതിനിധികൾ ഇത്തരമറിയാവുന്നയാളുകളെ കാണുമ്പോൾ, അല്ലെങ്കിൽ രോഗം പിടിപെട്ടുകിടക്കുകയാണെന്നറിയുമ്പോൾ, അവരെ സഹായിക്കുന്നതിനുവേണ്ടി ഒരു അപേക്ഷയുമായി വരുന്ന സമയത്ത് ആ രോഗി മരണപ്പെടാനിടയാകും. അതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് യഥാസമയത്ത് ചികിൽസാ സഹായം ലഭ്യമാക്കുവാൻ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം എന്നാണ്. കൊടുക്കേണ്ട സമയത്തെന്നു പറയുമ്പോൾ ആശുപത്രിയിൽ കിടക്കുന്ന സമയത്ത്, അല്ലെങ്കിൽ രോഗം പിടിപെട്ട് കിടക്കുമ്പോഴാണ് സഹായം കൊടുക്കേണ്ടത്. പണമില്ലാത്തതുകൊണ്ട് നല്ല ചികിൽസ ലഭിക്കാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അൽപ്പംകൂടി ദയകാണിച്ച് അവരുടെ ചികിൽസാ സഹായം എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ലക്ഷംവീട് പദ്ധതികൾ. കേരളത്തിൽ ലക്ഷംവീട് പദ്ധതികൾ തുടങ്ങിയപ്പോൾ വലിയ വിപ്ലവമായി മാറി. എം.എൻ. ഗോവിന്ദൻ നായർ അന്ന് ഭവന നിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആശയമായിരുന്നു കേരളത്തിൽ ലക്ഷംവീട് പദ്ധതിക്ക് രൂപം കൊടുക്കുക എന്നുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത് കേരളത്തിൽ ഓരോ ജില്ലയിലും ഏതാനും ചില കോളനി പ്രദേശമെങ്കിലും തെരഞ്ഞെടുത്തുകൊണ്ട് അത്തരം പ്രദേശങ്ങളിൽ ഫ്ളാറ്റ് സിസ്റ്റം ഉണ്ടാക്കി പാവപ്പെട്ട ആളുകൾക്ക് കൊടുക്കുന്നതിനുള്ള നടപടി ഉണ്ടാകണം എന്നാണ്. വീട് വയ്ക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം കൊടുക്കുന്നുണ്ട്. കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. അത്തരം ആളുകൾക്ക് കുറെ കാശ് അവരുടെ കയ്യിൽ കൊടുത്താൽ നിത്യജീവിതത്തിന് ബുദ്ധിമുട്ടുള്ളവരായതുകൊണ്ട് മറ്റ് ആവശ്യങ്ങൾക്കുവേണ്ടി അറിഞ്ഞോ അറിയാതേയോ ചെലവഴിക്കുന്ന സ്ഥിതിയുണ്ട്. പല വീടുകളും പൊളിച്ചിട്ടാൽ പണിചെയ്യാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. അങ്ങ് മന്ത്രിയായിരിക്കുമ്പോൾ കേരളത്തിൽ ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം ഉണ്ടാക്കി അവരുടെ ജീവിത നിലവാരത്തിൽ മാറ്റമുണ്ടാക്കി, മറ്റ് ആളുകൾ ജീവിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തി, വൈദ്യുതിയും വെള്ളവും മറ്റ് സൗകര്യങ്ങളുമെല്ലാം എത്തിച്ചുകൊടുക്കുന്നതിന് മാതൃകാപരമായ നടപടി സ്വീകരിക്കണം. അതുപോലെ പട്ടികജാതിക്കാർ ഏറ്റവുമധികം താമസിക്കുന്ന പ്രദേശമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അരുവാപ്പുലം പഞ്ചായത്തിൽ കൊക്കത്തോട് എന്ന പ്രദേശത്ത് എട്ടുപത്ത് കോളനികളുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ വസിക്കുന്ന പ്രദേശങ്ങളുമുണ്ട്. അവിടേയും രണ്ടുമൂന്നു കോളനികളുണ്ട്. ഇന്നുവരെ അവിടെ വൈദ്യുതി എത്തിയിട്ടില്ല. രണ്ടായിരത്തിലധികം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമെന്നുള്ള നിലയിൽ ഇതുവരെ വൈദ്യുതി എത്തിക്കാനുള്ള സാഹചര്യങ്ങൾക്ക് വഴിയൊരുക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി വകുപ്പിൽനിന്നും അല്ലെങ്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഗവൺമെന്റ് ചെലവഴിക്കുന്ന പണം ഇത്തരം പ്രദേശങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ—അവർക്ക് വെള്ളവും വെളിച്ചവും കിട്ടാനുള്ള സാഹചര്യങ്ങൾക്ക് വഴിയൊരുക്കാൻ വേണ്ടി വിനിയോഗിക്കണം. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വലിയൊരു മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു വകുപ്പാണ് ടൂറിസം. സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ടൂറിസത്തിന് വളരെ പ്രാധാന്യമുണ്ടെന്ന് കാണേണ്ടതായിട്ടുണ്ട്. ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചത് 1986-ലാണ്. ഒരു വ്യവസായമായി ടൂറിസത്തെ പ്രഖ്യാപിച്ചുവെങ്കിൽപോലും ടൂറിസം രംഗത്ത് വ്യവസായത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കുന്നില്ലായെന്നുള്ളത് എറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ടൂറിസം രംഗത്ത് പ്രാധാന്യം കൊടുത്തുകൊണ്ട് തദ്ദേശീയരാണെങ്കിലും കൂടുതൽ ആളുകൾ മുതൽ മുടക്കുന്നതിനുവേണ്ടി സംസ്ഥാനത്തു വന്നാൽ അവർക്ക് നീതിപൂർവ്വകമായി ചെയ്തു കൊടുക്കേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. കേരളം മൊത്തത്തിൽ ഒരു ടൂറിസം സെന്റർ ആണെന്നുതന്നെ പറയാം. ഇൻഡ്യാ രാജ്യത്ത് കേരളത്തിന് ഒരു പ്രത്യേകതയുണ്ട്. കേരളത്തിന്റെ പ്രകൃതിരമണീയമായ കാഴ്ചകൾ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ടൂറിസം സെന്ററാണെന്നുള്ളതുകൊണ്ട് നമ്മൾ നമ്മുടെ പ്രദേശത്തിന്റെ മേൻമകൾ

LIBRARY ARCHIVES Kerala Legislative Assembly

തിട്ടപ്പെടുത്തിക്കൊണ്ട് അതിനനുസൃതമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോയാൽ കേരളത്തിന് നമ്മുടെ സമ്പദ്ഘടനയിൽ ഏറ്റവും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്നത് ടൂറിസം രംഗത്തായിരിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇപ്പോൾ നമ്മുടെ കണക്കുകൾ പരിശോധിച്ചാൽ 5938 കോടി രൂപയുടെ വരുമാനമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ടൂറിസം രംഗത്തുനിന്നും നമുക്ക് നേടിയെടുക്കാൻ സാധിച്ചിട്ടുള്ളത് എന്നുകാണാം. അത്തരത്തിൽ ഓരോ വർഷം കഴിയുന്തോറും സമ്പദ് വ്യവസ്ഥയിൽ മാറ്റമുണ്ടാക്കാൻ, തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടാൻ, ഇങ്ങനെ നിരവധി മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കാൻ കഴിഞ്ഞാൽ ടൂറിസം രംഗത്ത് ഇവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. അതിന് പ്രത്യേകമായി ശ്രദ്ധിക്കണം. അതുപോലെ കേരളത്തിന്റെ ബാക്ക് വാട്ടേഴ്സ്. ബാക്ക് വാട്ടേഴ്സ് ലോകത്തിൽതന്നെ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്; മറ്റൊരു രാജ്യത്തിലുമില്ല. അത് വേണ്ട തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയന്നുണ്ടോയെന്നുള്ള കാര്യം പരിശോധിക്കണം. വേണ്ട തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ തീരപ്രദേശങ്ങൾ, ആയുർവേദിക് ടൂറിസം, മലയോര ടൂറിസം, എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞാൽ നമ്മുടെ സമ്പദ് വ്യവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. അതുകൊണ്ട് ടൂറിസം പ്രൊമോട്ട് ചെയ്യുമ്പോൾ പരിസ്ഥിതി പ്രശ്നം തകരാതെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണം പറയാം. കോവളത്ത് നടന്നിട്ടുള്ള കാര്യങ്ങൾ പത്രത്തിലൂടെ വായിച്ചു. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അവിടെ പോയി പരിശോധന നടത്തിയതാണ്. കോവളത്ത് ചില മേഖലകളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടി കിടക്കുന്ന സാഹചര്യങ്ങൾ നമുക്ക് കാണാൻ കഴിയും. അത്തരം സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രത്യേകം ശ്രദ്ധ കൊടുക്കണം. എന്റെ അഭിപ്രായത്തിൽ അതിനുവേണ്ടി നിയമനിർമ്മാണം ഉണ്ടാക്കിക്കൊണ്ട് ഇത്തരം പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. കേരളത്തെ മൊത്തത്തിൽ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്റർ ആക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. വിദേശ സഞ്ചാരികളുടെ എണ്ണത്തിലല്ല കാര്യം. വിദേശ സഞ്ചാരികളുടെ എണ്ണം ഒരുപാട് കൂടും. കേരളം എന്നു പറയുന്നത് ഏറ്റവും ചീപ്പസ്റ്റ് ഡെസ്റ്റിനേഷൻ പോയിന്റ് എന്നുള്ള നിലയിൽ നമ്മൾ ഇതിനെ കാണണം. മലയോര മേഖലയിൽ നടപ്പിലാക്കുന്ന ഇക്കോ ടൂറിസത്തിന് വളരെ പ്രാധാന്യം കൊടുക്കണം. ഇക്കോ ടൂറിസം രംഗത്ത് തെൻമല പോലെയുള്ള പ്രദേശത്ത് പദ്ധതികൾ ആസൂത്രണം ചെയ്തതുവഴി ദേശീയമായും അന്തർദേശീയമായും കേരളത്തിൽ വിനോദസഞ്ചാര വകുപ്പിന് നിരവധി പുരസ്കാരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 2003-ൽ ഇൻഡ്യാ ഗവൺമെന്റിൽനിന്ന് മോസ്റ്റ് ഇക്കോ ഫ്രണ്ട്ലി ഡെസ്റ്റിനേഷൻ അവാർഡ് തെൻമല ഇക്കോ ടൂറിസം പദ്ധതിക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കോന്നിയിൽ ആരംഭിക്കാൻ പോകുന്ന ഇക്കോ ടൂറിസം പദ്ധതി വളരെ വേഗത്തിൽ നടപ്പിലാക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പ്ളാനും പദ്ധതിയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളതുകൊണ്ട് എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. തെൻമല. അച്ചൻകോവിൽ, കോന്നി തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി കോന്നി കൂടി ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ നമ്മൾ പിൽഗ്രിം ടൂറിസത്തിന് പ്രാധാന്യം കൊടുക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ശബരിമല ഒരു പ്രധാനപ്പെട്ട പിൽഗ്രിം കേന്ദ്രമാണ്. ശബരിമലയിൽ ഓരോ വർഷവും കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങി മറ്റ് സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേരുന്ന ഭക്തജനങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. പത്തനംതിട്ട ജില്ലയിൽ ശബരിമല മാത്രമല്ല, മാരാമൺ കൺവെൻഷൻ, പരുമല പള്ളി, മഞ്ഞണിക്കര, മുസ്ലീം ദേവാലയങ്ങൾ, ചന്ദനപ്പള്ളിയിലെ വലിയപള്ളി പെരുനാൾ, മലയാലപ്പുഴ ദേവീക്ഷേത്രം, തുടങ്ങിയ നിരവധി പിൽഗ്രിം സെന്ററുകൾ തെരഞ്ഞെടുത്തുകൊണ്ട് ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റുകളാക്കി വളർത്തിക്കൊണ്ട് ഈ പ്രദേശങ്ങളിൽ ഭാവിയിൽ വികസന പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പിൽഗ്രിം ടൂറിസത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് മുൻ മന്ത്രി ശ്രീ. കെ. വി. തോമസും വനം വകുപ്പുമന്ത്രിയും കൂട്ടായി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. പിൽഗ്രിം ടൂറിസം സെന്ററുമായി ബന്ധപ്പെടുത്തി അച്ചൻകോവിൽ കോന്നി റോഡ് പണി പൂർത്തിയാക്കാൻവേണ്ടിയുള്ള തീരുമാനങ്ങളെടുക്കുകയും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി വേഗതയിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ ടൂറിസം വകുപ്പും വനം വകുപ്പുമായി കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. കോ-ഓർഡിനേഷൻ എന്ന് പറയുന്നത് ഒന്നോ രണ്ടോ മാസത്തിലൊരിക്കലെങ്കിലും ടൂറിസം വകുപ്പുമന്ത്രിയും ഫോറസ്റ്റ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ ഒത്തു ചേർന്നുകൊണ്ട് ഇക്കോ ടൂറിസം പദ്ധതി കേരളത്തിൽ വ്യാപിപ്പിക്കുന്നതിനുവേണ്ടി അതുവഴി കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ പുരോഗതി ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ കാര്യം ഇവിടെ സൂചിപ്പിക്കുന്നത്. കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് ശാരീരികമായ ഊർജ്ജസ്വലതയും മാനസികവും സാംസ്ക്കാരികവുമായ സന്തുഷ്ടതയും ആത്മീയമായ ഉണർവ്വും കേരളത്തിനു നൽകാൻ കഴിയുമെന്ന അനുഭവം ഉണ്ടാക്കിയെടുക്കുന്നതിന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. അതിന് ആവശ്യമായ നടപടി സ്വീകരിക്കണം എന്ന് പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

11.00 am.]

ശ്രീ. എൻ. രാജൻ : സർ, ഈ ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ ഡിമാന്റ് ചർച്ചാവേളയിൽ കംപ്യൂട്ടർ പരിശീലനം നടത്തിയതിൽ 8.96 കോടി രൂപയുടെ തിരിമറി നടത്തി എന്നെ ആക്ഷേപം വന്നപ്പോൾ വിജിലൻസ് അന്വേഷണം നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഒരു വർഷം പിന്നിട്ടിട്ടും അതിനെ സംബന്ധിച്ച് ഒരു അന്വേഷണവും റിപ്പോർട്ടും ഇതുവരെ

പുറത്തു വന്നില്ല. വീണ്ടും ഈ വകുപ്പിൽ അതേപോലുള്ള വമ്പിച്ച അഴിമതികളും ധൂർത്തും തിരിമറിയും നടന്നുകൊണ്ടിരിക്കുകയാണ്. 100% കേന്ദ്രസഹായം കിട്ടുന്ന Special Component Plan, Tribal Sub-plan, Special Central Assistance തുടങ്ങിയ പദ്ധതികൾക്ക് കോടിക്കണക്കിന് രൂപ കേന്ദ്രത്തിൽനിന്നു കിട്ടുന്നുണ്ട്. ഈ കോടിക്കണക്കിന് രൂപ ഡിപ്പാർട്ടുമെന്റ് തലത്തിൽ തിരിമറി നടത്തുന്നു എന്ന് ആക്ഷേപം ഞാൻ ഉന്നയിക്കുകയാണ്. അതിന്റെ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഡ്രൈവിംഗ് പരിശീലനത്തിൽ 51,11,490 രൂപ പരിശീലനം നടത്തി എന്ന് പറഞ്ഞ് ചെലവഴിച്ചു. ഞാൻ ഒരു അന്വേഷണം നടത്തി. ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് പഠിപ്പിച്ചതെന്ന് അറിയില്ല. ജില്ലയിൽ എത്ര കുട്ടികളെ പഠിപ്പിച്ചു എന്ന് അറിയില്ല. ഓരോ ജില്ലയിലും എത്ര പേരെ പരിശീലിപ്പിച്ചു എന്നുള്ള ചോദ്യങ്ങൾക്കുപോലും മറുപടിയില്ല. ഈ 51,11,490 രൂപയും ഉദ്യോഗസ്ഥ തലത്തിൽ അഴിമതി നടത്തി എന്ന് ഞാൻ ആക്ഷേപിക്കുന്നു. ഇതിൽ മന്ത്രിക്കും പങ്കുണ്ടെന്ന് ഞാൻ പറയുന്നു. അതുപോലെ കഴിഞ്ഞ സാമ്പത്തിക വർഷം 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് റാങ്ക് ഫയൽ ഏർപ്പെടുത്തിക്കൊടുത്തു. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങൾ അദ്ധ്യയന വർഷത്തിലെ അവസാന ഭാഗങ്ങളാണ്. 30,000 റാങ്ക് ഫയൽ അച്ചടിച്ച് വിതരണം നടത്തി എന്നാണ് പറയുന്നത്. റാങ്ക് ഫയൽ അച്ചടിക്കുന്നതിനുള്ള ക്വട്ടേഷൻ നടപടികളൊക്കെ പൂർത്തിയാക്കി. വെറും രണ്ടേരണ്ട് ദിവസം കൊണ്ട് പട്ടത്തുള്ള ഐ.യു.ടി പബ്ലിക്കേഷൻ എന്ന ഒരു സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചു. അതിന് 69,22,032 രൂപ അവർക്ക് കൊടുത്തു. ഒരു ടെക്സ്റ്റിന് 350 രൂപയാണ്. അദ്ധ്യയന വർഷത്തിന്റെ അവസാന നാളുകളിലാണ് ഇത് എത്തിക്കുന്നത്! 30,000 ബുക്ക് അച്ചടിച്ചു എന്നാണ് പറയുന്നത്. 30,000 കുട്ടികളൊന്നുമല്ല ഈ സംസ്ഥാനത്തു പട്ടികജാതി പട്ടികവർഗ്ഗത്തിൽനിന്ന് 10-ാം ക്ലാസിൽ പഠിക്കുന്നത്. പങ്കെടുത്ത ക്വട്ടേഷനുകൾ പരിശോധിച്ച് ഹൈക്കോടതി പറഞ്ഞിരിക്കുന്നത് "ഇതിൽ സാമ്പത്തിക തിരിമറി കണ്ടെത്തിയിരിക്കുന്നു, പട്ടത്തുള്ള ഐ.യു.റ്റി പബ്ലിക്കേഷനെ ഈ പുസ്തകം അച്ചടിച്ചുവിതരണം ചെയ്യാൻ ചുമതലപ്പെടുത്തരുത്" എന്നാണ്. ഏറ്റവും കുറവ് കോട്ട് ചെയ്തത് വി പബ്ലിഷേഴ്സ് എന്ന സ്ഥാപനമാണ്. അവർക്കു കൊടുക്കണമെന്ന് ഹൈക്കോടതി വരെ നിർദ്ദേശിച്ചതാണ്. അതിനെ സംബന്ധിച്ച് ഒരു അന്വേഷണവുമില്ല. അതുപോലെ വയനാട് ട്രൈബൽ ഏരിയായിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി (ഗിരിധാര പദ്ധതി)..... The implementation of the scheme was to be entrusted to the Kerala Rural Water Supply Agency who have backed out and hence an alternative agency had to be found out. The Executive Director, Socio Economic Unit Foundation had in his letter read above..... എസ്.ഇ.യു.എഫ്. (സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ) എന്ന എൻ.ജി.ഒ.-യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരു കത്ത് എഴുതി. എക്സിക്യൂട്ടീവ് ഡയറക്ടർ ആരായിരുന്നു? ഇതേ വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറിയായിരുന്ന മി. ജെയിംസ് വർഗ്ഗീസാണ്. അഞ്ച് വർഷം ഈ എൻ.ജി.ഒ. സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഗവൺമെന്റ് അതിന് എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തു. ഇതിലും വളരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രസകരമായ ഒരു കാര്യമുണ്ട്. ജി.ഒ.(ആർടി.) നം. 5/2004/എസ്.സി/ എസ്.ടി/ഡി.ഡി. തിരുവനന്തപുരം, തീയതി 1-1-2004 എന്ന ഉത്തരവിൻ പ്രകാരം സ്പെഷ്യൽ സെൻട്രൽ അസിസ്റ്റന്റ്സ് 7 കോടി രൂപ 2002-2003 വർഷത്തിൽ ഈ ആവശ്യത്തിലേയ്ക്ക് കൊടുത്തു. എക്സിക്യൂട്ടീവ് ഡയറക്ടറുടെ ലറ്റർ തീയതി 14-1-2003. 2003 ജൂൺ മാസം ആകുമ്പോൾ ആ ഒരു വർഷം തീരും. 2002-03-ലേയ്ക്കുവേണ്ടി ഏഴുകോടി രൂപ കൊടുത്തു. അതോടൊപ്പം തന്നെ 19-6-2003-ൽ ഒരു ലറ്ററിന്റെ അടിസ്ഥാനത്തിൽ 5.5 കോടി രൂപ ഈ എൻ.ജി.ഒ. എന്ന സ്ഥാപനത്തിന് കൊടുത്തു. വയനാട് ഐ.ടി.ഡി.പി ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ 5½ കോടി രൂപയുടെ എ.എസും വന്നു. അതിന്റെ ഫണ്ടും അവിടെ എത്തിയിട്ടുണ്ട്. മുൻ വർഷത്തിൽ കൊടുത്ത 7 കോടി രൂപയുടെ പ്രോജക്ടുകളെ സംബന്ധിച്ച് അവർക്ക് അറിയില്ല. അവർ എന്നോട് പറഞ്ഞത് കാസർഗോഡ് ഐ.ടി.ഡി.പി.-യിൽ ഇത് നടപ്പിലാക്കുന്നു, അവിടെ അന്വേഷിക്കണം എന്നാണ്. കാസർഗോഡ് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞത് കാസർഗോഡ് ഇതിനെ സംബന്ധിച്ച് ഒരു വിവരവുമില്ല വയനാട്ടിലാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത് എന്നാണ്. 2 വർഷം മുൻപ് നടപ്പിലാക്കേണ്ടിയിരുന്ന ആ പദ്ധതിയുടെ 7 കോടി രൂപ എവിടെയാണെന്ന് ഡിപ്പാർട്ടുമെന്റ് തലത്തിൽ അറിയില്ല. ആ ഡയറക്ടർക്ക് അറിയില്ല. വയനാടിലെ ഐ.ടി.ഡി.പി ഉദ്യോഗസ്ഥൻമാർക്ക് അറിയില്ല. അതിനെക്കുറിച്ച് അന്വേഷണം നടത്തണം. അതുപോലെ കംപ്യൂട്ടർ പരിശീലനത്തിനും ഡ്രൈവിംഗ് പരിശീലനത്തിനും എൻ.ജി.ഒ. സംഘടനയ്ക്ക് സാമ്പത്തിക സഹായം ചെയ്തു കൊടുക്കുന്ന ഉത്തരവ് ഇറക്കിയിരിക്കുന്നത് അഡീഷണൽ സെക്രട്ടറി ടു ഗവൺമെന്റ് ശ്രീമതി എഡീനാ ലോപ്പസ് ആണ്. വളരെ രസകരമായ കാര്യം. ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ എന്ന് പറയുമ്പോലെ കഴിഞ്ഞ 30-6-2004-ൽ ശ്രീമതി എഡീനാ ലോപ്പസ് സർവ്വീസിൽ നിന്നും വിരമിച്ചു. 55 വയസ് കഴിഞ്ഞ ആ ഉദ്യോഗസ്ഥയ്ക്ക് 1-7-2004 മുതൽ ഒരു ദിവസം പോലും വീട്ടിൽ വിശ്രമിക്കാൻ കഴിഞ്ഞിട്ടില്ല. 1-7-2004 മുതൽ ഇതിന്റെ സ്പെഷ്യൽ ഓഫീസറായിട്ട് മന്ത്രി അവരെ നിയമിക്കുകയുണ്ടായി. കേന്ദ്രസഹായമായി ലഭിക്കുന്ന കോടിക്കണക്കിന് രൂപയെപ്പറ്റി കഴിഞ്ഞ സമ്മേളനത്തിലും ആരോപണം വന്നതാണ്. വിനോബാ നികേതൻ ട്രൈബൽ ഗേൾസ് ഹോസ്റ്റൽ, തിരുവനന്തപുരം എന്ന ഒരു സ്ഥാപനം എൻ.ജി.ഒ. സ്ഥാപനമാണ്. എൻ.ജി.ഒ. സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് കൊടുക്കുവാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഇവിടത്തെ പട്ടികജാതിക്കാരായ ആദിവാസികൾ കിടപ്പാടം ഇല്ലാതെ വിഷമിക്കുന്നു.

സർ, ഈ എൻ.ജി.ഒ. സ്ഥാപനങ്ങൾക്ക് കൊടുക്കാൻ ആഗ്രഹിക്കുന്നു. 150 കുട്ടികൾ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നു.....

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): നോ. നോ, നിങ്ങളുടെ സമയം കഴിഞ്ഞു,

ശ്രീ. എൻ. രാജൻ: 150 കുട്ടികൾ ഹോസ്റ്ററലിൽ താമസിച്ച് പഠിക്കുന്ന വിനോബാ നികേതനിൽ.....

ശ്രീ. അടൂർ പ്രകാശ്: .....

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): നോ, നോ, അതിന് പേഴ്സണൽ എക്സ്പ്ലനേഷന് എഴുതി തരണം. എഴുതി തന്നാൽ മതി.

ശ്രീ. എൻ. രാജൻ: വിനോബാ നികേതൻ ട്രൈബൽ ഗേൾസ് ഹോസ്റ്റൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 28 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞിരിക്കുകയാണ്. അവർക്ക് ബിൽഡിംഗ് പണിയണം, ഫർണീച്ചർ വാങ്ങണം, ആഡിറ്റോറിയം പണിയണം, കുട്ടികൾക്ക് ഭക്ഷണം കൊടുക്കാനല്ല ഈ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നത്. ആ ഒരു സ്വകാര്യ സ്ഥാപനം, (എൻ.ജി.ഒ. സ്ഥാപനം) മോടിപിടിപ്പിക്കുന്നതിനാണ്. ഇങ്ങനെ നോൺ ഗവൺമെന്റൽ സ്ഥാപനങ്ങൾക്കൊക്കെ സഹായം കൊടുക്കുന്ന മന്ത്രിയും അതിനേക്കാൾ ഉപരി ഡിപ്പാർട്ടുമെന്റ് തലത്തിൽ ഒരു സ്റ്റേറ്റ് ലെവൽ വർക്കിംഗ് കമ്മിറ്റിയും! ആ സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം കൊടുക്കാൻ താൽപ്പര്യം കാണിക്കുന്നു. മന്ത്രി അതിന് താൽപ്പര്യം കാണിക്കുന്നു. ആ ഉദ്യോഗസ്ഥൻമാരെയൊക്കെ മന്ത്രി, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് ഉപകാര സ്മരണപോലെ റിട്ടയർ ചെയ്തിട്ടുപോലും ഡിപ്പാർട്ടുമെന്റ് തലത്തിൽ ഇരുത്തുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്.....

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): ശ്രീ. നാരായണക്കുറുപ്പ്.....

ശ്രീ. എൻ. രാജൻ: ഇത്രയും പറഞ്ഞുകൊണ്ട് ഈ ഡിമാന്റിനെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): ബഹുമാനപ്പെട്ട അംഗങ്ങൾ സമയം പാലിക്കണം. ഉച്ചയാകുമ്പോൾ എല്ലാപേരും സമയം അധികമായി എന്ന് പറഞ്ഞ് ബഹളമാണ്. എല്ലാപേരും അംഗീകരിക്കണം.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഞാൻ അക്ഷരത്തെറ്റുമുതൽ തുടങ്ങുകയാണ്. അക്ഷരം എന്നുപറയുമ്പോൾ 'അച്ചടി' കേരളത്തിൽ അച്ചടി തുടങ്ങിയിട്ട് വർഷങ്ങൾ എത്രയായി, 437 വർഷമായി. അതിന്റെ 400-ാം വർഷം ആഘോഷിച്ചത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു പ്രസ്, (വാഴൂർ പ്രസ്) സ്ഥാപിച്ചുകൊണ്ടാണ്. സർ, നമ്മുടെ നാട്ടിൽ ഈ പ്രസുകളൊക്കെ സ്ഥാപിച്ചാലും മതിയാകുകയില്ല എന്നാണ് ഈ അടുത്ത് കാലത്ത് നടന്ന സംഭവങ്ങൾ വ്യക്തമാക്കുന്നത്. നമുക്ക് ആവശ്യമുള്ള സാധനങ്ങൾ അച്ചടിക്കാൻ പ്രൈവറ്റ് മേഖലയിൽ സഹായം തേടേണ്ടിയിരിക്കുന്നു. അവിടെ പരാതിയുണ്ടാകുന്നു. അതുകൊണ്ട് കഴിവതും എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും പുതിയ പ്രസുകൾ സ്ഥാപിക്കാനുള്ള ഏർപ്പാടുകളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നു മാത്രമേ പറയുന്നുള്ളൂ. അതുപോലെതന്നെ അച്ചടിയിൽ ധാരാളം പിശകുകൾ ഉണ്ടെന്നു പറയുന്നു. അച്ചടിപ്പിശകല്ല. ആളുകളെ പരിചയപ്പെടുത്താൻ വേണ്ടിയെങ്കിലും എല്ലാ ജില്ലകളിലും ഓരോ പ്രസ് സ്ഥാപിക്കുന്നത് പലതുകൊണ്ടും നല്ലതാണ്. ഞാൻ പ്രസിനെപ്പറ്റിയും അച്ചടിയെപ്പറ്റിയും അതിൽ കൂടുതൽ ഒന്നും പറയുന്നില്ല. മറ്റൊരാൾ ചെയ്യുന്ന പ്രവർത്തനത്തെ കുറ്റം പറയാൻ ഈ വേദി നാം ധാരാളം ഉപയോഗിക്കുന്നുണ്ട്. അച്ചടിയിലെ കുറ്റവും അച്ചടി കൊണ്ടുള്ള കുറ്റവുമൊക്കെയായിരുന്നു രണ്ടു മൂന്നു ദിവസത്തിനുമുൻപ് ഇവിടെ ചർച്ചയായത്. ഞാൻ അതിനെപ്പറ്റിയൊന്നും പറയുന്നില്ല. പറയാനുദ്ദേശിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗത്തെപ്പറ്റിയാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തെപ്പറ്റി എല്ലാപേരും സംസാരിക്കാറുണ്ട്. അവർക്ക് ഈ രാജ്യത്ത് കിട്ടിയ അനുഭവങ്ങൾ അത്രയേറെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടോയെന്ന് എനിക്ക് ഇപ്പോഴും സംശയമാണ്. പക്ഷെ അനുഭവങ്ങൾ കൊടുത്താലും അത് അവരുടെ കയ്യിൽ കിട്ടുന്നുണ്ടോ എന്നുള്ളത് മറ്റൊരു പ്രശ്നമാണ്. ഭൂമി, ഇല്ലാത്തവർക്കെല്ലാം ഭൂമി കൊടുക്കണമെന്നുള്ള തീരുമാനം ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഭൂമി കിട്ടിക്കഴിഞ്ഞാൽ, അതിൽ അവർക്ക് ജോലിയെടുക്കാൻ കഴിഞ്ഞാൽ, ഒരുപക്ഷേ ഇന്നുള്ള സ്ഥിതി മാറ്റാൻ കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയതുതന്നെ സാമുദായിക-സാമൂഹ്യ-വിദ്യാഭ്യാസ രംഗങ്ങളിലെ ഉയർച്ചയ്ക്കുവേണ്ടിയിട്ടാണ്. അതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ചെയ്തിട്ടുള്ള കാര്യങ്ങൾ ഒരു ശതമാനം പോലും അവർക്ക് അനുഭവിക്കത്തക്ക രീതിയിൽ ആയിട്ടുണ്ടോയെന്ന് അറിഞ്ഞുകൂടാ. കൊടുത്തതിന്റെ തെറ്റല്ല. അനുഭവിക്കുന്നതിന്റെ തെറ്റല്ല. പിന്നെന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇന്ന് അവശ സമുദായങ്ങളിലെ കുട്ടികൾക്ക് പഠിക്കാൻവേണ്ടി ഒരുപാട് ഒത്താശയും സഹകരണങ്ങളും നമ്മൾ ചെയ്തുകൊടുക്കുന്നുണ്ട്. .അതെല്ലാം വേണ്ട വിധത്തിൽ ഉപയോഗപ്പെട്ടിട്ടുണ്ടോയെന്നുള്ളതിനെപ്പറ്റി പരിശോധിക്കാൻ ആരും തയ്യാറാകുന്നില്ല.എല്ലാ കോളേജുകളിലും എല്ലാ ഡിപ്പാർട്ടുമെന്റുകളിലും അവർക്ക് റിസർവേഷൻ കൊടുക്കുന്നു. സംവരണം കൊടുക്കുന്നു എന്നു പറഞ്ഞതുകൊണ്ട് പാവപ്പെട്ടവന് ആവശ്യമുള്ളതെല്ലാം കിട്ടിയെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് ഈ സംവരണ സംവിധാനത്തിൽ വന്നിട്ടുള്ള പിശകുകൾ അതിലെല്ലാം വന്നിട്ടുള്ള കുറവുകൾ എന്താണെന്ന് പരിശോധിക്കണം; എല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ടോ എന്ന് ഒരിക്കൽക്കൂടി പരിശോധിക്കുന്നത് നന്നായിരിക്കും എന്നാണ് എന്റെ വിശ്വാസം. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ ശ്രദ്ധ നമ്മൾ ചെലുത്തിയത് അവരുടെ സാമ്പത്തികമായ കാര്യത്തേക്കാൾ വിദ്യാഭ്യാസപരമായിട്ടുള്ള കാര്യങ്ങൾക്കാണ്. വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ട് മറ്റുള്ള ആളുകളുമായി ഈ സമൂഹത്തിൽ ഉയർന്നുനിൽക്കാൻ അവർക്ക് കഴിയാത്തതുകൊണ്ട് അവരെ വിദ്യാഭ്യാസപരമായി ഉയർത്തണമെന്ന ലക്ഷ്യത്തോടുകൂടിയിട്ടാണ് ഈ ആനുകൂല്യങ്ങളും സംവരണങ്ങളുമെല്ലാം (സർക്കാരിന്റേതു മാത്രമല്ല, പ്രൈവറ്റ് മേഖലയിൽപ്പോലും) കൊടുത്തത്. ഈ അടുത്ത കാലത്ത് പ്ലസ് ടുവിൽ പോലും അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നു. ആനുകൂല്യങ്ങളെല്ലാം കിട്ടി വിദ്യാഭ്യാസം ലഭിച്ചുകഴിഞ്ഞാൽ മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ അവർക്ക് ഉയർന്ന് നിൽക്കാൻ കഴിയുമെന്ന് വിചാരിച്ചുകൊണ്ടാണ് ഏറ്റവും കൂടുതൽ ശ്രദ്ധ ആ ഭാഗത്തു കൊടുക്കുന്നത്. മറ്റൊരു കാര്യം പറയാനുള്ളത് ടൂറിസത്തെപ്പറ്റിയാണ്. മനോഹരമായ നാടാണ് കേരളം, പഴയ ആളുകൾ അതേപ്പറ്റി ചിന്തിക്കാറുണ്ട്. ഈ മനോഹരമായ നാട് മൊത്തത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ലോകത്തിന്റെ ടൂറിസ്റ്റ് കേന്ദ്രമാണ് കേരളം. കേരളത്തിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ധാരാളം പ്രദേശങ്ങളുണ്ട്. സ്വർണ്ണത്തെപോലെ പൊന്നുപോലെ, തങ്കംപോലെ, ഈ സുന്ദരമായ കേരളത്തിൽ ഒട്ടനവധി സുന്ദരമായ പ്രദേശങ്ങളുണ്ട്. ആ കേന്ദ്രങ്ങളെല്ലാം വളരെ മനോഹരമായി സൂക്ഷിച്ചാൽ ലോകത്ത് മറ്റുള്ളതിനേക്കാൾ.....പറയാനുള്ളത് പറയും, കേൾക്കാനുള്ളവർ കേട്ടുകൊള്ളും, അതേപ്പറ്റി നിങ്ങളാരും ബുദ്ധിമുട്ടേണ്ട കാര്യമില്ല, കേട്ടിട്ടും പ്രയോജനമില്ലല്ലോ. കഴിഞ്ഞ കുറേ കാലമായി കണ്ടതല്ലെ ഇതെല്ലാം. അതുകൊണ്ടൊന്നും പ്രയോജനമുണ്ടായിട്ടില്ല. ധാരാളം കായലോരങ്ങൾ, കടലോരങ്ങൾ, നദികൾ, തടാകങ്ങൾ, വെള്ളച്ചാട്ടങ്ങൾ, എല്ലാം ഉള്ള നാടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നാട് മൊത്തത്തിൽതന്നെ ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. തെരഞ്ഞെടുക്കപ്പെട്ട ചില വിനോദ കേന്ദ്രങ്ങൾക്ക് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് വിദേശികളെ ആകർഷിക്കുന്നുണ്ട്. അതിൽ നിന്നുള്ള വരവ് മറ്റുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കിട്ടുന്ന വരവിനേക്കാൾ കൂടുതലാണ്. ഇങ്ങനെ നല്ലൊരു സംസ്ഥാനം, ആളുകൾ മോശമാണോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും മണ്ണ് നല്ലത്, രാജ്യം നല്ലത്. എല്ലാം നല്ലത്.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്, അങ്ങ് ഈ സഭയ്ക്കുതന്നെ മാതൃകയാകേണ്ട ആളാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഞാൻ എല്ലാത്തിനും മാതൃകയാണ്.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): ഞാൻ പറഞ്ഞത് കേരളത്തിന്റെ സൗന്ദര്യത്തെപ്പറ്റിയും ആകർഷണീയതയെപ്പറ്റിയുമാണ്. പ്രകൃതി കൊടുക്കേണ്ടതെല്ലാം കൊടുത്തിട്ടുണ്ട്. നമ്മുടെ കൈകൾ കൊണ്ടുള്ള വികൃതി, അതുകൊണ്ടുള്ളതെറ്റ് മാത്രമേ ഈ രാജ്യത്തിന് ഉണ്ടായിട്ടുള്ളൂ.

ശ്രീമതി പി. കെ. ശ്രീമതി ടിച്ചർ: അങ്ങ് കേരളത്തിന്റെ മനോഹാരിതയെ സംബന്ധിച്ചും ടൂറിസ്റ്റുകൾ ധാരാളം വരുന്നതിനെ സംബന്ധിച്ചും പറഞ്ഞു, അത് ഉപയോഗപ്പെടുത്തണമെന്നും പറഞ്ഞു. പക്ഷെ അടുത്ത കാലത്തായി ഈ അതിസുന്ദരമായ കേരളത്തിന്റെ പ്രകൃതി ഭംഗി ആസ്വദിക്കാൻവേണ്ടി വരുന്ന പല വിദേശ വനിതകളും കേരളത്തിൽ വരുന്നതിന് ഭയക്കുകയാണ് എന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പണ്ട് മഹാനായ ഒരു മനുഷ്യൻ ഇവിടെ പറഞ്ഞു, ചായകുടി പോലെയാണെന്ന്.....പോകട്ടെ, ഞാൻ ആവക കാര്യങ്ങളിലേക്ക് കടക്കുന്നില്ല. സർ, ടൂറിസം രംഗത്ത് പണം ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ നമുക്ക് ഈ വകുപ്പിനെ മറ്റുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളേക്കാൾ കൂടുതൽ ആദായകരമായ ഒരു ഡിപ്പാർട്ടുമെന്റാക്കി മാറ്റാവുന്നതാണ്. സൗന്ദര്യാരാധകൻമാരായിട്ടുള്ള ആളുകൾ തിങ്ങിപ്പാർക്കുന്നതാണ് ഈ ലോകം മുഴുവൻ. അവരെല്ലാം ഓടി, ആർത്തിരമ്പി, വരുന്നത് ഈ കേരളത്തിലേക്കാണ്. എന്തിനാണ്? ഇവിടത്തെ കാറ്റേൽക്കാനും ഇവിടത്തെ സൗന്ദര്യം കാണാനും, ഇവിടുത്തെ ആളുകളുമായിട്ടുള്ള സ്നേഹം സമ്പാദിക്കാനുമാണ്. അതിന് നമ്മൾ തയ്യാറാണോയെന്ന് ആലോചിച്ചാൽ മാത്രം മതി. ആ ഒരു കാര്യം ഒഴിച്ചാൽ മറ്റ് എല്ലാ കാര്യത്തിലും ഈ ടൂറിസം ഡിപ്പാർട്ടുമെന്റ് ലോകത്ത് ഒന്നാമതാണ്, ലോകത്ത് ഒന്നാമതു കിട്ടുന്ന ഈ സ്ഥാനം നഷ്ടപ്പെടാതിരിക്കാൻവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. മറ്റൊരു കാര്യം.....

മി. ചെയർമാൻ: നോ, നോ, വളരെ സമയമായി, പ്ലീസ്, അങ്ങയുടെ മൈക്ക് ഓഫ് ചെയ്യേണ്ടിവരുന്നതിൽ എനിക്ക് ഖേദമുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: അടുത്തുള്ള പല പ്രദേശങ്ങളും ടൂറിസത്തിന് ഉതകുന്നതാണ്. എങ്കിൽത്തന്നെയും സൗന്ദര്യം ആസ്വദിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. സർ, പാലരുവി നമ്മുടെ തൊട്ടടുത്തുണ്ട്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, വിനോദ സഞ്ചാര വികസനത്തിന്റെ മുഖ്യ കേന്ദ്രമായി കേരളം ഇപ്പോൾ മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയങ്കരമായ നാടായി നമ്മുടെ കേരളം. മറുഷ്യൻ ജീവിതകാലത്ത് ഒരിക്കലെങ്കിലും കണ്ടിരിക്കേണ്ട നാടുകളിൽ ഒന്നായി, പത്ത് പറുദീസകളിൽ ഒന്നായി, കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. 2003-ൽ ടൂറിസം രംഗത്തുനിന്നുള്ള വരുമാനം 5,938 കോടി രൂപയായി. 2003-ൽ ടൂറിസം വഴിയുള്ള വിദേശ നാണ്യം 983 കോടി രൂപയായി വർദ്ധിച്ചു. 2013-ആകുമ്പോൾ 22 ലക്ഷം ആളുകൾക്ക് തൊഴിൽ കിട്ടുന്ന മേഖലയായി ടൂറിസം മേഖല മാറാൻ പോകുന്നു. ഇത്രയും വലിയ പുരോഗതി കേരള സംസ്ഥാനത്ത് നടക്കുമ്പോൾ, ടൂറിസം മേഖലയിൽ ഇത്രയും വലിയ മുന്നേറ്റം നടക്കുമ്പോൾ, വരുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ നമുക്ക് കഴിയുന്നില്ല. ഇന്ന് നമ്മുടെ മസ്ക്കറ്റ് പഞ്ചനക്ഷത്ര ഹോട്ടൽ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. കേരളത്തിന് അഭിമാനമായി അത് മാറുകയാണ് എന്നു പറയുമ്പോൾ തന്നെ ആലപ്പുഴയെപോലുള്ള സ്ഥലങ്ങളിൽ, ഉൾനാടൻ ടൂറിസത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഡെസ്റ്റിനേഷൻ പോയിന്റായിട്ടുള്ള ആലപ്പുഴയിൽ, എത്തുന്ന വിനോദ സഞ്ചാരികൾക്ക് അവർ വരുന്ന വാഹനത്തിൽനിന്ന് ഹൗസ് ബോട്ടിലേയ്ക്കോ മറ്റ് ബോട്ടിലേയ്ക്കോ കയറി ഇറങ്ങുവാനുള്ള സൗകര്യം പോലും ഇല്ല. വൃത്തികേടുകൾ നിറഞ്ഞിട്ടുള്ള ഒരു സ്ഥലത്തുവന്നു ഇറങ്ങി പോകേണ്ട ഗതികേടാണ് ഇപ്പോഴും ടൂറിസ്റ്റുകൾക്ക്. അക്കാര്യത്തിൽ കാര്യമായ മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകണം. ഇവിടെ ശ്രീ. രാജു എബ്രഹാം പാതിരാമണലിനെ സംബന്ധിച്ചു പറഞ്ഞു. കുരുടൻ ആനയെ കണ്ടതുപോലെയാണ് പാതിരാമണലിനെപ്പറ്റി പറയുന്നത്. എന്താണ് പാതിരാമണൽ? പാതിരാമണൽ 40 കുടുംബങ്ങൾ വീട് കെട്ടി പാർത്തിരുന്ന സ്ഥലമാണ്. അവിടെ ആളുകൾ കൃഷി ചെയ്തിരുന്നു. നമ്മുടെ പഴയ ഉപരാഷ്ട്രപതി ശങ്കർദയാൽ ശർമ്മ വന്ന് അത് ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശ്രീ. കെ. കെ. ഷാജു പാതിരാമണലിനെക്കുറിച്ച് സംസാരിച്ചതുകൊണ്ട് ഒരു കാര്യം ചോദിക്കുകയാണ്. ഈ പാതിരാമണൽ പദ്ധതിക്കുവേണ്ടി ഓബ്റോയ് ഗ്രൂപ്പുമായി ധാരണയിൽ ഏർപ്പെട്ടത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്ന് ശ്രീ. ഷാജുവിന് അറിയാമോ?

ശ്രീ. കെ. കെ. ഷാജു : സർ, പാതിരാമണൽ പദ്ധതിക്കുവേണ്ടി ഓബ്റോയ് ഗ്രൂപ്പുമായി ധാരണയുണ്ടാക്കിയത് ശ്രീ. ചന്ദ്രശേഖരൻ നായർ ടൂറിസം വകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ്. അന്ന് അതുസംബന്ധിച്ച് ഒരു എതിർപ്പും ഉണ്ടായിരുന്നില്ല. ഇന്നിപ്പോൾ സമരം നടക്കുകയാണ്. പാതിരാമണൽ അപൂർവ്വ പക്ഷി സങ്കേതമായി മാറിയെന്നാണ് ശ്രീ. രാജു എബ്രഹാം പറയുന്നത്. 40 വീട്ടുകാർ കുടിൽകെട്ടി താമസിച്ച് കൃഷിചെയ്തിരുന്ന ഭൂമിയാണ്. ഉപരാഷ്ട്രപതിയായിരുന്ന ശങ്കർദയാൽ ശർമ്മ അവിടെ വന്ന് പുതിയ വിനോദ സഞ്ചാര കേന്ദ്രത്തിന് തറക്കല്ലിട്ടതോടുകൂടിയാണ് അതുമായി ബന്ധപ്പെട്ട് അവിടെ താമസിച്ചിരുന്ന ആളുകളെ മാറ്റി പാർപ്പിച്ച് അവിടം വിനോദ വിശ്രമ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിച്ചത്. ഇപ്പോൾ അപൂർവ്വ സസ്യങ്ങളുടെയും പക്ഷിമൃഗാദി

കളുടെയും അപൂർവ്വ ജനുസുകളൊക്കെ ഉണ്ടെന്നു പറഞ്ഞ് അവിടെ വരാൻ പോകുന്ന വലിയ ടൂറിസം പദ്ധതിയെ തുരങ്കം വയ്ക്കുകയാണ്. അതുപോലെ തന്നെ ഡി.ടി.പി.സി.-യുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപയിൽ കവിയാത്ത് ഏതു പുതിയ പദ്ധതിക്കും അംഗീകാരം കൊടുക്കുമെന്നുള്ള ടൂറിസം മന്ത്രിയുടെ പ്രഖ്യാപനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 100 ഏക്കർ വിസ്തൃതിയിലുള്ള ഒരു ശുദ്ധജല തടാകമുണ്ട്. വൈയ്യാങ്കര. ഈ ഗവൺമെന്റ് വന്നനാൾ മുതൽ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യമാണ്. 100 ഏക്കറുള്ള ഒരു ശുദ്ധജല തടാകമാണ്. അനന്തമായ ടൂറിസം വികസന സാധ്യതകളുള്ള അവിടെ ഒരു ടൂറിസം പദ്ധതി നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പട്ടികജാതി-പട്ടിക വർഗ്ഗത്തെ സംബന്ധിച്ച് പറയുമ്പോൾ ആകെ പദ്ധതി വിഹിതത്തിൽ 433 കോടി രൂപ വിനിയോഗിക്കുകയാണ്; അതിൽത്തന്നെ ലോക്കൽ അഡ്മിനിസ്ട്രേഷൻ 285 കോടി രൂപ. പട്ടികജാതിക്കാരെയും പട്ടിക വർഗ്ഗക്കാരെയും സംബന്ധിച്ചിടത്തോളം 48.13 കോടി രൂപ എൽ. എസ്.ജി.-ക്ക് കഴിഞ്ഞ വർഷം 1350 കോടി രൂപയാണ് കൊടുത്തത്. ആ 1350 കോടി രൂപയിൽ 333 കോടി രൂപ നമ്മുടെ പട്ടികജാതി വകുപ്പ് വഴിയാണ് കൊടുത്തിരുന്നത്. ആകെ 1350 കോടി രൂപ കൊടുക്കുമ്പോൾ അതിൽ 333 കോടി രൂപയും നമ്മുടെ പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നാണ് കൊടുക്കുന്നത്. ബാക്കി 1616 കോടി രൂപയേയുള്ളൂ മറ്റ് എല്ലാ വകുപ്പുകൾക്കും ചേർന്ന് കൊടുക്കുന്നത്. ഇത്രയും രൂപ എൽ.എസ്.ജി.-ക്ക് കൊടുക്കുമ്പോൾ അവരുടെ ഉത്തരവാദിത്വം വർദ്ധിക്കുന്നില്ലേ? അവരുടെ ഉത്തരവാദിത്വം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള റിസൾട്ട് കേരളത്തിൽ കാണുന്നില്ല. അതിന്റെ ഫലം നാസ്തിയാണ്. കോളനികളെല്ലാം മരിക്കുകയാണ്. ഐ.എച്ച്.ഡി.പി. കോളനികൾപോലുള്ള സംവിധാനങ്ങൾ ഇപ്പോഴില്ല. അവിടെ വെള്ളമില്ല, വെളിച്ചമില്ല, വീടില്ല, കക്കൂസില്ല, കിണറില്ല, മറ്റ് സൗകര്യങ്ങളൊന്നുമില്ല. ഇതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ സംബന്ധിച്ച് ഗൗരവമായിട്ടുള്ള പരിശോധനയുണ്ടാകണം. ഇന്നിപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. പ്രീമെട്രിക്, അതുപോലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അവിടുത്തെ വിദ്യാർത്ഥികൾ, അവരുടെ സ്റ്റൈപെന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയവ പൂർണ്ണമായിട്ട് നൽകുകയാണ്. എന്നാൽ ചില സ്ഥാപനങ്ങളുടെ മേലധികാരികളും ചില വിദ്യാർത്ഥികളും കൃത്യസമയത്ത് അപേക്ഷ കൊടുക്കാതിരിക്കുന്നതുകൊണ്ട് ചില സ്ഥലങ്ങളിൽ ചില്ലറ പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന പണം യഥാർത്ഥ ഗുണഭോക്താക്കളായിട്ടുള്ള പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കിട്ടുന്നു എന്ന് ഉറപ്പു വരുത്താൻ നമുക്ക് കഴിയണം. റെഗുലർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ നിന്ന് വ്യത്യസ്തമാണ് സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടേത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും റെഗുലർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കിട്ടുന്നമാതിരിയുള്ള ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചത് ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ പ്രധാനപ്പെട്ട തൂവൽ തന്നെയാണ്. 25 എം.ആർ.എസ്സുകൾ കേരളത്തിലുണ്ട്. അതിൽ 12 എണ്ണത്തിലെ കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പ്രാവശ്യം എസ്.എസ്.എൽ.സി. എഴുതി. എട്ട് എം.ആർ.എസ്.-ലെ കുട്ടികൾ 100 ശതമാനം വിജയം കരസ്ഥമാക്കി. മറ്റുള്ളവർ 90 ശതമാനം വിജയം കരസ്ഥമാക്കി. ഇത്രയും ഉന്നതമായിട്ടുള്ള വിജയം നേടിയെടുക്കാൻ കഴിഞ്ഞത് ആ മേഖലയിൽ വളരെ സ്തുത്യർഹമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു എന്നുള്ളതുകൊണ്ടാണ്. അപ്പുറത്തിരിക്കുന്നവർ എന്തൊക്കെയാണ് പറയുന്നത്! ശ്രീ. രാജു എബ്രഹാം പറയുന്നതുകേട്ടു, 20,000 രൂപയ്ക്ക് കമ്പ്യൂട്ടർ കിട്ടുമെന്ന്. 35,000 - 40,000 രൂപ കൊടുക്കാതെ ഇപ്പോൾ കമ്പ്യൂട്ടർ കിട്ടുകയില്ല. നമ്മൾ വാങ്ങിച്ചുകൊടുക്കേണ്ടത് ഏറ്റവും മുന്തിയ തരം കമ്പ്യൂട്ടറുകൾ തന്നെയാണ്. അല്ലാതെ 20,000 രൂപയ്ക്ക് ഒരു ദിവസം മാത്രം പ്രവർത്തിക്കുന്ന കമ്പ്യൂട്ടറല്ല നമുക്കു വേണ്ടത്. ഗുണനിലവാരം പുലർത്തുന്ന കമ്പ്യൂട്ടറുകൾ വാങ്ങിച്ചു കൊടുക്കുകയും അവർക്ക് പഠിക്കാൻ അവസരം ഉണ്ടാക്കി കൊടുക്കുകയും ചെയ്തതിന് ഞങ്ങൾ അഭിമാനത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് നാട്ടിൻപുറത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയേയും അദ്ദേഹത്തിന്റെ വകുപ്പിനെയും ഇടിച്ചു കാണിക്കാനുള്ള ശ്രമങ്ങളാണ് ബോധപൂർവ്വം അപ്പുറത്ത്നിന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. എത്രയോ നാളുകളായി ഈ ആരോപണങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. ആളുകൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഇല്ലേ ? നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. കേരളത്തിൽ രാഷ്ട്രീയ മരണങ്ങൾ ഉണ്ടായിട്ടുള്ളതിൽ കൂടുതലും മരിച്ചത് കമ്മ്യൂണിസ്റ്റുകാരാണ്. ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ തമ്മിൽ കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുമ്പോഴാണ് ഏറ്റവും കൂടുതൽ സഖാക്കൾ മരിക്കുന്നത്. സഖാക്കളെ പരസ്പരം അറിഞ്ഞ് തള്ളാൻ കൂട്ടുനിന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രനും ഇത്ര അടുത്തിരിക്കാമെങ്കിൽ അഭിപ്രായ വ്യത്യാസമുള്ള മന്ത്രിയോട് അത് തുറന്നു പറയുന്നതിൽ എന്താണ് കുഴപ്പം? അതുകൊണ്ട് അതിനെപ്പറ്റി ഒന്നും പറയണ്ട. കോഴിക്കോട് ഐ.ഐ.എം.-ന്റെ കീഴിൽ സെന്റർ ഫോർ എക്സലൻസ് കേരളത്തിൽ ആരംഭിച്ചു. മന്ത്രി അദ്ധ്യക്ഷനായി ഒരു മോണിട്ടറിംഗ് കമ്മിറ്റിയുടെ കീഴിൽ 60 പേർ മൂന്ന് ബാച്ചുകളായി അവിടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ തുറക്കാൻ കഴിയുന്ന ഒരു പാക്കേജ് ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഏറ്റവും വേഗം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയാനുള്ളത്. സൈബർ-III സി-ഡിറ്റുമായി ബന്ധപ്പെട്ട് ഉടൻ ആരംഭിക്കുമെന്ന പ്രഖ്യാപനം നമുക്ക് ഉടനെ നടപ്പിലാക്കാൻ കഴിയണം. മാധ്യമ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി, പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള, പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളതും സ്വാഗതാർഹമാണ്. ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ മാതൃകയിൽ ഒരു കമ്മീഷൻ രൂപീകരിക്കുമെന്ന് ഐക്യജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നതാണ്. പക്ഷേ അതിന് നിയമ തടസ്സമുണ്ടായി. അതുകൊണ്ട് കർണ്ണാടക മാതൃകയിൽ പുതിയ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ കേരളത്തിൽ രൂപീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടുള്ള തീരുമാനത്തെ ഞങ്ങൾ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. ചികിൽസാ ധനസഹായം സംബന്ധിച്ച് പറഞ്ഞു. പരാതിക്ക് ഇടനൽകാതെ സുതാര്യമായി അത് നടപ്പിലാക്കി വരുന്നുണ്ട്. പക്ഷേ അത് കൊടുക്കാൻ കാലവിളമ്പം ഉണ്ടാകുന്നുണ്ട്. അതിന് പരിഹാരം കാണുവാനുള്ള നടപടി അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്വകാര്യമേഖലയിലെ സംവരണത്തെ സംബന്ധിച്ചും, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ചും എല്ലാ ജനവിഭാഗങ്ങളുടെയും ആശങ്കകൾ പരിഹരിക്കാൻ കഴിയുന്ന രീതിയിൽ സമവായം ഉണ്ടാക്കണം. സാമ്പത്തികമായി ഏറ്റവും പുറകിൽ നിൽക്കുന്ന ആളുകൾക്കും സാമൂഹിക നീതി ഉറപ്പുവരുത്താൻ കഴിയണം. ആദിവാസി വിഭാഗത്തെ സംബന്ധിച്ച് കുറഞ്ഞത് ഒരു ഏക്കർ ഭൂമി, പരമാവധി 5 ഏക്കർ, എന്ന രീതിയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ കൊടുക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ആദിവാസികളെ സാമൂഹികമായി മുന്നോട്ട് കൊണ്ടുവരാൻ വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ സർക്കാർ പൂർത്തീകരിക്കണം. അതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആദിവാസി മിഷൻ കൊണ്ടുവന്നു. 2145 കുടുംബങ്ങൾക്ക് 3210 ഏക്കർ ഭൂമി കൊടുത്തു. സുഗന്ധഗിരിയിൽ ഇനി 305 കുടുംബങ്ങൾക്ക് 1525 ഏക്കർ കൊടുക്കുവാൻ പോകുകയാണ്. ആറളം ഫാം നമ്മൾ കേന്ദ്ര ഗവൺമെന്റിൽനിന്ന് വിലയ്ക്ക് വാങ്ങിയിരിക്കുകയാണ്. 3747 ആളുകൾക്ക് അത് കൊടുക്കുവാൻ പോകുകയാണ്. അതുപോലെതന്നെ വനത്തിനുള്ളിലുള്ള ആദിവാസികൾക്ക് 2004 മാർച്ചു വരെ 1136 ഏക്കർ ഭൂമിയ്ക്ക് പട്ടയം നല്കി. എത്രയോ കാര്യങ്ങൾ ആദിവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കേരളത്തിൽ യു.ഡി.എഫ്. നടപ്പിലാക്കി. 1999 മാർച്ച് 9-ന് ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ ഉണ്ടായിരുന്നു. അപ്പോൾ ഒരു നിയമം കൊണ്ടുവന്നു. ആ നിയമം പാസ്സായി കഴിഞ്ഞാൽ രണ്ടു വർഷംകൊണ്ട് കേരളത്തിനകത്തുള്ള മുഴുവൻ ആദിവാസികൾക്കും അവരവരുടെ ജില്ലയിൽത്തന്നെ കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുമെന്നുള്ള തീരുമാനമുണ്ടായിരുന്നു. നിങ്ങൾ ചെയ്തോ? നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ പാലക്കാട്ടും കണ്ണൂരിലും കുറച്ചു ഭൂമി കൊടുത്തു. പാലക്കാട്ട് കൊടുത്ത ഭൂമി അട്ടപ്പാടിയിലാണ്. തമിഴ്നാടുമായി തർക്കമുള്ള ഭൂമിയാണ്. ആ ഭൂമി കൊടുത്താൽ അവിടെ പോയി ആളുകൾക്ക് താമസിക്കുവാൻ കഴിയുകയില്ല. കണ്ണൂർ കൊടുത്തതോ ഒന്നാന്തരം കരിമ്പാറയാണ്. കരിമ്പാറ കൊടുത്തതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ ഭൂമി കൈമാറ്റം ഉറപ്പുവരുത്താൻ വേണ്ടിയിട്ടാണ് കരിമ്പാറ കൊടുത്തതെന്നാണ് സരസനായ ഒരു മാർക്സിസ്റ്റ് പാർട്ടി നേതാവ് പറഞ്ഞത്. പാറയാകുമ്പോൾ ആരും കൊണ്ടു പോകില്ലല്ലോ എന്ന്. അത് അവിടെത്തന്നെ കിടക്കുകയാണ്. അതുപോലെതന്നെ മനസ്സിൽ ഇരുട്ടുള്ള ആളുകളാണ് അപ്പുറം ഇരിക്കുന്നത്. അവരുടെ കണ്ണിലും ഇരുട്ട് വന്നിരിക്കുന്നു. അവർക്ക് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഒന്നും കാണാൻ കഴിയുന്നില്ല. ആറളം ഭൂമി, ഭൂമിയില്ലാത്ത ആദിവാസികൾക്ക് പതിച്ചു കൊടുക്കുവാൻ വേണ്ടി തീരുമാനം എടുത്തപ്പോൾ അത് കൊടുക്കരുതെന്ന് പറഞ്ഞുകൊണ്ട് ആറ് സി.പി.എം. എം.പി.മാർ കേന്ദ്ര മന്ത്രിയായിരുന്ന അജിത് സിംഗിന് കത്തെഴുതി

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളോടുള്ള കൊടും ചതിയല്ലേ അത്? ആദിവാസികൾക്ക് ഭൂമി കൊടുത്തത് സംബന്ധിച്ച് എൽ. ഡി. എഫ്.-കാർക്ക് എന്തെങ്കിലും പറയാനുണ്ടോ? നിങ്ങൾ ആദിവാസികൾക്കുവേണ്ടി ഒഴുക്കുന്ന കണ്ണീർ കാണുമ്പോൾ എന്തൊരു തൊലിക്കട്ടി എന്നല്ലാതെ എന്തു പറയാൻ. ഇവരുടെ തൊലിക്കട്ടിയോട് കാണ്ടാമൃഗത്തെ താരതമ്യം ചെയ്തതിന്റെ പേരിൽ തിരുവനന്തപുരം മൃഗശാലയിലെ ഒരു മൃഗം അതിനെ സൂക്ഷിക്കുന്ന കാവൽക്കാരനെ ആക്രമിച്ചുവെന്ന് തിരുവനന്തപുരത്ത് പറഞ്ഞുകേൾക്കുന്നുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു : ആദിവാസി ഭൂസംരക്ഷണ നിയമമനുസരിച്ച് ഏതാണ്ട് അയ്യായിരം ഹെക്ടർ സ്ഥലം അന്യാധീനപ്പെട്ടത് തിരിച്ച് ആദിവാസികൾക്ക് എടുത്തു കൊടുക്കണമെന്ന ഹൈക്കോടതി ജഡ്ജ്മെന്റ് ഉണ്ടായിട്ടും കണ്ടംപ്റ്റ് ഓഫ് കോർട്ട് ഉണ്ടായിട്ടും അതില്ലാതെയാക്കുന്നതിനുവേണ്ടി നിയമമുണ്ടാക്കുവാൻ ശ്രമിച്ചവരാണ്. പ്രതിപക്ഷത്തിരിക്കുന്നവർ എന്ന് അറിയാമോ ?

ശ്രീ. കെ. കെ. ഷാജു : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ആദിവാസികൾക്ക് മാത്രമല്ല, ഈ നാട്ടിൻ പുറത്ത് എന്ത് നല്ല കാര്യങ്ങൾ ചെയ്താലും അതിനെയെല്ലാം എതിർക്കുന്ന ആളുകളാണ് ഇവിടത്തെ എൽ.ഡി.എഫ്.-കാർ കഴിഞ്ഞ ദിവസം ആന്ധ്രയിലെ കോൺഗ്രസ്സ് എം.പി.-മാർ പാർലമെന്റിൽ ചോദ്യം ചോദിച്ചതിന്റെ പേരിൽ ഇവിടെ ചില ആളുകൾ വാലുകുത്തി ചാടുകയാണ്. ആന്ധ്രയിൽനിന്ന് ആണുങ്ങൾ ചോദ്യം ചോദിക്കുന്നു; ഇവിടെയുള്ള എൽ.ഡി.എഫ്.-കാർ വാലുകുത്തി ചാടുന്നു. ഈ നാട്ടിൽ നടക്കുന്ന എല്ലാ നല്ല കാര്യങ്ങളെയും എതിർക്കുകയും, ഈ നാട്ടിന്റെ എല്ലാ പുരോഗതിയെയും തുരങ്കം വയ്ക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന പ്രതിപക്ഷകാർക്ക് കനത്ത താക്കീത് നൽകിക്കൊണ്ട് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ആദിവാസി ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ട്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ആത്മാർത്ഥമായി മുന്നോട്ടു പോകുന്ന മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലമായി ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കീഴിൽ കേരളത്തിലെ പട്ടികജാതി വികസനവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന വളരെ നല്ല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഏറ്റവും അധഃസ്ഥിത വിഭാഗം എന്നുള്ള നിലയ്ക്ക് അവരുടെ മുന്നേറ്റത്തിന് പരമപ്രധാനമായിട്ടുള്ളത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസ മേഖലയിൽ, കഴിഞ്ഞ മൂന്നു വർഷക്കാലമായി നടത്തുന്ന പ്രവർത്തനങ്ങൾ ഉണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതാണ്. സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ കാര്യത്തിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ ഏറെ ചർച്ച ചെയ്യപ്പെടുന്ന സ്വാശ്രയ മേഖലയിൽ പോലും വിദ്യാർത്ഥികൾക്ക് സംവരണം നല്കുവാനുള്ള തീരുമാനം വിപ്ലവകരമായ ഒന്നാണ്. ഞാൻ ഒരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടി അഭിനന്ദിക്കുകയാണ്. അര നൂറ്റാണ്ടു കാലത്തെ സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഭരണകൂടങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ മാത്രമല്ല, അതിനുമുമ്പ് തന്നെ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽതന്നെ, ദേശീയ സമരത്തിൽത്തന്നെ സാമൂഹ്യ വിപ്ലവത്തിനുള്ള ഒരു തുടക്കം എന്നുള്ള നിലയ്ക്ക് ഇന്ത്യയുടെ മോചനത്തിനുവേണ്ടി സ്വാതന്ത്ര്യ സമര പോരാട്ടത്തോടൊപ്പംതന്നെ സാമൂഹ്യമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും മഹാത്മജിയും നടത്തിയ ഹരിജനോദ്ധാരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നാം ഇപ്പോഴും അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നത്. ഒരുകാര്യം മാത്രം എനിക്ക് പ്രധാനമായി സൂചിപ്പിക്കുവാനുണ്ട്. കഴിഞ്ഞ എത്രയോ വർഷങ്ങളായി പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഒരു ആത്മ പരിശോധന നടത്തുവാൻ എല്ലാപേരും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ഷാജു ഈ വർഷം പഞ്ചായത്തുകൾക്ക് നീക്കിവച്ച തുകയെപ്പറ്റി സൂചിപ്പിച്ചു. മൊത്തം പദ്ധതി വിഹിതത്തിൽ ഏതാണ്ട് 1350 കോടി രൂപയിൽ 333 കോടി രൂപയും വികസന വകുപ്പിൽനിന്നാണ് നീക്കിവച്ചതെന്ന് പറയുകയുണ്ടായി. 258 കോടി രൂപ ഈ ഒരു വർഷത്തെ വിഹിതമായി പഞ്ചായത്തുകൾക്കു നീക്കിവച്ചു. ഞാൻ അധികാര വികേന്ദ്രീകരണത്തിന് എതിരല്ല. അധികാര വികേന്ദ്രീകരണം നാടിന്റെ മുഖച്ഛായ മാറ്റാൻ അനിവാര്യമാണെങ്കിൽ തീർച്ചയായിട്ടും നമ്മൾ അതിനെ അനുകൂലിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്റെ ബഹുമാന്യ സുഹൃത്ത് രാധാകൃഷ്ണൻ മന്ത്രി ആയിരിക്കുമ്പോഴാണ് ഇത്രയും തുക അതിനുവേണ്ടി നീക്കിവെച്ചത്. ഞാൻ അതിനെ കുറ്റപ്പെടുത്താൻ ഈ അവസരം വിനിയോഗിക്കുന്നില്ല. പക്ഷേ ഇങ്ങനെ വിനിയോഗിക്കുന്ന തുക കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അല്ലെങ്കിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അതിന്റെ ഗുണം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കേണ്ട ബാധ്യതകൂടി ഇല്ലേ ? 258 കോടി രൂപയാണ് ഈ വർഷം നീക്കി വച്ചിട്ടുള്ളത്. ആയിരത്തോളം വരുന്ന ത്രിതല പഞ്ചായത്തുകൾക്കുള്ള ഈ പണം എങ്ങനെ ചെലവഴിക്കുന്നുവെന്ന് പരിശോധിക്കണം. 258 കോടി രൂപയുടെ ഗുണം ഈ സംസ്ഥാനത്തെ പട്ടികജാതിക്കാരന് ഒരു വർഷം ഉണ്ടായിക്കഴിഞ്ഞാൽ ഉണ്ടാകുന്ന മാറ്റം എത്രയാണ്? അര നൂറ്റാണ്ടു കാലമായി ഇതുപോലെ പണം ചെലവഴിച്ചിട്ടും വഞ്ചി ഇപ്പോഴും തിരുനക്കരെത്തന്നെ എന്ന് പറയുന്ന അവസ്ഥ ഉണ്ടായത് എന്തുകൊണ്ടാണ്? നേരായ മാർഗ്ഗത്തിലേയ്ക്ക് എത്തുന്നില്ല എന്നുള്ളതിന്റെ ഏറ്റവും പ്രധാനമായ തെളിവല്ലേ ഇത്? ഇവിടെ കോൺട്രാക്ടർമാരും അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരും കടന്നു ചെന്നുകൊണ്ട് ഇതിനകത്ത് സാധാരണ ലഭിക്കേണ്ട ഗുണഭോക്താവിന് എന്തു ഗുണമാണ് ലഭിക്കുന്നത് ? ഞാൻ അധികാര വികേന്ദ്രീകരണത്തിന് എതിരല്ല. പക്ഷേ 258 കോടി രൂപ പഞ്ചായത്തുകൾക്ക് വേണ്ടി നീക്കിവയ്ക്കുമ്പോൾ ഒരു പഞ്ചായത്തിനകത്ത് പതിനഞ്ചു ലക്ഷം രൂപ നീക്കി വച്ചുകഴിഞ്ഞാൽ അവിടെ പതിനെട്ട് അംഗങ്ങളുണ്ടെങ്കിൽ ആ പതിനെട്ട് അംഗങ്ങളും കൂടി അത് വീതംവച്ച് എടുക്കുകയാണ്. ഏതെങ്കിലും പ്രദേശത്ത് സമൂലമായ മാറ്റം ഉണ്ടാക്കാനല്ല, അംഗങ്ങൾ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ വീതിച്ചെടുക്കുകയാണ്. ഒരു ലക്ഷം രൂപയ്ക്ക് താഴെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വാർഡിലും കിട്ടുന്നത്. ആ ഒരു ലക്ഷം രൂപ കിട്ടിക്കഴിഞ്ഞാൽത്തന്നെ അതിന്റെ പ്രവൃത്തിയുടെ എസ്റ്റിമേറ്റുണ്ടാക്കി പ്രവൃത്തി നടത്തിക്കഴിഞ്ഞാൽ അതിന്റെ കൺവീനറും കോൺട്രാക്ടറുമൊക്കെ കഴിഞ്ഞ് അത് നേരെ താഴെത്തട്ടിൽ എത്തുമ്പോൾ ഒരു ചെറിയ ശതമാനമാണ് ഇന്ന് അതിന്റെ ഗുണം ലഭിക്കുന്നത്. അങ്ങനെ 258 കോടി രൂപയുടെ പ്രവർത്തനം അന്വേഷിച്ചാൽ നമുക്ക് വ്യക്തമാകും, പത്തു ശതമാനം ഗുണം പോലും ഇന്ന് താഴേത്തട്ടിലുള്ള ആളുകളുടെ മാറ്റത്തിനുവേണ്ടി ലഭിച്ചിട്ടില്ല എന്ന്. അതുമാത്രമാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. കഴിഞ്ഞ പത്ത് അമ്പത്തിയഞ്ച് വർഷക്കാലമായി നമ്മൾ തുടരുന്നതാണ്. വർഷങ്ങളായി ഇരുന്നൂറ്റിയമ്പതും മുന്നൂറും കോടി രൂപ ചെലവഴിച്ചിട്ടും എന്തുകൊണ്ട് ഈ വിഭാഗത്തിന് കാര്യമായ പുരോഗതി ഇല്ലായെന്ന് ആത്മപരിശോധന നടത്തണം. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികൊണ്ട് ഗുണമില്ലെങ്കിൽ മറ്റൊരു മാർഗ്ഗം അന്വേഷിച്ചുകൂടേ? ഇവിടെ വിദ്യാഭ്യാസ മംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ, ഞാൻ നേരത്തേ തന്നെ പറഞ്ഞു; ഏറ്റവും കൂടുതൽ ഇന്ന് ഏതെങ്കിലും രീതിയിൽ ഈ വിഭാഗത്തിന് ഗുണമാകുന്നുണ്ടെങ്കിൽ അത് വിദ്യാഭ്യാസ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ കൊണ്ടുതന്നെയാണ്. പക്ഷേ അതോടൊപ്പം നമുക്ക് ഒരു കാര്യം ആലോചിച്ചുകൂടേ? അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വിഭാഗങ്ങളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ. നമുക്കറിയാം കുടിക്കാൻ വെള്ളമില്ലാത്ത, വീട്ടിൽ വെളിച്ചമില്ലാത്ത, ചിലപ്പോൾ കിടന്നുറങ്ങാൻ വീടുപോലുമില്ലാത്ത വിഭാഗങ്ങളാണ് അവർ. പഞ്ചായത്തിന്റെ അധികാരങ്ങൾ തിരിച്ചെടുക്കണം എന്നല്ല ഞാൻ പറയുന്നത്, സമയബന്ധിതമായി ഇതിനകത്ത് ഒരു മാർഗ്ഗം ഉണ്ടാകണം. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇന്ന് എസ്.സി. പ്രൊമോട്ടർമാരും എസ്.ടി. പ്രൊമോട്ടർമാരുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കെടുക്കണം. വീടുകളിൽ വൈദ്യുതി ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കെടുക്കണം. വെള്ളം ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കെടുക്കണം. 250, 300, 400 കോടി രൂപ ഒരു വർഷം ചെലവാക്കുമ്പോൾ എന്തുകൊണ്ട് കേരളത്തിലെ വീടുകളില്ലാത്ത പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ ത്രിതല പഞ്ചായത്തുകളും ഗവൺമെന്റും ഒരുമിച്ചുനിന്നുകൊണ്ട് സമയബന്ധിതമായി പ്രവർത്തിച്ചുകൂടാ? വരാനിരിക്കുന്ന രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഇത്രയും പണം കേരളത്തിൽ വീടുകളില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടു വയ്ക്കുവാൻ കൊടുക്കുന്ന സാഹചര്യം ഉണ്ടാകണം. എനിക്ക് തോന്നുന്നത്—എന്റെ ധാരണ തെറ്റാണെങ്കിൽ ക്ഷമിക്കുക,—രണ്ടോ മൂന്നോ വർഷംകൊണ്ട് കേരളത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീടു കൊടുക്കുവാൻ കഴിയും എന്നാണ്. വൈദ്യുതി ഇല്ലാത്ത കുടുംബങ്ങളുടെ കണക്കെടുത്തുകൊണ്ട് ഒന്നോ രണ്ടോ വർഷം അതിനുവേണ്ടി നീക്കിവച്ചു കഴിഞ്ഞാൽ നമുക്ക് ആ മേഖലയിൽ മാറ്റം ഉണ്ടാക്കുവാൻ കഴിയും. കാലാകാലം സംവരണത്തിന്റെ പേരിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച്, രാജ്യത്തിനുണ്ടാകുന്ന മാറ്റത്തിനനുസരിച്ച്, നമുക്ക് ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടു വരുവാൻ കഴിയും. അതുകൊണ്ട് തീർച്ചയായും ആ ഒരു മാറ്റം താഴെതട്ടിലുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള അവസരം നമ്മൾ ഉണ്ടാക്കണം. ഇതുവരെ തുടർന്നുവന്ന മാർഗ്ഗങ്ങളിൽ, എന്റെ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിപരമായ അഭിപ്രായം പറയട്ടെ, പൂർണ്ണമായും നാം എത്തുന്നില്ല. അതുകൊണ്ടുതന്നെ പാളിച്ചകൾ നിറഞ്ഞുനില്ക്കുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. ഒരു ഗവൺമെന്റിനെയും കുറ്റപ്പെടുത്തുന്നില്ല. കഴിഞ്ഞ കാലത്തുവന്ന ഒരു ട്രാക്ക് ആണ്, ഒരു ചാനലാണ്. ഇതിൽനിന്നും മാറ്റം വരുത്തണം. അടിസ്ഥാനപരമായി, വീടില്ലാത്തവർക്ക് വീടുണ്ടാക്കുക, അതുപോലെ വെളിച്ചമില്ലാത്തവർക്ക് വെളിച്ചം എത്തിക്കുക, ഒരു സമയബന്ധിത പരിപാടിയുമായി മുന്നോട്ടു പോയിക്കഴിഞ്ഞാൽ പഞ്ചായത്തുകൾക്ക് കൊടുക്കുന്ന തുക പല റോഡുകൾക്ക് വീതംവച്ചുകൊണ്ട് കോൺട്രാക്ടർമാരിലേക്കും ഉദ്യോഗസ്ഥന്മാരിലേക്കും പോകുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് ഒരു നിശ്ചിത കാലയളവിനുള്ളിൽ കേരളത്തിലെ പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഒരു പദ്ധതി അല്ലെങ്കിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഒരു പദ്ധതി ഏറ്റെടുത്താൽ, അങ്ങനെ ഘട്ടം ഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി നമുക്ക് ഏർപ്പെടുത്തുവാൻ കഴിയും. അതോടൊപ്പംതന്നെ വിദ്യാഭ്യാസ രംഗത്ത് ഇന്നുണ്ടാകുന്ന വിപ്ലവകരമായ മാറ്റംകൂടി നടപ്പിൽ വരുത്തുവാൻ കഴിയണം. കേരളത്തിലെയോ ഇന്ത്യയിലെയോ ഒരു ജനവിഭാഗങ്ങളും ഇതിനൊന്നും എതിരല്ല. കോടിക്കണക്കിന് രൂപ കൊടുക്കുന്നു. പക്ഷേ അതിന്റെ ഗുണമില്ലാതെ പോകുന്നു. ഇങ്ങനെ ഒരർത്ഥത്തിലുള്ള മാറ്റത്തിന് മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എഴുപതിനായിരം രൂപ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ കേരളത്തിൽ ആദ്യമായി കൊടുത്തു. അത് വളരെ വിപ്ലവകരമായ തീരുമാനമാണ്. ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും താല്പര്യംകൊണ്ട് കഴിഞ്ഞ പ്രാവശ്യം നല്കിയതാണ്. കേരളത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് വീടു വച്ചുകൊടുക്കുവാൻ കഴിഞ്ഞു. കഴിഞ്ഞകാലത്ത് മുപ്പത്തയ്യായിരം രൂപയായിരുന്നു; വളരെ കുറഞ്ഞ സംഖ്യയായിരുന്നു. പിന്നീട് അത് എഴുപതിനായിരം രൂപയാക്കി. അതുപോലെ എഴുപതിനായിരം രൂപ കഴിഞ്ഞ വർഷം കൊടുത്തുവെങ്കിൽ പോലും ഈ വർഷം വികസന വകുപ്പ് അത് കൊടുത്തിട്ടില്ല. നിർബന്ധമായും അത് കൊടുക്കണം. അതോടൊപ്പം തന്നെ എഴുപതിനായിരം രൂപ മാത്രം കൊടുത്താൽ പോരാ. എഴുപതിനായിരം രൂപ കൊടുക്കുമ്പോൾ പത്തു ശതമാനമോ പതിനഞ്ച് ശതമാനമോ സ്വന്തം കോൺട്രിബ്യൂഷനുണ്ടാകണം. അത് നിർബന്ധമാക്കണം. ഒരു കാരണവശാലും മുഴുവനും ഫ്രീ കൊടുക്കുന്ന സംവിധാനമാകരുത്. പങ്കാളിത്തം വേണം. വീട് വയ്ക്കുമ്പോൾ വീടുണ്ടാക്കുന്ന കാര്യത്തിൽ സ്വന്തം വിയർപ്പുണ്ടെന്ന തോന്നൽ ഇത് ലഭിക്കുന്ന ആളുകൾക്കുണ്ടാകണം. എങ്കിൽ മാത്രമേ ഇത് നിലനിർത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് എഴുപതിനായിരം രൂപ കൊടുക്കുകയാണെങ്കിൽ പത്തോ, പതിനഞ്ചോ ശതമാനം സ്വന്തം പങ്കാളിത്തംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മാറ്റം ഉണ്ടെങ്കിൽ മാത്രമേ ആ രീതിയിലുള്ള ഒരു ചലനം ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് തീർച്ചയായും കഴിഞ്ഞ വർഷം നടത്തിയ എഴുപതിനായിരം രൂപയുടെ സ്കീം വീണ്ടും തുടങ്ങണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് കാര്യവിവര പട്ടികയനുസരിച്ച് നടക്കുന്ന ചർച്ചയിൽ എന്റെ വിശ്വാസം വച്ച് യുവജനക്ഷേമ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിലാണ് വരുന്നത്. പക്ഷെ അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പരാമർശിച്ചിട്ടില്ല. കേരളത്തിലെ നാൽപ്പതു ലക്ഷം വരുന്ന യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന യുവജനക്ഷേമ വകുപ്പിനെ സംബന്ധിച്ച് ഒരു വരി പോലും ഇവിടെ ചേർത്തിട്ടില്ല. യുവജനങ്ങളെ അപമാനിക്കുന്ന ഒരു അവസ്ഥയാണ്. ബഹുമാന്യനായ മന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഏത് ഗവൺമെന്റ് വന്നാലും യുവജനക്ഷേമ വകുപ്പ് നല്ല പ്രവർത്തനങ്ങൾ നടത്താത്ത സാഹചര്യമാണ്. അതുകൊണ്ട് യുവജനക്ഷേമ വകുപ്പിന്റെ കാര്യത്തിൽ വൃദ്ധജനക്ഷേമ വകുപ്പു പോലെ കാര്യങ്ങൾ പോകാതെ അതിനൊരു തീവ്രതയുണ്ടാകണമെന്നും കേരളത്തിലെ ലക്ഷക്കണക്കിനു വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാർ പല രീതിയിലും വഴിവിട്ട് പോകുന്ന സാഹചര്യത്തിൽ അവർക്ക് ദിശാബോധം നൽകാൻ, ലക്ഷ്യബോധം നൽകാൻ, യുവജനക്ഷേമ വകുപ്പുകൊണ്ട് കഴിയണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ടൂറിസം വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. നമ്മുടെ ബഹുമാന്യനായ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു, ഇനിയുള്ള കാലം 'നോളഡ്ജ്-ബേസ്ഡ് ഇക്കണോമി' ആണെന്ന്. അത് ഞാൻ അംഗീകരിക്കുന്നു. അതോടൊപ്പം തന്നെ മനോഹരമായ ഒരു ഭൂമി നമുക്ക് ദൈവം തന്നിട്ടുണ്ട്. ദൈവത്തിന്റെ ഏറ്റവും മനോഹരമായ സൃഷ്ടികളിലൊന്നാണ് കേരളം. ആ മനോഹരമായ സൃഷ്ടി നിലനിർത്തിക്കൊണ്ടു പോയാൽ മാത്രം മതി നമ്മുടെ ടൂറിസം മുന്നോട്ടു കൊണ്ടു പോകാൻ. 'സൃഷ്ടി സ്ഥിതി സംഹാരം' ഹൈന്ദവ മതാചാര പ്രകാരം ത്രിമൂർത്തികളിലാണ് നിൽക്കുന്നത് എന്നാണ് പറയുന്നത്. അതിൽ സംഹാരം നമ്മൾ എടുത്തിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ സംഹാരം ഏറ്റെടുത്തുകൊണ്ട് ഈ മനോഹര സൃഷ്ടിയായ കേരളത്തെ സംഹരിച്ചുകൊണ്ടിരിക്കുയാണ്. വിനോദ സഞ്ചാരത്തിന്, നേരത്തെ സൂചിപ്പിച്ച വിദ്യാഭ്യാസം പോലെ, പരമ പ്രാധാന്യം നൽകണം. നമുക്കറിയാം നമ്മുടെ നാട്ടിൽ പുഴകളും മലകളും, തോടുകളും ആറുകളും, അരുവികളുമൊക്കെയുണ്ട്. മൂന്നാറിലെ തണുപ്പും മഞ്ഞുമൊക്കെയുണ്ട്. മഞ്ഞും തണുപ്പുമൊക്കെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവ സംരക്ഷിച്ചാൽ തീർച്ചയായും വിനോദസഞ്ചാര രംഗത്ത് എന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിയും. സാമ്പത്തിക രംഗത്ത് ഏറ്റവും കൂടുതൽ മാറ്റമുണ്ടക്കാൻ പറ്റുന്ന മേഖലയാണിത്. അതുകൊണ്ട് വിനോദസഞ്ചാരത്തിന് വളരെയധികം പ്രാധാന്യം നൽകിയെങ്കിൽ മാത്രമേ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുവാനും സാമ്പത്തിക രംഗം മെച്ചപ്പെടുത്തുവാനുമൊക്കെ കഴിയുകയുള്ളൂ. എന്റെ മണ്ഡലത്തിൽ കരുവാരക്കുണ്ടു പഞ്ചായത്തിൽ ടൂറിസത്തിന് അനന്ത സാദ്ധ്യതകളുണ്ട്. സൈലന്റ് വാലിയുടെ താഴ്വര എന്റെ നിയോജക മണ്ഡലത്തിലാണ്. എക്കോ ടൂറിസത്തിന്റെ അനന്ത സാധ്യതകളാണവിടെയുള്ളത്. സോമനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഞാനൊന്ന് സൂചിപ്പിച്ചതാണ്. ജൈവവൈവിദ്ധ്യവും മെഡിസിനൽ പ്ലാന്റ്സും ടൂറിസത്തിൽ ഉൾപ്പെടുത്താനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

VII. അറിയിപ്പ്

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): ഇന്നു കൂടിയ കാര്യോപദേശക സമിതി യോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായതനുസരിച്ച് 2004 ജൂലായ് 16-ാം തീയതി വെള്ളിയാഴ്ച സഭ ചേരുന്നതല്ല. 2004 ജൂലായ് 20-ാം തീയതി ചൊവ്വാഴ്ച സഭയുടെ പരിഗണനയ്ക്കു വരുന്ന 2004-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നുള്ള പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് 2004 ജൂലായ് 17-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിവരെ നൽകാവുന്നതാണ്.

ധനകാര്യം (തുടർച്ച)

ശ്രീ. സി.കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ വിദ്യാലയ വർഷം ആരംഭിച്ചപ്പോൾ മറ്റെല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾ കോളേജുകളിലും സ്ക്കൂളുകളിലും പോയ അവസരത്തിൽ ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് വയനാട്ടിൽ നിന്നുള്ള ഒരു വാർത്ത പത്രത്തിൽ വന്നു. എല്ലാ കുട്ടികളും സ്ക്കൂളിൽ പോകുന്ന അവസരത്തിൽ ആദിവാസി കുട്ടികൾ സ്ക്കൂളിൽ പോകാതിരിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ആദിവാസി സമൂഹത്തെ മുന്നോട്ട് നയിക്കാൻ സാധിക്കണമെങ്കിൽ അതിന് ഏറ്റവും പ്രധാനമായത് വിദ്യാഭ്യാസമാണ്. ആ മേഖലയ്ക്ക് എന്ത് ചെലവഴിക്കുന്നു എന്നുള്ള കണക്കുകൾ സമർപ്പിക്കുന്നതിനേക്കാളുപരി അവർക്ക് വിദ്യാഭ്യാസം നൽകാനാവശ്യമായ എന്ത് നടപടികൾ സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. കുട്ടികൾ സ്ക്കൂളിൽ പോകുന്നില്ലെങ്കിൽ രക്ഷിതാക്കളെ പ്രേരിപ്പിച്ചുകൊണ്ട് ആദിവാസികളായ കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്കയയ്ക്കാൻ എന്തു നടപടി സ്വീകരിക്കണം? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിച്ചു. ഇത് ആദിവാസി മേഖലയിൽ നല്ലൊരു തുടക്കമായിരുന്നു എന്നു ഞാൻ കരുതുന്നു. ആദിവാസികളായവരിൽ പത്തു ശതമാനം ആളുകൾക്ക് നല്ല രീതിയിൽ ആരോഗ്യം നിലനിർത്താൻ സാധിക്കുന്നില്ല. നമ്മൾ ആദിവാസികളുടെ ഭൂമി കയ്യേറ്റത്തെ സംബന്ധിച്ചും, മറ്റു പലതിനെ സംബന്ധിച്ചും ധാർമ്മികമായി സംസാരിക്കുന്നവരാണ്. പക്ഷെ ഞാൻ ചോദിക്കുന്നു കേരളത്തിലെ ആദിവാസികൾക്ക് സാധാരണക്കാരായ നമ്മളെപ്പോലുള്ള ഇടത്തരക്കാർ—മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾ—താമസിക്കുന്ന രൂപത്തിലുള്ള വീടുകളിൽ താമസിക്കാൻ സൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ? ചന്ദന കള്ളക്കടത്തിനും ലഹരി പദാർത്ഥങ്ങൾ കടത്തുന്നതിനും പുതിയ അക്രമങ്ങൾ നടത്തുന്നതിനും മാഫിയകൾ പ്രധാനമായും ഉപയോഗിക്കുന്നത് ആദിവാസികളെയാണ്. ഇതിനൊക്കെ മർദ്ദനം ഏൽക്കേണ്ടിവരുന്നതും ആദിവാസികൾക്കാണ്. ഇതരവിഭാഗങ്ങളെക്കാൾ ജനസംഖ്യാനുപാതത്തിൽ വളരെ കൂടുതലാണ് ജയിലുകളിൽ കിടക്കുന്ന ആദിവാസികൾ മൊത്തത്തിൽ നമ്മൾ കാണുന്നത് ഇൻഡ്യാ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പണം ചെലവഴിക്കുന്നതാണ്. കുറേക്കാലമായി ഇവർക്കുവേണ്ടി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും കേരളത്തെപ്പോലെ വിദ്യാഭ്യാസത്തിൽ മുൻപിൽ നിൽക്കുന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ആദിവാസികളെ അർഹതപ്പെട്ടപോലെ മുന്നോട്ട് നയിക്കാൻ, സാധിക്കുന്നില്ല. ഇതിനെ സംബന്ധിച്ച് സാധാരണ നിലയിലുള്ള പ്രസ്താവനകൾ ഇറക്കിക്കൊണ്ട് നമുക്ക് രക്ഷപ്പെടാൻ സാധിക്കില്ല. ഗൗരവമായ പ്രശ്നമാണ്. ആദിവാസികൾ ഭൂമി കയ്യേറി എന്നു പറയുന്നു; വലിയ കെട്ടിടങ്ങളല്ല. ഓല കൊണ്ട് മേഞ്ഞ് രണ്ടാളുകൾക്ക് താമസിക്കാൻപോലും പറ്റാത്ത രീതിയിലുള്ള വീടുകളാണ് കയ്യേറ്റം ചെയ്തു വച്ചിരിക്കുന്നു എന്നു പറയുന്ന പ്രദേശത്ത് ആ പാവപ്പെട്ടവർ ഉണ്ടാക്കിയിരിക്കുന്നത്. വനം വകുപ്പിനോട് നമ്മൾ ആവശ്യപ്പെട്ടതനുസരിച്ച് 7693 ഹെക്ടറിനടുത്ത് ഭൂമി തരാമെന്ന് വനംവകുപ്പ് പറഞ്ഞു. അതിന് അവർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനഗവൺമെന്റ് ആ വനഭൂമി ആദിവാസികൾക്ക് കൊടുക്കാൻ പറ്റുന്ന രീതിയിൽ നേടിയെടുക്കാൻ ശ്രമിക്കണം. അവരുടെ പ്രശ്നം രാഷ്ട്രീയ പ്രശ്നമല്ല. അത് ഒരു ഗൗരവമായ പ്രശ്നമാണ്. നമ്മുടെ നാട്ടിലുള്ള പറയ-പുലയ സമുദായങ്ങളിൽപ്പെട്ട, തൊഴിലില്ലാത്തവർക്ക്, തൊഴിൽ ലഭിക്കുന്നതിനുള്ള സഹായം നൽകണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ തൊഴിൽ ഇല്ലാത്തവർ ഉണ്ടാകരുത്. അതു സമൂഹത്തിന്റെ ബാദ്ധ്യതയാണ്. ഇവിടെ എനിക്കുമുൻപ് സംസാരിച്ച സുഹൃത്ത് നൂറ്റാണ്ടുകളായി അടിമത്വം അനുഭവിച്ച ഒരു ജനവിഭാഗത്തോട് സ്വതന്ത്രരായ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ബാധ്യതയില്ലേയെന്നുചോദിച്ചു? ആ ബാധ്യത നിറവേറ്റാൻ ഗവൺമെന്റിന്റെ എല്ലാ ശക്തികളും ഉപയോഗപ്പെടുത്തിക്കൊണ്ട് അവരെ സഹായിച്ചാൽ അതിനെ എതിർക്കുന്നവരാരാണ്? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരുകാര്യം അഭ്യർത്ഥിക്കാനുണ്ട്; ഒറ്റ ആദിവാസിക്കുട്ടിപോലും പഠിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകരുത് എന്നതാണ് അത്. ആദിവാസിക്കുട്ടികൾ പഠിക്കാതിരിക്കുന്നു എങ്കിൽ അതിന്റെ കാരണക്കാർ ആരാണ്? ഉദ്യോഗസ്ഥരാണോ? ആരാണെങ്കിലും അവരുടെ പേരിൽ നടപടി സ്വീകരിച്ചുകൊണ്ട് ഈ കുട്ടികളെ പഠിപ്പിക്കണം. ഇൻഡ്യാ ഗവൺമെന്റ് വിദ്യാഭ്യാസത്തിനുവേണ്ടി സെസ്സ് പിരിക്കുന്നുണ്ട്. മൂന്ന്, നാലായിരം കോടി ഉറുപ്പിക ഇൻഡ്യാ ഗവൺമെന്റിന് ലഭിക്കും അതിൽ പ്രധാനപങ്ക് ആദിവാസിക്കുട്ടികളുടെ പഠനത്തിന് വരും. ആദിവാസികൾ എന്നു പറയുന്നത് നമ്മുടെ നാട്ടിൽ കാഴ്ചബംഗ്ളാവിൽ കുറെ ആളുകളെ വയ്ക്കുന്നതുപോലെയാണ്. താമസിക്കുന്നത് നാല് ഓലവച്ചുകെട്ടിയാണ്, ആരോഗ്യം ഇല്ലാത്ത തകർന്ന ശരീരവുമായി ജീവിക്കുന്ന പാവപ്പെട്ടവരാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അത് ടൂറിസത്തെ സംബന്ധിച്ചാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചാണ് നമ്മുടെ നാട്ടിൽ ടൂറിസം വികസിച്ചു വരുന്നത്. രണ്ട് പ്രദേശങ്ങളിൽ ടൂറിസം ഒരു പരിധി വരെ വികസിച്ചു വരുന്നു. പക്ഷേ ടൂറിസം മേഖലയിൽ മലബാറിനെ ഉപയോഗിക്കാവുന്നതിന്റെ ഒരു ചെറിയ ശതമാനം പോലും ഇന്ന് ഉപയോഗപ്പെടുത്തുന്നില്ല. വയനാട് പ്രദേശത്തിന്റെ പ്രകൃതി സൗന്ദര്യം! വയനാട് എന്താണ്? അതിന്റെ പ്രകൃതി സൗന്ദര്യം! മേപ്പാടിയിലും അതുപോലെയുള്ള പല പ്രദേശങ്ങളിലെയും പ്രകൃതി സൗന്ദര്യം എന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. വയനാട്ടിൽ നിന്ന് താഴോട്ടു വരുന്ന അവസരത്തിൽ തുഷാരഗിരിപോലെയുള്ള പ്രദേശങ്ങളും, കൊയിലാണ്ടിയിൽ കുഞ്ഞാലി മരയ്ക്കാരുടെ വീട്, കാപ്പാട് ഒക്കെ മനോഹരമായ പ്രദേശങ്ങളാണ്.

അത് കഴിഞ്ഞ് വടകരയിലേയ്ക്ക് വരുന്ന അവസരത്തിൽ സ്വാതന്ത്ര്യ സമര കാലത്ത് ബ്രിട്ടീഷുകാർ ഉപയോഗിച്ചിരുന്ന—വടകരയിലെ സാന്റ് ബാങ്കുകൾ, ലോകനാർകാവ്, പൈങ്കുറ്റിമല അതുപോലെയുള്ള പ്രദേശങ്ങളൊക്കെ പരിഗണിക്കാനിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതൊക്കെ പരിഗണിച്ചുകൊണ്ട് മലബാറിനെ ടൂറിസത്തിന്റെ ഒരു പ്രധാനപ്പെട്ട മേഖലയായി മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. മലയോര മേഖലയെ പ്രത്യേകിച്ച് ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീമതി രാധാ രാഘവൻ: സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി കോടിക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിക്കൊണ്ടിരിക്കുന്നു. അതിൽ ആദിവാസികൾക്കുവേണ്ടി സാരമായ ഒരു തുകയുണ്ട്. ഈ തുക കൊണ്ട് നമ്മുടെ ഉദ്യോഗസ്ഥൻമാരും കുറേ കരാറുകാരും കൂടി ആദിവാസിയെ പൊക്കാൻ ശ്രമിക്കുകയാണ്. പൊക്കി പൊക്കി അവർക്ക് പൊങ്ങാൻ വയ്യാതായി. ഇതുവരെ അവർക്കുവേണ്ടി ചെലവഴിച്ച തുകയുണ്ടെങ്കിൽ ഈ കേരളം അവർക്ക് വിലയ്ക്ക് വാങ്ങാമായിരുന്നു. പക്ഷേ, ഇന്ന് അവർക്ക് കിടപ്പാടം പോലുമില്ല. പദ്ധതികളുടെ പേരിൽ സംസ്കാരചിത്തരായ ആളുകൾ ആദിവാസികളെ വേട്ടയാടുകയാണ്. ആദിവാസികൾക്ക് വേണ്ടി ചെലവഴിച്ച കോടികൾ ആരുടെ കീശയിൽ വീണെന്ന് അന്വേഷിക്കണം. കാടിന്റെ അധിപനായിരുന്ന ആദിവാസിക്ക് ഇഷ്ടം പോലെ കായ്കളും കനികളും മറ്റ് വനവിഭവങ്ങളും ആഹാരമായി ഉണ്ടായിരുന്നു. ഇന്ന് വനവാസിക്ക് വനമില്ല, ഭൂമിയില്ല, ജീവന്റെ ഉറവിടമായ വനത്തിൽ നിന്ന് ഓടിച്ച് ആദിവാസിയെ പുല്ലു പോലും കിളിർക്കാത്ത മൊട്ടക്കുന്നിലേയക്ക് അടിച്ചു കയറ്റി. സർക്കാർ കനിഞ്ഞ് നൽകിയ ഭൂമിയിൽ ആദിവാസിക്ക് കൃഷിക്ക് സഹായമില്ല, വീട് കെട്ടാൻ പണം കൊടുക്കുകയില്ല, വെള്ളമില്ല, കിണറില്ല. ആദിവാസി പുരനധിവാസ പദ്ധതി പ്രകാരം 2862 ഏക്കർ ഭൂമി ആദിവാസികൾക്ക് കൊടുത്തു എന്നാണ് കണക്ക്. അതിൽ എത്ര ഏക്കർ അവരുടെ കൈയിൽ ഉണ്ടെന്ന് കണ്ടറിയണം. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി 14 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്. പിന്നെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. പക്ഷേ സമയത്ത് രൂപ കിട്ടാത്തതിനാൽ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനും പഠനത്തിനും ബുദ്ധിമുട്ടുണ്ട്. ഹോസ്റ്റലുകളിൽ അറ്റകുറ്റപണിയും വൈദ്യുത വിളക്കുകളുടെ അഭാവവും തീർത്ത് കുട്ടികളെ കഷ്ടപ്പാടിൽ നിന്ന് രക്ഷിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങളും സ്റ്റൈപൻഡും സമയത്ത് കിട്ടാറില്ല. അതുപോലെ ആദിവാസികൾക്ക് ചികിത്സാ സഹായവും താമസിക്കാതെ ലഭ്യമാക്കണം. വയനാട്ടിലെ ആദിവാസി കർഷകരുടെ കാർഷിക കടം 75,000 രൂപയ്ക്ക് താഴെയുള്ളതെല്ലാം എഴുതി തള്ളണം. അതിനുമേലുള്ള വായ്പകൾ പലിശ രഹിത വായ്പയായി അഞ്ച് വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. വനം വകുപ്പിൽ വിവിധ വിഭാഗം ജീവനക്കാരായി ആദിവാസികളെ ഇനിയും കൂടുതലായി നിയമിക്കണമെന്ന് നിർദ്ദേശം നൽകണം. അവിവാഹിതരായ മാതാക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസത്തിന് പദ്ധതിയുണ്ടാക്കണം. അവരുടെ കുട്ടികളെ പഠിപ്പിച്ച് മിടുക്കരാക്കണം. ഇച്ഛാശക്തിയുണ്ടെങ്കിൽ മാർഗ്ഗവും ഉണ്ട്. 2003-ൽ ആദിവാസികളായ 31,856 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതായി കണക്കുണ്ട്. എന്നാൽ എത്ര പേർക്ക് തൊഴിൽ കൊടുത്തു എന്ന് കണക്കില്ല. വനവാസിയുടെ ആരോഗ്യം നെല്ലിപ്പലകയിൽ എത്തി. സിക്കിൾസെൽ അനീമിയ, കുഷ്ഠം, മറ്റ് രോഗങ്ങൾ എന്നിവ അവരെ അലട്ടുന്നു. മരുന്നില്ല, ഭക്ഷണമില്ല, രോഗവും പട്ടിണിയും മൂലമുള്ള മരണം തന്നെ വിധി. 63 പ്രൈമറി ഹെൽത്ത് സെന്ററുകൾ, 17 ആയുർവേദ ആശുപത്രികൾ, ഹോമിയോ ആശുപത്രികൾ, മൊബൈൽ യൂണിറ്റുകൾ—ഇവയെല്ലാം ആദിവാസികൾക്കായുണ്ട്. എന്നാൽ ഗുണത്തിന് പറയാൻ ഒന്നുമില്ല. വനത്തെ സ്നേഹിക്കുന്ന ആദിവാസിക്ക് വനത്തിന്റെ നാശം സഹിക്കുവാൻ കഴിയുന്നില്ല. വനം മാഫിയ കള്ളത്തടി വെട്ടുന്ന കാര്യം അവർ വനം വകുപ്പ് തലവന്മാരെ അറിയിച്ചാലും ഗുണ്ടകളുടെ അടി മാത്രമാണ് സമ്മാനമായി കിട്ടിക്കൊണ്ടിരിക്കുന്നത്. പാവങ്ങളായ അവരെ രക്ഷിക്കാൻ ആരുമില്ല. ആദിവാസികൾക്കുവേണ്ടി 9-ാം പദ്ധതി പ്രകാരം സബ് പ്ലാനിൽ തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിച്ചത് 150 കോടി രൂപയാണ്. അത് ജലരേഖയായി. പത്താം പദ്ധതിയുടെ ആദ്യ രണ്ടു വർഷത്തേയ്ക്ക് 44 കോടി രൂപ കൊടുത്തു. ഗുണഭോക്താക്കൾക്ക് ഗുണം കിട്ടിയോ എന്ന് ഉറപ്പു വരുത്തണം. ആദിവാസികൾക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയണം. അതിന് പദ്ധതിയുണ്ട്, പണമുണ്ട്. പദ്ധതികൾ നടപ്പിലാക്കാൻ കർമ്മ നിരതരും കർമ്മ കുശലരുമായ. ഒരു കൂട്ടം അർപ്പണ മനോഭാവമുള്ള നല്ല ഉദ്യോഗസ്ഥരെ നിയമിക്കണം. കള്ളന്മാരേയും സ്വാർത്ഥ മോഹികളേയും മാറ്റിയാലേ ആദിവാസികൾക്ക് പദ്ധതികളുടെ ഗുണം ലഭിക്കൂ. ഇനി ടൂറിസം സംബന്ധിച്ച്. പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച നാടാണ് വയനാട്. കാടും, മേടും, മലയും, പർവ്വതങ്ങളും, കോടമഞ്ഞും, തണുത്ത കാറ്റും എല്ലാംകൊണ്ടും അനുഗ്രഹീതമായ കാലാവസ്ഥയാണ് വയനാട്ടിലേത്. അതുകൊണ്ട് വയനാട് ജില്ലയെ ടൂറിസം ജില്ലയായി പ്രഖ്യാപിച്ചു. എന്നാൽ വിദേശികൾക്ക് അങ്ങോട്ട് വരാനുള്ള യാത്രാ സൗകര്യം കുറവാണ്. ചുരം കയറുമ്പോഴുള്ള ഹെയർപിൻ വളവുകൾ ഒന്ന് ലാഘവപ്പെടുത്തണം. ടൂറിസ്റ്റ് അക്കൗണ്ടിൽ തന്നെ അതിന് കേന്ദ്രത്തിൽ നിന്ന് തുക വാങ്ങണം. അതല്ലെങ്കിൽ ചെറിയ വിമാനമോ ഹെലികോപ്റ്ററോ ഉപയോഗിച്ച് സർവ്വീസ് ആരംഭിക്കണം. അതിനു വേണ്ട പശ്ചാത്തലം വയനാട്ടിൽ ഉണ്ടാക്കണം. വയനാടിന്റെ ടൂറിസം സമ്പത്തിനെക്കുറിച്ച് നല്ലപ്രചരണം കൊടുക്കണം. വയനാട് വ്യാവസായികമായി പിന്നോക്കം നിൽക്കുന്നതിനാലും കാർഷിക രംഗം തകർന്ന ജനങ്ങൾ നിരാശരായിരിക്കുന്നതിനാലും വയനാടിന്റെ ഉയർത്തെഴുന്നേൽപ്പിന് ടൂറിസം മാത്രമാണ് ഏക മാർഗ്ഗം. കാലാവസ്ഥാ പിശകു മൂലം വിവിധ തരം രോഗങ്ങൾ കാരണം കൃഷി നടത്തുന്നതിന് കർഷകർക്ക് കഴിയാതിരിക്കുകയാണ്. വയനാട്ടിൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം കുറവാണ്. ഹോട്ടലുകളും, റെസ്റ്റ് ഹൗസുകളും, പാന്ത് നിവാസുകളും, യാത്രി നിവാസുകളും വയനാട്ടിൽ ഉയർന്നു വരണം. വയനാടിനെപ്പറ്റി പുറം നാടിന് അറിവ് നൽകണം. ഏതുവിധ ടൂറിസവും വികസിപ്പിക്കുവാൻ പറ്റിയ നാടാണ് വയനാട് ബ്രഹ്മഗിരി പർവ്വതം കൂടാതെ നിരവധി മലകൾ, താഴ്വരകൾ—"അഡ്വഞ്ചർ ടൂറിസത്തിന്റെ" മടിത്തട്ടാണ് വയനാട്. വൈവിധ്യ പൂർണ്ണമായ കൃഷിത്തോട്ടങ്ങൾ ഫാം ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൂക്കോട് തടാകം കായൽ ടൂറിസത്തിന് ഇണങ്ങിയതാണ്. കാലാവസ്ഥയുടെ മഹത്വം ഹെൽത്ത് ടൂറിസത്തിന് പറ്റിയതാണ്. കാശ്മീരിനേക്കാൾ മനോഹരമായ സ്ഥലം, വയനാടിന്റെ മോചനത്തിന് ടൂറിസം വികസനത്തിലൂടെ പദ്ധതികൾ ആവിഷ്ക്കരിക്കണം. ആദിവാസികൾക്ക് കലകൾ അവതരിപ്പിക്കാൻ അവസരം നൽകണം. അവർക്ക് ടൂറിസം വകുപ്പ് വയനാട് ജില്ലയിൽ ജോലി നൽകണം. വയനാട്ടിലെ പാവപ്പെട്ട കൃഷിക്കാരേയും ആദിവാസികളേയും അന്തസ്സുള്ള, ആത്മാഭിമാനമുള്ള ജനസമൂഹമായി വളർത്തിയെടുക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. പട്ടികജാതി വകുപ്പ് ഒരു നശീകരണ വകുപ്പാണ്. ആദിവാസികളെ വന്ധീകരിച്ച് വംശനാശം നടത്തുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പായി ഈ വകുപ്പ് മാറിയിരിക്കുന്നു. നമ്മുടെ വകുപ്പുമന്ത്രി ആ വകുപ്പിൽ സവാരി ഗിരിഗിരി നടത്തുകയാണ്. ജീവിതത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്ന പട്ടികജാതി സമൂഹത്തിന് ഒരു നേരത്തെ ആഹാരത്തിനോ ഒരു ദിവസത്തെ ചികിൽസയ്ക്കോ പോലും വകയില്ലാത്ത അവസ്ഥയാണ്. അവർക്ക് കഴിഞ്ഞ കാലങ്ങളിൽ ഒട്ടനവധി ആനുകൂല്യങ്ങൾ നൽകിയിരുന്നു. ഇദ്ദേഹം അധികാരമേറ്റിട്ട് മൂന്നുവർഷവും, രണ്ടുമാസവും പിന്നിട്ടിട്ടും ഒരു സഹായവും ഇന്നേവരെ ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും സമയത്ത് ലഭിക്കുന്നില്ല. മാത്രമല്ല അദ്ദേഹത്തിന് ഈ വകുപ്പ് ശ്രദ്ധിക്കുവാൻ സമയമില്ല. കമ്പ്യൂട്ടർ ട്രെയിനിംഗിനു വേണ്ടിയും, ഡ്രൈവിംഗ് പരിശീലനത്തിനുവേണ്ടിയും സ്ഥാപിച്ചിട്ടുള്ള ഓരോ ജില്ലാ ഓഫീസ് കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നു. . ഈ വകുപ്പിൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി ഇതാണ് നടക്കുന്നത്. അതുകൊണ്ട് ഇദ്ദേഹത്തെ ഈ വകുപ്പിൽ നിന്ന് മാറ്റി വേറൊരു വകുപ്പ് നൽകണം. എങ്കിൽമാത്രമേ ഈ വകുപ്പ് നന്നാകൂ. അതുപോലെ ടൂറിസത്തിന്റെ കാര്യം. ഒരു കാര്യം മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകൾ കൂടുതലും തട്ടുകട ടൂറിസ്റ്റുകളാണ്. നമ്മുടെ ഹോട്ടലുകളിൽ വന്ന് അവർ റൂം എടുക്കുന്നില്ല; ഭക്ഷണം കഴിക്കുന്നില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള ടൂറിസ്റ്റുകൾ മാത്രമാണ് കേരളത്തിൽ വന്ന് മുറികളെടുക്കുന്നതും, ആഹാരം കഴിക്കുന്നതും. നമ്മുടെ പരസ്യങ്ങൾ വിദേശ രാജ്യങ്ങളിൽ അവിടത്തെ മീഡിയാകളിൽ പ്രസിദ്ധീകരിക്കുന്നതുകൊണ്ടു മാത്രമേ വിദേശിയർ കേരളത്തിലേയ്ക്ക് കടന്നുവരികയുള്ളൂ. അത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്.. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ നമ്മുടെ സംസ്ഥാനത്ത് 1,366 ബലാൽസംഗമാണ് നടന്നിട്ടുള്ളത്. എങ്ങനെയാണ് സാർ ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് വരുന്നത്? ഏതെങ്കിലും ഒരു മദാമ്മ ഇവിടെ ധൈര്യമായി വരുമോ? അത്രയ്ക്ക് ക്രമസമാധാനം തകർന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പിന്നെ എങ്ങനെയാണ് ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് വരുന്നത്? ചരിത്ര പുരാതനമായിട്ടുള്ള കോവളം കൊട്ടാരം ഇടിച്ചുപൊളിച്ച് കോടീശ്വരനായ ഗൾഫാർ മുഹമ്മദലി നിർമ്മാണ പ്രവർത്തനം നടത്തുന്നു. നമ്മുടെ ഗവണ്മെന്റ് നപുംസകം പോലെ നോക്കിയിരിക്കുകയാണ്. ഒരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിൽ ഒട്ടനവധി ടൂറിസ്റ്റ് സാദ്ധ്യതകളുള്ള മേഖലകളുണ്ട്. എന്റെ ജില്ലയായ കൊല്ലം

12 noon]

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ ഇക്കോ ടൂറിസത്തിന് സാദ്ധ്യതയുള്ള നിരവധി പ്രദേശങ്ങളുണ്ട്. ശാസ്താംകോട്ട, തെന്മല, പോലെയുള്ള പ്രകൃതി രമണീയമായിട്ടുള്ള സ്ഥലങ്ങൾ ഏറ്റവും നല്ല ടൂറിസ്റ്റ് കേന്ദ്രമാക്കിയെടുക്കുവാൻ മന്ത്രി ശ്രദ്ധിക്കണം. ശാസ്താംകോട്ട പ്രദേശം ഇക്കോ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള അനന്തര നടപടി ഉണ്ടാകണമെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ഡിമാന്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അവിടെയുള്ള സംഘ്പരിവാർ ശക്തികൾ പട്ടികജാതി വിഭാഗങ്ങളെ ചാവേർ സംഘങ്ങളായി ഉപയോഗിക്കാറുണ്ട്. ഇതുപോലെ നമ്മുടെ സംസ്ഥാനത്ത് തങ്ങളുടെ രാഷ്ട്രീയ സമരങ്ങൾക്ക് കണ്ണീരു പകരുന്ന പാവകളായി ആദിവാസികളെ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണ് കഴിഞ്ഞ കാലമത്രയും സി.പി.എം. നേതൃത്വം ശ്രമിച്ചിട്ടുള്ളത്. ആദിവാസി ജനവിഭാഗങ്ങളോടും, പട്ടികജാതി വിഭാഗങ്ങളോടും ഇവർക്ക് യാതൊരു വിധ കൂറുമില്ല. അവരുടെ പുരോഗതി ആഗ്രഹിക്കുന്നില്ല. ആദിവാസികൾക്ക് 1 ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമി കൊടുക്കുന്നതിന് തയ്യാറായത് യു.ഡി.എഫ്. സർക്കാരാണ്. ഇതേ രൂപത്തിലുള്ള പുരോഗമന പ്രവർത്തനങ്ങൾ യു.ഡി.എഫ്. നടത്തുമ്പോൾ ഇതിനെ തുരങ്കം വയ്ക്കുന്ന നടപടികളുമായിട്ടാണ് കഴിഞ്ഞ കാലങ്ങളിൽ എൽ.ഡി.എഫ്. മുന്നോട്ടു പോയിട്ടുള്ളത്. ആറളം ഫാമിന്റെ പകുതി ആദിവാസികൾക്ക് പതിച്ചു നൽകുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി യു.ഡി.എഫ് സർക്കാർ മുന്നോട്ടു പോയപ്പോൾ, അതിനെതിരെ സി.പി.എം.-ന്റെ 6 എം.പി.മാർ ഒപ്പിട്ട് മന്ത്രി അജിത് സിംഗിന് കത്തു നൽകിയ കാര്യം മറക്കാൻ കഴിയുന്നതല്ല. അതോടൊപ്പം തന്നെ അവിടെ ആദിവാസികൾക്ക് ഭൂമി നൽകുന്നത് തടസ്സപ്പെടുത്തുമ്പോൾതന്നെ ഇവിടെ ഈ സംസ്ഥാനത്തിന്റെ 17 ഭാഗങ്ങളിൽ ആദിവാസികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് അനധികൃതമായി ഭൂമി കൈയേറ്റം നടത്തിയത് നമുക്ക് മറക്കാൻ കഴിയുമോ? ഇവിടെ എസ്.സി./എസ്.ടി. ജനവിഭാഗത്തിന്റെ പേരിലും മറ്റും സി.പി.എം. പൊഴിക്കുന്നത് മുതലക്കണ്ണീരാണെന്നതിൽ തർക്കമില്ല. കഴിഞ്ഞ കാല പ്രവർത്തനങ്ങൾ ഇത് തെളിയിച്ചിരിക്കുകയാണ്. കാലാകാലങ്ങളിൽ ജാഥയ്ക്ക് നീളം കൂട്ടാനും, കൊടി കെട്ടാനും, അടികൊള്ളാനും മാത്രമാണ് ഈ ജനവിഭാഗത്തെ സി.പി.എം. ഉപയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എസ്.സി/എസ്.ടി. വിഭാഗത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് പൂർത്തിയാക്കുന്നതുവരെ എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്ന കാര്യം ഉറപ്പു വരുത്തിയ ബഹുമാനപ്പെട്ട മന്ത്രി എം. എ. കുട്ടപ്പനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ എം.ആർ. എസ്. സ്കൂളുകളെ സംബന്ധിച്ച് ധാരാളം പ്രതീക്ഷകൾ നമുക്കുണ്ട്. നല്ല റിസൽറ്റ് നൽകിയ സ്ഥാപനങ്ങളുണ്ട്. അവിടെ ധാരാളം പോരായ്മകളും ഇല്ലായ്മകളും ഉണ്ടാകുന്നതായിട്ട് പരാതിയുണ്ട്. നിയമസഭയുടെ എസ്.സി/എസ്.ടി. വെൽഫയർ കമ്മിറ്റി, ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലേയും ഹോസ്റ്റലുകൾ സന്ദർശിക്കുന്നതിനു വേണ്ടി പോയിരുന്നു. അങ്ങനെ ഞങ്ങൾ പോയ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റലുകളിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പോരായ്മകൾ ഉണ്ട്. ഹോസ്റ്റലുകളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ സത്വര നടപടിയുണ്ടാകണം. പല ഭാഗത്തും വെള്ളമില്ല, വെളിച്ചമില്ല, അടിസ്ഥാന സൗകര്യങ്ങളില്ലാതെ കഷ്ടപ്പെടുന്ന പ്രദേശങ്ങളുണ്ട്. എന്റെ നിയോജക മണ്ഡലത്തിന്റെ ആസ്ഥാനമായ കുന്നമംഗലത്ത് ഒരു ട്രൈബൽ ഹോസ്റ്റലുണ്ട്. അത് ഇന്ന് സി. ഡബ്ല്യു. ആർ.ഡി.എം.-ന്റെ ക്വാർട്ടേഴ്സിലാണ് പ്രവർത്തിക്കുന്നത്. ആ ക്വാർട്ടേഴ്സ് ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. അവിടെ ഞാൻ ഇടയ്ക്കിടയ്ക്ക് പോകാറുണ്ട്. അവിടെയുള്ള കുട്ടികൾ താമസിക്കുന്നത് റെയിൽവേ കംപാർട്ട്മെന്റിലെ ബർത്തിൽപോലെയാണ്; മൂന്ന് അട്ടിയായിട്ടാണ് കുട്ടികൾ കിടക്കുന്നത്. യാതൊരു സൗകര്യവുമില്ല. അവിടെ തൊട്ടടുത്ത് പി.ഡബ്ലിയു.ഡി.യുടെ പുറമ്പോക്ക് സ്ഥലം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പരിശോധിച്ചിട്ടുണ്ട്. ആ സ്ഥലം ഇതിന് ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ ട്രൈബൽ ഹോസ്റ്റൽ ഉണ്ടാക്കാനാവശ്യമായ നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എത്രയും വേഗം അത് യാഥാർത്ഥ്യമാക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. അതുപോലെ ഹോസ്റ്റലിലേയും, സ്ഥാപനങ്ങളിലേയുമൊക്കെ അക്കാഡമിക് നിലവാരം പരിശോധിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. എസ്.സി./എസ്.ടി. ഭവന നിർമ്മാണ ഗ്രാന്റ് അടിയന്തിരമായും വർദ്ധിപ്പിക്കണം. ആ ഗ്രാന്റ് യഥാസമയം കിട്ടുന്നില്ല എന്ന പരാതി കാലാകാലങ്ങളിൽ കേൾക്കുന്നുണ്ട്. ആ പ്രശ്നവും പരിഹരിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. അതോടൊപ്പം ഭവനനിർമ്മാണ ഗ്രാന്റിനും സ്ഥലം വാങ്ങുന്ന സ്കീമിനും ആളുകളെ തെരഞ്ഞെടുത്ത് ക്ഷണിച്ചുവരുത്തി എഗ്രിമെന്റ് വച്ചശേഷം പണം കൊടുക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യം പെടുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒൻപതോളം ആളുകൾക്ക് ഇങ്ങനെ എഗ്രിമെന്റ് വച്ചിട്ട് പണം കിട്ടാതെ ഇന്നും കഷ്ടപ്പെടുന്നുണ്ട്. ഇതിന്റെമേൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. അടിയന്തിരമായും സഹായം നൽകുന്ന കാര്യം ഉറപ്പുവരുത്തണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ആ കാര്യം സൂചിപ്പിക്കണം. അതുപോലെ എസ്.സി./എസ്.ടി. വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള Atrocities Committee – കൾ കാര്യക്ഷമമായി നടക്കുന്നില്ല. സി.ഐ. തലത്തിലുള്ള കമ്മിറ്റിയുണ്ട്. ജില്ലാതല കമ്മിറ്റികളുണ്ട്. ആ കമ്മിറ്റികൾ പുന:സംഘടിപ്പിക്കണം. അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താനാവശ്യമായ നീക്കമുണ്ടാകണം. എസ്.സി./എസ്.ടി. സംവരണത്തോത് പുന:പരിശോധിക്കണം. തിരുവനന്തപുരത്ത് വെങ്ങാനൂരിലെ അയ്യങ്കാളിയുടെ സ്മാരകം നിൽക്കുന്ന സ്ഥലത്ത് ഒരു സ്ഥാപനമുണ്ട്. ആ സ്ഥാപനത്തിൽ പോലും സംവരണമില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഭരണഘടനാ ശിൽപ്പിയായിരുന്ന ഡോ. അംബേദ്കറിന്റെ പ്രതിമ നിയമസഭാ കോംപ്ലക്സിൽ സ്ഥാപിക്കണം എന്നതാണ്. വളരെ നാളുകളായി ആവശ്യപ്പെടുന്ന കാര്യമാണ് അത്. അതിന് ഇനിയും കാലതാമസം ഉണ്ടാകരുത്. വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പെന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കണം. പല ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നു വരുന്ന പരാതി അത് കൃത്യസമയത്ത് കിട്ടുന്നില്ല എന്നതാണ്. അത് പരിഹരിക്കാനും ആ തുക വർദ്ധിപ്പിക്കാനും ആവശ്യമായ നടപടിയുണ്ടാകണം. യു.പി.എ. ഗവൺമെന്റ് ഇൻഡ്യയിൽ സ്വകാര്യമേഖലയിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിന് കോമൺ മിനിമം പ്രോഗ്രാമിനെക്കുറിച്ചുപറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഒരു കത്ത് സംസ്ഥാന മന്ത്രിക്ക് അയച്ചുവെന്നാണ് അറിഞ്ഞത്. അതിന് എന്തു നടപടി സ്വീകരിച്ചുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്തണം. നേരത്തെ തുടക്കമിട്ട എസ്.സി./എസ്.റ്റി. കമ്മീഷന്റെ പ്രവർത്തനം എന്ത് സാങ്കേതിക തടസ്സമുണ്ടെങ്കിലും അത് മാറ്റി എത്രയുംപെട്ടെന്ന് അതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കായികതാരങ്ങൾ വളർന്നുവരുന്നതിന് ആവശ്യമായ പ്രോൽസാഹനം നൽകുവാൻ ഈ വകുപ്പ് ശ്രദ്ധിക്കണം. കഴിഞ്ഞ രണ്ടാഴ്ച മുമ്പ് രാജ്യാന്തര സമ്മാനം നേടിയ എന്റെ സ്നേഹിതൻ സുരേഷ് ഇവിടെവന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പു മന്ത്രിക്കും നിവേദനം കൊടുത്തിട്ടുപോയി. കഴിഞ്ഞ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ദയനീയാവസ്ഥ പത്രങ്ങളിൽ വരുകയുണ്ടായി. കല്ലുവെട്ട് കുഴിയിൽ കല്ലെടുത്ത് കിട്ടുന്ന പണംകൊണ്ടാണ് പരിശീലനം നടത്തുന്നതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകുന്നതും. അദ്ദേഹത്തിന് ആവശ്യമായ സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ചികിൽസാ സഹായം യഥാസമയം നൽകുന്ന കാര്യത്തിൽ ശുഷ്ക്കാന്തിപോര എന്ന അഭിപ്രായം എനിക്കുണ്ട്. എന്റെ മണ്ഡലത്തിൽനിന്നും ലഭിച്ച അനവധി പരാതികൾക്ക് തീർപ്പുകൽപ്പിച്ചിട്ടില്ല. ആ കാര്യം പരിശോധിക്കണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് അധികാരം കൈമാറിയതിലൂടെ പഞ്ചായത്തുകളുടെ പല ഭാഗങ്ങളിലും തുടങ്ങിവച്ച കുടിവെള്ള പദ്ധതി പല സ്ഥലത്തും മുരടിച്ചുനിൽക്കുകയാണ്. ചെറിയ ചെറിയ റിപ്പയറിന്റെ പേരിൽ, കറണ്ട് ചാർജ് അടയ്ക്കാത്തതിന്റെ പേരിൽ ഇന്ന് മുടങ്ങിക്കിടക്കുന്ന അവസ്ഥ, കുടിവെള്ളം മുട്ടുന്ന ഈ സ്ഥിതി മാറ്റാൻ ഏത് രൂപത്തിലായാലും ആവശ്യമായ ഫണ്ട് അനുവദിച്ചുകൊടുത്തുകൊണ്ട് അവ പുനരാരംഭിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. പദ്ധതികൾ ഉണ്ടാകുന്ന സമയത്തുതന്നെ കറണ്ട് ചാർജ് അടയ്ക്കുവാനും റിപ്പയർ ചെയ്യുവാനുമുള്ള സംവിധാനംകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദേശ ടൂറിസ്റ്റുകളെ പ്രോൽസാഹിപ്പിക്കുന്ന ഒട്ടേറെ സംവിധാനങ്ങൾ എന്റെ ജില്ലക്കാരനായ ബഹുമാനപ്പെട്ട മന്ത്രി എടുത്തിട്ടുണ്ട്. അദ്ദേഹം ചുമതലയേറ്റെടുത്ത ശേഷം ഒട്ടേറെ ശുഷ്ക്കാന്തിയോടുകൂടി അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെ പ്രോൽസാഹിപ്പിക്കുന്നതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിനകത്തുള്ള ആഭ്യന്തര ടൂറിസ്റ്റുകളെക്കൂടി പ്രോൽസാഹിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനമുണ്ടാകണം. ഒട്ടേറെ ആളുകൾ വന്നുപോകുന്ന എന്റെ മണ്ഡലത്തിലെ മാവൂരിലെ ചാലിയാർപുഴ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം പദ്ധതി രൂപപ്പെടുത്താൻ ആവശ്യമായ പ്രവർത്തനം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ ഒട്ടേറെ അഗതി മന്ദിരങ്ങളിൽ ആയിരക്കണക്കായ അനാഥ കുട്ടികൾ ഇന്ന് കഴിയുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഗൾഫ് നാടുകളിൽനിന്നും അത്തരം സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ആവശ്യമായ സഹായം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കാറുണ്ടായിരുന്നു. ഇപ്പോൾ ഗൾഫ് രംഗത്തെ സാമ്പത്തിക മാന്ദ്യം കാരണം അനാഥശാലകൾക്ക് നേരത്തെ കിട്ടിക്കൊണ്ടിരുന്നത്ര സഹായം കിട്ടുന്നില്ല. അവർക്ക് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് തുക വളരെ അടിയന്തിരമായി വർദ്ധിപ്പിക്കണം. ഈ സർക്കാർ വന്നതിനുശേഷം 8.34 കോടി രൂപ ഗ്രാന്റ് തുക കൊടുക്കുവാൻ കുടിശ്ശികയുണ്ട്. അത് വളരെ പെട്ടെന്ന് കൊടുക്കണം. ആ ഗ്രാന്റ് തുക വർദ്ധിപ്പിക്കുവാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. അവിടെ ജോലിചെയ്യുന്ന വർക്കർമാർക്ക് വേതനം വർദ്ധിപ്പിക്കണം. വർക്കർമാർക്ക് 2000 രൂപയായും ഹെൽപ്പർമാർക്ക് 1500 രൂപയായും വേതനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. ജീവനക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ക്ഷേമനിധി രൂപീകരിക്കണം. ആ ക്ഷേമനിധിയിൽ അവർക്കുള്ള ഭവനനിർമ്മാണ വായ്പ, ചികിൽസാ സഹായം തുടങ്ങിയ മറ്റാനുകൂല്യങ്ങൾ നൽകുവാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം. എന്റെ മണ്ഡലത്തിൽ പല സ്ഥലത്തും അംഗൻവാടികളില്ല. അത് ഒട്ടേറെ തവണ മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു അംഗൻവാടിപോലുമില്ലാത്ത വാർഡുണ്ട്. അംഗൻവാടികളില്ലാത്ത പ്രദേശങ്ങളിൽ പുതിയ അംഗൻവാടികൾ അനുവദിച്ചുതരാനും അതിന് കെട്ടിടത്തിനും മറ്റും സൗകര്യമുണ്ടാക്കുന്ന കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശുഷ്ക്കാന്തി കാണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ സർക്കാർ വന്നതിനുശേഷം പ്രഖ്യാപിച്ച 'ഒരു കപ്പുപാലും ഷേക്ഹാന്റും' പദ്ധതി ഇന്ന് അവതാളത്തിലാണ്. മൂന്നു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പദ്ധതി പരിഷ്ക്കരിച്ചു നടപ്പാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. സ്കൂളിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് ഗ്രാന്റ് നൽകിയിരുന്നു. എന്റെ മണ്ഡലത്തിൽ ഹൈസ്കൂളുകളിൽ വളരെ നാളായി ഇതുകിട്ടുന്നില്ല. ഒന്നുരണ്ട് തവണ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അവിടെയുള്ള കുട്ടികൾക്ക് ഈ ഗ്രാന്റ് കഴിഞ്ഞ എട്ടുവർഷമായി നൽകുന്നില്ല. ഗ്രാന്റ് യഥാസമയം നൽകുവാൻ ആവശ്യമായ നടപടി ഉണ്ടാകണം. കഴിഞ്ഞ നിയമസഭയിൽ യു.ഡി.എഫ്. ഉയർത്തിക്കാണിച്ച പ്രകടനപത്രികയിൽ പറഞ്ഞ വളരെ പ്രധാനപ്പെട്ട വിഷയമാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുകയെന്നത്. ആ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഇനിയൊരു കാലവിളംബം ഉണ്ടാകാതെ അത് നടപ്പാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. കെ.എ. ചന്ദ്രൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും മുൻകാലത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും കാലോചിതമായ മാറ്റം ഈ രംഗത്തും കാണേണ്ടതുണ്ട്, കാണിക്കേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അച്ചടി ജോലികളെ സംബന്ധിച്ച് ഇന്ന് അഭൂതപൂർവ്വമായ മാറ്റമാണ് വന്നിട്ടുള്ളത്. അത് ഒരു സർക്കാർ ഡിപ്പാർട്ടുമെന്റിന് സമയാസമയങ്ങളിൽ നടപ്പിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽപോലും ആവശ്യത്തിന് നമ്മുടെ മേഖലയിൽ അത് കൊണ്ടുവരാൻ കഴിയണം. അച്ചടി ഡിപ്പാർട്ടുമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും എപ്പോഴും വന്ന് എന്തുംചെയ്ത് പോകാവുന്ന ഒരു രീതിയായിരുന്നു. ആ നിലയിലാണ് മുൻകാലങ്ങളിൽ ഓവർടൈം കൊടുത്തുകൊണ്ടിരുന്നതെന്നറിയുന്നു. ഉദ്യോഗസ്ഥർ ടൈമിന് വന്ന് അവരെക്കൊണ്ട് ചെയ്യേണ്ട ജോലികൾ ചെയ്യിപ്പിക്കുകയും സമയത്തിന് പോവുകയും ചെയ്യുന്ന സ്ഥിതിവരുത്തിക്കണ്ടതിൽ അതിയായ സന്തോഷമുണ്ട്. 1999-2000-ൽ ഓവർടൈമിനത്തിൽ 444 ലക്ഷംരൂപ കൊടുത്തതായി കാണുന്നു. ജോലിചെയ്യുന്നവർക്ക് കൂലി കൊടുക്കണം. പക്ഷേ അത് വേണ്ടതുപോലെ നിയന്ത്രിച്ചതിന്റെ ഫലമായി 2003-04-ൽ ഓവർടൈം തുക 62.04 ലക്ഷം രൂപ ആയി കുറഞ്ഞിട്ടുണ്ട്. അത് വകുപ്പ് ഭരണത്തിലെ കാര്യക്ഷമതയായി കാണുന്നു, അഭിനന്ദനങ്ങൾ. ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ് നമുക്കുതന്ന കാര്യവിവരപട്ടികയിൽ കേരള സംസ്ഥാന യുവജനക്ഷേമം, എന്തുകൊണ്ടാണെന്ന് അറിയില്ല, വിട്ടുപോയിരിക്കുന്നു. വിട്ടുപോകുവാൻ പാടില്ലാത്തതാണ്. നമുക്ക് യുവജനങ്ങളെ മറക്കുവാൻ പറ്റില്ലല്ലോ? മാത്രവുമല്ല ഓർക്കേണ്ടത് അത്യാവശ്യവുമാണ്. ഇന്ന് നമ്മുടെ യുവതീയുവാക്കൾ മുൻകാലങ്ങളെ അപേക്ഷിച്ച് ബുദ്ധിയും ശക്തിയും ഉള്ളവരാണ്. കായികാദ്ധ്വാനം നന്നേ കുറവാണ്. കലാവാസനകളായാലും അവരിൽ അന്തർലീനമായ മറ്റ് സൽക്കർമ്മങ്ങൾക്കുവേണ്ടിയുള്ള പ്രവൃത്തിയായാലും അത് പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. മറ്റ് തിരക്കുകൾക്കിടയിലും അതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടത് അത്യാവശ്യമാണ്. അതിൽ നിരവധി കാര്യങ്ങൾ ചെയ്തുകാണുന്നതിൽ സന്തുഷ്ടി പ്രകടിപ്പിക്കുകയാണ്. കേരളോൽസവം 2004, യുവാക്കൾക്ക് നേതൃത്വ പരിശീലന ക്യാമ്പ്, മുഖ്യമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി തുടങ്ങി നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിയിലൂടെ നാട്ടിൻപുറത്ത് ഇന്നലെകളിൽ അച്ചാർ, ജാം, സ്ക്വാഷ് തുടങ്ങിയ വിഭവങ്ങൾ തയ്യാറാക്കിയിരുന്നു. അത് തയ്യാറാക്കി വിപണനം നടത്താൻ ആവശ്യമായ സാമ്പത്തിക സഹായവും സൗകര്യവും സാമൂഹ്യമര്യാദയനുസരിച്ചുള്ള പ്രോൽസാഹനവും നൽകേണ്ടത് എന്നത്തേക്കാളേറെ ആവശ്യമാണ്. വിഷം ചേർന്ന ഭക്ഷ്യസാധനങ്ങളാണ് മിക്ക സ്ഥലത്തും ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. അതിൽനിന്ന് നേരായ മാർഗ്ഗത്തിലേക്ക് പോകാൻ നമ്മുടെ മുൻതലമുറക്കാർ നമുക്കായി ഒരുക്കിത്തന്ന വിഭവങ്ങൾ അതിന്റേതായ അംഗീകാരത്തോടെ ഉണ്ടാക്കുകയും വിളമ്പുകയും സംസ്കരിക്കുകയും വേണം. ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ അനുകരിക്കാവുന്ന വയാണ്. അതുപോലെ ലഹരിവിരുദ്ധ സെമിനാറുകൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ചിത്രരചനാ പരിശീലനം, കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം, തൊഴിൽ പരിശീലനം തുടങ്ങി യുവതീയുവാക്കൾക്ക് പരിശീലനവും അവ നടത്തുന്നവർക്ക് ആവശ്യമായ സഹായവും അംഗീകാരവും നൽകിയിട്ടുണ്ട്. ഇന്ന് വിനോദസഞ്ചാരം എന്നുവച്ചാൽ ആരുംകാണാത്തിടത്ത് ആർക്കുംവന്ന് എന്തുംപറഞ്ഞ് എന്തും ചെയ്തുപോകാമെന്ന ഒന്നായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടോ എന്ന് എനിക്ക് സംശയ മുണ്ട്. നെല്ലിയാമ്പതിയിൽ ആയാലും തേക്കടിയിലായാലും പറമ്പിക്കുളത്തായാലും കുറേ മദ്യവും മറ്റുവേണ്ടപ്പെട്ടവരുമായി വന്നുപോകുന്നതിനെ വിനോദസഞ്ചാരമെന്ന് പറയരുതെന്നുമാത്രമല്ല, അത് തെമ്മാടിത്തമാണെന്ന് പറയുവാൻ ധൈര്യം കാണിക്കുകകൂടി ചെയ്യണം. വിനോദസഞ്ചാരത്തിന് അനുഗൃഹീതമായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളാണല്ലോ പ്രകൃതി നമുക്ക് ഒരുക്കിത്തന്നിട്ടുള്ളത്. നമ്മുടെ കേരളക്കരയിൽ ജനിച്ചുവളരുന്ന കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും പരിശീലനവും നൽകി പുറം രാജ്യങ്ങളിലേക്ക് അയയ്ക്കലും പുറം രാജ്യങ്ങളിൽ നിന്നും മാനസിക സംഘർഷംകൊണ്ട് സമാധാനമില്ലാതെ നിൽക്കുന്ന ആളുകൾക്ക് അല്പമെങ്കിലും സമാധാനത്തോടുകൂടി നമ്മുടെ കേരളക്കരയിൽ വന്ന് താമസിക്കാൻ വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കലുമല്ലാതെ നമുക്ക് മറ്റു പോംവഴികളൊന്നുമില്ല. അതുകൊണ്ട് നമുക്ക് അനുയോജ്യമായ നിലയിൽ നമ്മുടെ നാട്ടിൽ വിനോദസഞ്ചാരമുണ്ടാകണം. മുൻകാലങ്ങളിൽ പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക്, അപ്പർ പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക്, കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് സിലബസ് അനുസരിച്ചൊക്കെ പഠനപര്യടനയാത്രകളുണ്ട്. ഇന്ന് അത്തരം പഠനപര്യടന യാത്രകൾ നടത്തുന്നത് അപൂർവ്വമായിട്ടുണ്ട്. കാരണം എല്ലാവരും തിരക്കിലാണ്, പ്രത്യേകിച്ചും അധ്യാപകർ. അധ്യാപകർക്ക് പഠിക്കാനും ഇതുപോലെ കാര്യങ്ങൾ ചെയ്തുകൊടുക്കാനും അല്പം leisure കൊടുത്തിട്ടുണ്ടെങ്കിലും അത് പലരും ചെയ്യുന്നില്ല. ആ തരത്തിലേയ്ക്ക് നമ്മുടെ ഡി.റ്റി.പി.സി.യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പഠനപരിപാടികൾ നടത്തുകയും അതിൽനിന്നും വരുന്ന 10% കുട്ടികളുടെ വീട്ടിൽ രക്ഷിതാക്കന്മാർ നമ്മുടെ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്താൽ ഇന്ന് കുടുംബങ്ങളിൽ കാണുന്ന മാനസിക സംഘർഷം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. ഇത് ചെറിയ ചെലവിലും സുരക്ഷിതമായും നടത്താൻകഴിയുന്നതുമുള്ള ഏർപ്പാട് വേണം. അതിന് Eco Tourism, Farm Tourism ഇതൊക്കെ വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്. അതിന് ഗവൺമെന്റ് കാണിക്കുന്ന ജാഗ്രത അഭിനന്ദനാർഹമായിട്ടുള്ളതാണ്. അതിൽ നെല്ലിയാമ്പതിയും പറമ്പിക്കുളവും മറ്റു നിരവധി സ്ഥലങ്ങളും നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിൽ സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാൻ ജാഗ്രത വളർത്തേണ്ടതായിട്ടുണ്ട്. നെല്ലിയാമ്പതിയിൽ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചിട്ടുള്ള ടൂറിസത്തിന്റെ ഒരു കെട്ടിടനിർമ്മാണം ഇനിയും പൂർത്തിയാക്കാതെയും വഴികാണാതെയും നിൽക്കുന്നു. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിനും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനുമൊക്കെ തമ്മിൽത്തമ്മിൽ പറഞ്ഞുതീർക്കാൻ കഴിയുന്ന കാര്യങ്ങൾ കാലവിളംബം കൂടാതെ ചെയ്യേണ്ടത് അത്യാവശ്യമാണ്. മാത്രവുമല്ല, ഈ മലമുകളിലേയ്ക്കുള്ള സഞ്ചാരം കൂടിയാൽ, ആ മലയെക്കുറിച്ച്, ആ സ്ഥലത്തെക്കുറിച്ചൊക്കെ നല്ല വിജ്ഞാനമുള്ള ആദിവാസി സഹോദരങ്ങൾ, അതുപോലെ അവിടെ ജനിച്ചുവളർന്ന ആളുകൾ നിരവധിയുണ്ട്, ഇത് കണ്ടിട്ടില്ലാത്ത കേട്ടിട്ടില്ലാത്ത ആളുകൾ ആ പ്രദേശത്തേക്ക് വരുമ്പോൾ പരമ്പരാഗതമായി അവർക്കു ലഭിച്ച അറിവുവച്ച് ഇവരെ ഗൈഡുകളായി നിയോഗിച്ച് സംരക്ഷണവും സൗകര്യവും ചെയ്തുകൊടുക്കുന്ന നിലയിലേക്കു വന്നാൽ നിരവധി ആളുകൾക്ക് തൊഴിൽ സാധ്യതയുണ്ട്, പക്ഷേ നല്ല പെരുമാറ്റമായിരിക്കണം. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതുപോലെ അങ്ങനെ വരുന്ന ആളുകളോട് ഭീകരതാണ്ഡവം നടത്തുന്ന ഏർപ്പാടുണ്ടാകാതെ സൂക്ഷിക്കണം. അങ്ങനെ എവിടെയെങ്കിലും ഉണ്ടാകുന്നുവെങ്കിൽ നിഷ്ക്കരുണം പോലീസും അതുപോലെ പൊതുപ്രവർത്തകരും പെരുമാറുന്ന ഒരവസ്ഥയ്ക്ക് വേണ്ടുന്ന സൗകര്യവും ഒരുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ കൊച്ചു കേരളത്തിന്, ലോകത്തിന്റെ പലഭാഗത്തും

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടൂറിസ്റ്റ് ഏജൻസികൾ പ്രത്യേകം മുൻതൂക്കം കൊടുത്തിട്ടുണ്ട്. ആനയ്ക്കറിയില്ല ആനയുടെ വലിപ്പമെന്നതുപോലെ കേരളക്കരയിൽ കഴിയുന്ന നമുക്ക് നമ്മുടെ വലിപ്പത്തെക്കുറിച്ച് അറിയാതെ ഇവിടേയ്ക്ക് വരാൻ ഒരുങ്ങിനിൽക്കുന്ന ആളുകളെ വേണ്ടതുപോലെ മര്യാദയോടുകൂടി കൊണ്ടുവരാൻ കഴിയാതിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനുവേണ്ടി ജാഗ്രതയോടുകൂടി ബന്ധപ്പെട്ട ആളുകൾ പ്രവർത്തിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. സാമൂഹ്യക്ഷേമം വിവിധ ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയാണ് ഇത് കൈകാര്യം ചെയ്യുന്നത്. വളരെയേറെ ജോലിത്തർക്കങ്ങൾക്കിടയിലും ഈവക കാര്യങ്ങൾക്ക് അദ്ദേഹം മുൻതൂക്കം നൽകുന്നുണ്ട്. ഇതിൽ അതിപ്രധാനമായ ഒന്നാണ് നമ്മുടെ അംഗനവാടികൾ. നിർഭാഗ്യവശാൽ ചില സ്ഥലത്തെങ്കിലും ആർക്കും കൊട്ടാനുള്ള ഒരു ചെണ്ടയായി പാവം അംഗൻവാടി വർക്കേഴ്സ് മാറിയിട്ടുണ്ട്. ഇവരുടെ നിയന്ത്രണം പഞ്ചായത്തുകൾക്കാണ്, അത് രാഷ്ട്രീയപ്രേരിതമായി ചിലപ്പോൾ വരികയും ചെയ്യും. അങ്ങനെ വരുമ്പോൾ ഇവരെ എന്തിനു നിയോഗിക്കണം? നിയോഗിക്കാൻ പാടില്ലാത്ത ഒന്നുമില്ല, എല്ലാത്തിനും നിയോഗിക്കുക എന്നുള്ള ഒരു സ്ഥിതിവിശേഷം വരികയും കൊച്ചുകുട്ടികളെ പാടിക്കാനും ആടിക്കാനും ഭക്ഷണം കൊടുക്കാനും ഉറക്കാനും അമ്മമാർക്കും പെങ്ങന്മാർക്കും പരിചരണം നൽകാനുമൊക്കെ നിയോഗിക്കപ്പെട്ട സാമൂഹ്യ പ്രതിബദ്ധതയുള്ള ഈ അംഗൻവാടി വർക്കേഴ്സിന് സാമൂഹ്യ മര്യാദയോടൊപ്പംതന്നെ നമ്മുടെ സാമ്പത്തിക പരാധീനതയിലും മെച്ചപ്പെട്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അംഗൻവാടിയുടെ കെട്ടിടം മുൻകാലത്ത് കിട്ടിയസ്ഥലത്ത് കെട്ടിക്കൊടുക്കുക എന്നുള്ള ഒരു സമീപനമായിരുന്നു കിട്ടിയിടത്തു കെട്ടേണ്ട ഒന്നല്ല നമ്മുടെ അംഗൻവാടികൾ, നമ്മുടെ കുട്ടികൾ വൃത്തിയുള്ള, സൗകര്യമുള്ള സ്ഥലത്ത് ഇരിക്കുകയും പാഠിക്കുകയും ചെയ്യാനുള്ളതാണ്. അതിനുതക്ക സൗകര്യമൊരുക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ? പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അതിനുവേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുകയുമൊക്കെ ചെയ്ത് അവർക്ക് അംഗീകാരവും മറ്റുമെച്ചപ്പെട്ട സ്ഥിതിയും നൽകണം. അതുപോലെ അതിപ്രധാനമായ ഒന്നാണ് പട്ടികജാതി പട്ടികവർഗ്ഗ വികസനകാര്യം. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായി ഈ ഗവൺമെന്റ് വന്നപ്പോൾ ഇന്നുവരെ ആരും ചെയ്യാത്ത നിലയിൽ കാടിന്റെ മക്കൾക്ക് സ്വന്തമായി ഭൂമി കൊടുക്കാൻ ദൃഢനിശ്ചയമെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. അത് നേരെചൊവ്വേ നടക്കാതിരിക്കാൻ ബന്ധപ്പെട്ട ആളുകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്ത് അതിനെ ഇന്ന് മോശപ്പെട്ട നിലയിലാക്കിയിട്ടുണ്ട്. കാടിന്റെ മക്കൾക്ക് ഒരേക്കർ മുതൽ 5 ഏക്കർവരെ ഭൂമികൊടുക്കാൻ തീരുമാനിക്കുകയല്ല ചെയ്തത്, 2145 കുടുംബങ്ങൾക്ക് 3210 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ മെച്ചപ്പെടുത്തിയെടുക്കുന്നതിന് വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകണം. നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, ആ പ്രവർത്തനങ്ങളിൽ അതിപ്രധാനമായതാണ് ഹോസ്റ്റൽ സൗകര്യം. ആ സൗകര്യം ഇന്ന് വേണ്ടവിധത്തിലില്ല. അതാതുപ്രദേശത്തെ ഹോസ്റ്റലുകൾ ജില്ലാകളക്ടർ ഉൾപ്പെടെ മാസത്തിൽ ഒരുതവണ നോക്കണം, ഇതിനായി നിയോഗിച്ച ഡയറക്ടർ മൂന്നുമാസത്തിൽ ഒരിക്കൽ നോക്കണം. അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ നിരവധി കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി താല്പര്യപൂർവ്വം ചെയ്യുന്നുണ്ട്. അതുപോലെ വീടിന്റെ കാര്യത്തിലും സ്വയംതൊഴിലിന്റെ കാര്യത്തിലും നിരവധി പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി എന്ന് എണ്ണിയെണ്ണി പറയാൻ കഴിയുന്നില്ലെങ്കിലും ഇന്നോളമുണ്ടായ ഗവൺമെന്റുകളിൽവച്ച് മെച്ചപ്പെട്ട നിലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ആത്മാർത്ഥതയോടുകൂടി, പ്രതിബദ്ധതയോടുകൂടി, മന്ത്രി പ്രവർത്തിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റുകളുടെ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരള സംസ്ഥാനത്തിന്റെ ഭാവി പ്രതീക്ഷ നമ്മുടെ ടൂറിസം വ്യവസായത്തിലും വിവര സാങ്കേതിക വിദ്യയിലുമാണ്. വൻകിട വ്യവസായങ്ങൾ പലപല കാരണങ്ങൾകൊണ്ട് ഇവിടെ തുടങ്ങാൻ കഴിയുന്നില്ല; തുടങ്ങിയ വ്യവസായങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രശ്നമായ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ നമ്മൾ ബുദ്ധിമുട്ടുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇന്ന് കേരളത്തിൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള സാഹചര്യങ്ങളെ വേണ്ടവിധം വിനിയോഗിച്ചുകൊണ്ട് നമ്മുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുവാനും സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും നടപടികൾ സ്വീകരിക്കണം. മറ്റുപല രാജ്യങ്ങളും, പ്രത്യേകിച്ച് നെതർലാൻഡ് പോലുള്ള രാജ്യങ്ങൾ, അവർക്ക് സ്വാഭാവികമായും ഇല്ലാത്ത കാര്യങ്ങളുണ്ടാക്കി ടൂറിസ്റ്റുകളെ അങ്ങോട്ട് ആകർഷിച്ച് ആ രാജ്യത്തിന്റെ നിലനിൽപ്പുതന്നെ, വരുമാനം പൂർണ്ണമായും ടൂറിസത്തിൽ അടിസ്ഥാനമാക്കി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നാം കാണുന്നത്. നമുക്ക് പ്രകൃതി നൽകിയിരിക്കുന്ന സൗകര്യങ്ങൾ വേണ്ടവിധം വിനിയോഗിച്ചിട്ടില്ല. അത് ലോകമെമ്പാടുമുള്ള ആളുകളുടെയിടയിൽ, ടൂറിസ്റ്റുകളുടെയിടയിൽ, പ്രചരിപ്പിച്ച് അതിൽനിന്നും നമുക്ക് ലഭിക്കേണ്ട നേട്ടങ്ങൾ കൊയ്യുവാൻ പൂർണ്ണമായും കഴിഞ്ഞിട്ടില്ല. പക്ഷേ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. ഇൻഡ്യയിലെവിടെ ചെന്നാലും അവിടുത്തുകാർ കേരളത്തിലെ ടൂറിസത്തെക്കുറിച്ചാണ് ചോദിക്കുന്നത്. കഴിഞ്ഞ വർഷം മൂന്നു ലക്ഷത്തോളം ടൂറിസ്റ്റുകൾ ഇവിടെയെത്തിയപ്പോൾ ഏകദേശം 59 ലക്ഷം രൂപവരെ കേരളത്തിൽ ലഭിക്കുകയുണ്ടായി. അതുപോലെതന്നെ തീർത്ഥാടകരായി ലക്ഷക്കണക്കിന് ആളുകൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ഇതൊക്കെ ടൂറിസം മേഖലയെ പ്രോൽസാഹിപ്പിക്കുവാൻ ഉതകുന്നവയാണ്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് പതിനൊന്നേകാൽ ലക്ഷത്തോളം പേർക്ക് നേരിട്ടും എട്ട് ലക്ഷത്തോളം പേർക്ക് പരോക്ഷമായും ജോലി നൽകുന്ന ഒരു മേഖലയായി ടൂറിസം മേഖല മാറിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് സൂചിപ്പിക്കുവാനുള്ളത്. ഞാൻ കുമരകത്തിന് തൊട്ടടുത്തുനിന്നും വരുന്നയാളാണ്. കുമരകം ഇന്ന് അന്തർദേശീയ പ്രധാന്യമുള്ള ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞു.. കോട്ടയത്തുനിന്ന് കുമരകത്തേയ്ക്ക് പോകുന്ന ഏതൊരു ടൂറിസ്റ്റും വീണ്ടും അങ്ങോട്ടുവരാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

താൽപര്യം കാണിക്കാത്ത തരത്തിലുള്ള മോശമായ ഗതാഗത അസൗകര്യമാണ് കുമരകത്തേയ്ക്കുള്ളത്. അതുകൊണ്ട് ഗതാഗത സൗകര്യത്തിനാവശ്യമായ നല്ല റോഡുണ്ടാക്കണം,. ശുദ്ധജലവിതരണവും വൈദ്യുതി വിതരണവും മെച്ചപ്പെടുത്തണം. വിദേശത്തുനിന്നു വരുന്നവരായാലും സ്വദേശത്തു നിന്ന് വരുന്നവരായാലും ഒരു ടൂറിസ്റ്റ് വരുമ്പോൾ നല്ല വെള്ളം പോലും കുടിക്കാനില്ലെങ്കിൽ പിന്നീട് അയാൾ വരുകയില്ല. നമ്മുടെ റോഡുകൾ മാലിന്യകൂമ്പാരങ്ങളായി മാറുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമില്ലാത്ത പ്രദേശങ്ങളായി മാറ്റുവാനുള്ള നടപടിയുണ്ടാകണം. വിദേശരാജ്യങ്ങളിലെവിടെ പോയാലും നമുക്ക് കാണാൻ കഴിയുന്ന ഒരു പ്രത്യേകതയുണ്ട്—പൊതുസ്ഥലങ്ങളിൽ ഭംഗിയായി മെയിന്റെയിൻ ചെയ്യുന്ന കംഫർട്ട് സ്റ്റേഷനുകൾ കാണാൻ കഴിയും. കേരളത്തിൽ നമ്മുടെ ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റുകളിൽ Public convenience comfort station, pay and use തുടങ്ങിയിട്ടുണ്ട്. കോട്ടയത്ത് ഡി.റ്റി.പി.സി-യുടെ നേതൃത്വത്തിൽ K.S.R.T.C. ബസ് സ്റ്റേഷനിലും ഇത് തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാട്ടിലുള്ള പൊതുസ്ഥലങ്ങളിലെല്ലാം കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊരു കാര്യം പറയുവാനുള്ളത് കടലോര-കായലോര പ്രദേശങ്ങളെ മലയോര ടൂറിസവുമായി ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു പ്രദേശമാണ് കേരളം. കോവളത്തു നിന്ന് പൊൻമുടിയിലേയ്ക്ക്, അല്ലെങ്കിൽ കോട്ടയത്തുനിന്ന് കുമിളിയിലേയ്ക്ക് കടലും കായലും മലയോരവുമായി ഒരുമിച്ചു കിടക്കുന്ന പ്രദേശം ഇൻഡ്യയിലൊരിടത്തുമില്ല. പക്ഷെ ഈ സാധ്യതകൾ വേണ്ടവിധത്തിലുപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. ഗോവയിൽ ചെന്നാൽ അവിടെ conducted tour നടത്തുന്നത് കാണാൻ കഴിയും. ഓരോ ചെറിയ ഡെസ്റ്റിനേഷനുകളേയും ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റുകളെ അവർ കൊണ്ടു നടന്ന് കാണിച്ചുകൊടുക്കും: ആ ടൂറിസ്റ്റുകളിൽ നിന്ന് നാടിന്റെ പുരോഗതിക്ക് നേട്ടമുണ്ടാകുന്ന സാഹചര്യം അവരുണ്ടാക്കിയിട്ടുണ്ട്. എന്തുകൊണ്ട് കേരളത്തിൽ അതുപോലെ നടപ്പാക്കിക്കൂടാ? Home stay പദ്ധതിക്കുവേണ്ടി നമ്മുടെ നാട്ടിൽ നല്ല നല്ല പഴയ തറവാടുകളുണ്ട്. ആ തറവാടുകളൊക്കെ Home stay പദ്ധതിക്കുതകുന്നവയാണ്. കുമരകത്തിന് സമീപത്ത് എന്റെ നിയോജകമണ്ഡലത്തിന്റെ സമീപത്തൊക്കെ ഈ പദ്ധതികൾ കോട്ടയം ഡി.റ്റി.പി.സി-യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. പക്ഷെ അത് വ്യാപകമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ക്കാരം അന്യനാട്ടിലെ ജനങ്ങൾക്ക് നേരിട്ട് കാണാനും അനുഭവിച്ചറിയാനുമുള്ള സാഹചര്യമൊരുക്കണം. ഞാൻ ശ്രീനഗറിൽ പോയപ്പോൾ അവിടത്തെ ഡാൽ തടാകത്തിന്റെ ചുറ്റുമുള്ള ഹൗസ്ബോട്ടുകൾ കാണുകയുണ്ടായി. 2800 ഹൗസ് ബോട്ടുകളാണ് ഒരു തടാകത്തിനുചുറ്റുമുള്ളത്. അവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് അവിടെയുള്ള വീട്ടുകാർ തന്നെ ഭക്ഷണം നൽകുന്നുണ്ട്. അങ്ങനെയുള്ള പ്രവണതകൊണ്ട് ആ നാടിന്റെ സംസ്കാരം മറ്റുള്ളവരിലേയ്ക്ക് പ്രവഹിക്കുകയാണ്. ആ സാഹചര്യമൊരുക്കിയാൽ നമ്മുടെ Home stay പദ്ധതികളെ കൂടുതൽ പ്രോൽസാഹിപ്പിക്കുവാൻ കഴിയും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള ഒരു കാര്യം നമ്മൾ പണം മുടക്കി നിർമ്മിക്കുന്ന പല പദ്ധതികളും വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതാണ്. ഉദാഹരണത്തിന് കുമരകത്തെ കവണാറ്റിൻകരയിൽ 60 ലക്ഷത്തിലേറെ രൂപ മുടക്കി അവിടത്തെ ടൂറിസ്റ്റുകൾക്കുവേണ്ടി ഒരു അമിനിറ്റി

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുണ്ടാക്കിയിട്ടുണ്ട്. CPWD പണിത് ഏൽപ്പിച്ചു. മാന്നാനത്ത് ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ 10 ലക്ഷം രൂപ മുടക്കി ഒരു കെട്ടിടം പണിതിട്ടുണ്ട്. അതുപോലെ എരുമേലിയിലെ pilgrim centre-ൽ 64 ലക്ഷം രൂപ മുടക്കി ഏതാണ്ട് നാലേക്കർ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി. കോട്ടയം റെയിൽവേ സ്റ്റേഷനിൽ ഇൻഫർമേഷൻ സെന്ററിന്റെ പണി കഴിഞ്ഞിട്ടുണ്ട്. ഇതൊന്നും ഇതുവരെ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെയുള്ള സെന്ററുകൾ പൂർണ്ണമായും ടൂറിസ്റ്റുകൾക്കുപയോഗിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് കേരളത്തെ മലയാളമാക്കിയത് ഈ മണ്ണിന്റെ മക്കളാണ്. മലയിൽ താമസിക്കുന്ന, മാളങ്ങളിൽ താമസിക്കുന്ന, താവളങ്ങളിൽ താമസിക്കുന്ന, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാർ കൂടി ജീവിക്കുന്നതുകൊണ്ടാണ് ഇത് മലയാള നാടായി മാറിയത് എന്നാണ് ചരിത്രം. ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഡോ. എം. എ. കുട്ടപ്പൻ കഴിഞ്ഞ മൂന്നു വർഷക്കാലം കഠിനമായി പ്രയത്നിച്ചതിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ആരും പറയുന്നില്ല. അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്ത് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് എന്റെ ചെവിയിൽ കേട്ടത് 'സഹായ ഗിരിഗിരി' എന്നാണ്. ഗിരി എന്നു പറഞ്ഞാൽ ശിവനാണ്. ആ ശിവൻ കടൽ, മല എന്നിവിടങ്ങളിലെല്ലാം വ്യാപിച്ചുകിടക്കുകയാണ്. അങ്ങനെയുള്ള ശിവനാണ് ഡോ. എം. എ. കുട്ടപ്പൻ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു ഗിരിയെപ്പോലെ സഹായങ്ങൾ വാരിക്കൊടുത്തതുകൊണ്ടാണ് 'സഹായ ഗിരി'യായത്. അതുകൊണ്ട് 'സവാരി ഗിരിഗിരി' എന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് തിരുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇന്ന് നമ്മുടെ കേരളത്തിന്റെ സ്ഥിതി എന്താണ്? വളരെയധികം മാറ്റങ്ങളുണ്ടായില്ലേ? പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കഴിഞ്ഞ കാലങ്ങളിൽ നമുക്ക് എന്തെങ്കിലും കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? അവർക്കാവശ്യം അറിവാണ്. ഒന്നും കൊടുക്കാൻ സാധിച്ചില്ലെങ്കിലും അവർക്ക് അറിവ് കൊടുത്താൽ മതി. ഞാൻ ശ്രീ. കെ. രാധാകൃഷ്ണനെ കുറ്റം പറയുകയില്ല. അദ്ദേഹം ഒരുപാട് കാര്യങ്ങൾ ചെയ്ത വ്യക്തിയാണ്. ഒരുപാട് എം.ആർ.എസ്. സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. എം.ആർ..എസ്. സ്കൂളുകളുടെ സ്ഥിതിയെന്താണെന്നുള്ളത് നമ്മൾ പരിശോധിക്കാറുണ്ടോ? അവിടെ നേട്ടങ്ങളാണോ കോട്ടങ്ങളാണോ ഉണ്ടായിട്ടുള്ളതെന്ന് നമ്മൾ പരിശോധിക്കണ്ടേ? കേരളത്തിലെ മുഴുവൻ ജില്ലകളിലുമുള്ള എം.ആർ.എസ്. സ്കൂളുകൾ സന്ദർശിച്ചിട്ടുള്ള ഒരാളാണ് ഞാൻ. നൂറു ശതമാനം വിജയം കൊയ്തിട്ടുള്ള എം.ആർ.എസ്. സ്കൂളുകളുണ്ട്. ആ നേട്ടങ്ങളുടെയൊക്കെ അവകാശി ആരാണ്? അപ്പുറത്തിരിക്കുന്ന ആൾക്കാരാണോ? അല്ല ഡോ. എം. എ. കുട്ടപ്പനാണ്. ആ വകുപ്പിൻകീഴിൽ റെസ്പോൺസിബിലിറ്റിയോടുകൂടി പ്രവർത്തിച്ച ആ മാന്യനെ നമ്മൾ ബഹുമാനിക്കണ്ടേ? അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം കൊടുക്കാൻ തയ്യാറായത് ഈ ഗവൺമെന്റല്ലേ? കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ കംപ്യൂട്ടർ ഉണ്ടായിരുന്നു. നമ്മൾ കംപ്യൂട്ടറിനെ എതിർത്ത ആൾക്കാരാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കംപ്യൂട്ടർ

പരിശീലനം കൊടുക്കാൻ സാധിച്ചതുതന്നെ നല്ല കാര്യമല്ലേ? ഇതിനകത്ത് കുറവുകളുണ്ടോയെന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് എല്ലാവർക്കും കുതിരകയറാനുള്ള ഒരു വകുപ്പല്ല. കേരളത്തിലെ വകുപ്പുമേധാവികളെ വിളിച്ച് അവരോട് സംസാരിക്കുകയും, ആ വകുപ്പുകളിലുണ്ടായിട്ടുള്ള നേട്ടങ്ങളേയും കോട്ടങ്ങളേയും വിലയിരുത്തുകയും, വികസന കാര്യങ്ങളുണ്ടെങ്കിൽ അത് ഇംപ്ലിമെന്റ് ചെയ്യാനാവശ്യമായ നടപടിയെടുക്കുകയും ചെയ്ത ഒരു വകുപ്പാണ് ഇത്. ടി.എസ്.പി. ഫണ്ട് മുഴുവൻ വിതരണം ചെയ്യാനുള്ള ഒരു വകുപ്പാണ്. അപ്പോൾ വകുപ്പുമേധാവികളെ വിളിച്ച് സംസാരിക്കുന്നതിനും കമ്മിറ്റി കൂടുന്നതിനും എന്താണ് പേടി, എന്താണ് മടി? ഈ ഗവൺമെന്റ് 333.33 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. നമ്മൾ പഞ്ചായത്തിന് ഫണ്ട് കൊടുത്താൽ മാത്രം മതിയോ? ആ ഫണ്ട് ചെലവാക്കിയിട്ടുണ്ടോയെന്ന് നോക്കണ്ടേ? ഫണ്ട് വാങ്ങിച്ചയാൾക്കാർ അത് ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണ്ടേ? പരിശോധിക്കണം. അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ടി.എസ്.പി., എസ്.സി.പി. ഫണ്ടാണ്. ആ ഫണ്ട് കൊടുത്തതോടുകൂടി നമ്മുടെ ഉത്തരവാദിത്വം തീർന്നെന്ന് കരുതരുത്. മുഖ്യമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതികൾ ഒരുപാട് ഇൻട്രോഡ്യൂസ് ചെയ്തിട്ടുള്ളതാണ്. ഈ ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വിലയിരുത്തണ്ടേ? കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ബോട്ടിംഗ് സർവ്വീസ് തുടങ്ങി നിരവധി തൊഴിൽ പരിശീലനങ്ങൾ കൊടുക്കുന്നതിനുവേണ്ടി ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതോടുകൂടി നിർത്തരുത് എന്നാണ് എന്റെ അഭിപ്രായം. വിദേശത്ത് ജോലി ലഭിക്കാനായി ഇവിടെ നിരവധി ജോബ്-ഓറിയന്റഡ് കോഴ്സുകളുണ്ട്. ഹോട്ടൽ മാനേജുമെന്റ് ധാരാളം തൊഴിൽ സാദ്ധ്യത നേടിത്തരുന്ന ഒരു മേഖലയാണ്. ധാരാളം തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് വിദേശത്ത് നല്ല തൊഴിൽ സാദ്ധ്യതയുള്ള ഒരു കോഴ്സാണ് ഹോട്ടൽ മാനേജുമെന്റ്. അതിന് ആവശ്യമായ പരിശീലനം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. തൊഴിലില്ലാതെ കഷ്ടപ്പെടുന്ന നല്ലൊരു ശതമാനം യുവതീയുവാക്കൾക്ക് കേരളത്തിലും വിദേശ രാജ്യങ്ങളിലും ഇതുമൂലം തൊഴിൽ ലഭിക്കും.

<u>ശ്രീ. സാജുപോൾ:</u> അങ്ങ് ഇവിടെ ടൂറിസം വികസിപ്പിക്കാൻവേണ്ടി പല നിർദ്ദേശങ്ങളും പറയുകയുണ്ടായി. സമാധാനപരമായ അന്തരീക്ഷമുള്ള നാട്ടിലേയ്ക്കല്ലേ ടൂറിസ്റ്റുകൾ വരികയുള്ളൂ? അങ്ങയുടെ പാർട്ടിയിലെ മുന്നണിയുടെ അടികലശൽ മൂലം വിദേശ ടൂറിസ്റ്റുകൾ ഈ പ്രദേശത്തെ ഒഴിവാക്കിയിരിക്കുകയാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ബഹുമാനപ്പെട്ട സാജുപോൾ ചോദിച്ചത് നിയമസമാധാന പ്രശ്നമല്ലേ? മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, മാർക്സിസ്റ്റ് പാർട്ടി ജനങ്ങൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുമെന്ന് തീരുമാനമെടുത്തു. അതിന്റെ മുന്നോടിയായിട്ടാണ് നാദാപുരത്ത് ബോംബ് ഉണ്ടാക്കി ഒരാൾ മരിച്ചതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ? ആരാണ് ബോംബ് ഉണ്ടാക്കുന്നതെന്ന് അറിയാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: ഞാൻ നേരത്തേ പറഞ്ഞതുപോലെ തമിഴിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'മാമിയാർ ഉടച്ചാൽ മൺകുടം', 'മരുമകൾ ഉടച്ചാൽ പൊൻകുടം'. അപ്പുറത്തുള്ളവർ ചെയ്യുന്നത് എല്ലാം ശരി, ഇപ്പുറത്തുള്ളവർ ചെയ്യുന്നതെല്ലാം കുറ്റമാണ്. ആ രീതി മാറ്റണം സഹോദരാ.

ശ്രീ. ജോണി നെല്ലൂർ: ഇപ്പോൾ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരാൻ മടിക്കുന്നത് ഇവിടെ സമാധാനം ഇല്ലാത്തതുകൊണ്ടാണ് എന്നാണല്ലോ അങ്ങ് പറഞ്ഞത്. ബഹുമാനപ്പെട്ട സാജുപോൾ അങ്ങയോട് ചോദിച്ചത് ടൂറിസ്റ്റുകൾ വരാൻ മടിക്കുന്നു എന്നുള്ളതാണ്. അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എറണാകുളത്തും കൊച്ചിയിലുമൊക്കെ ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അവരൊക്കെ പെരുമ്പാവൂർ വഴി പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. മണി: ബഹുമാനപ്പെട്ട മെമ്പർ സാജുപോളിനെ പേടിച്ചിട്ടാണ് അത് സംഭവിക്കുന്നത്. എന്റെ നാട്ടിൽക്കൂടി വരേണ്ട ആളുകളാണ്. മൂന്നാറിൽക്കൂടി വരേണ്ട ആളുകളാണ്. ദയവുചെയ്ത് അങ്ങ് ഉപദ്രവിക്കരുത്. തൊഴിൽ സാദ്ധ്യതയുള്ള ഹോട്ടൽ മാനേജുമെന്റുപോലുള്ള കോഴ്സുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പരിശീലനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഇവിടെ എല്ലാപേരും പറയുന്നത് ഇൻഫർമേഷൻ ടെക്നോളജിയെ സംബന്ധിച്ചാണ്. വളരെ സന്തോഷമുള്ള കാര്യമാണ്. ഇൻഫർമേഷൻ ടെക്നോളജി എന്നു പറയുന്നത് ഒരു കൊമേഴ്സ്യൽ ഫീൽഡാണ്. ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര പേർക്കാണ് ഈ വർഷം പരിശീലനം നടത്താനുള്ള ചാൻസ് കിട്ടിയത് എന്നുള്ളതുംകൂടി ഗവൺമെന്റ് വിലയിരുത്തുകയും ഇത്തരം സമുദായത്തിൽപ്പെട്ട ആളുകൾക്ക് ചാൻസ് കിട്ടാതിരുന്നിട്ടുണ്ടെങ്കിൽ അതുകൂടി പരിശോധിച്ച് ആവശ്യമുള്ള നടപടി സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കളക്ടർമാർ ഒരുപാട് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടത്തിൽ ഏതാണ്ട് ആറു പേർ കേരളത്തിൽ കളക്ടർമാരായി. ഇപ്പോൾ കളക്ടർമാരില്ല. എന്തുപറ്റിയെന്ന് അറിയില്ല. അത് ബഹുമാനപ്പെട്ട ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകണം. അതുപോലെ അഡ്രോസിറ്റീസ് ആക്ട് ഇവിടെ നിലവിലുണ്ട്. പുതിയതായിട്ടൊന്നും കൊണ്ടുവരേണ്ട ആവശ്യമില്ല. ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നുണ്ടോയെന്നുകൂടി പരിശോധിക്കണം. ബഹുമാനപ്പെട്ട ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ രൂപീകരിക്കാൻവേണ്ടി ഒരു തീരുമാനമെടുത്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി, അവരുടെ നൻമയ്ക്കുവേണ്ടി ഇത് നല്ല കാര്യമാണ്. ആ കമ്മിഷൻ ഭരണഘടനയുടെ ആർട്ടിക്കിൾ 707 പ്രകാരമാണ് രൂപീകരിക്കേണ്ടത്. ഗവൺമെന്റിലേയ്ക്ക് അയച്ചിട്ട് ഇതുവരെ സാംഗ്ഷൻ കിട്ടിയില്ലായെന്നുപറയുന്നത് ശരിയല്ല. അത് എത്രയും വേഗം ഉത്തരവാക്കി, പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്റെ മണ്ഡലത്തിലാണ് മൂന്നാർ ടൂറിസം മേഖല. മൂന്നാറിലേയ്ക്ക് പോകാൻ ഒരു എയ്റോഡ്രോം എത്രയും വേഗം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എസ്.സി./എസ്.ടി. വെൽഫെയർ, ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ്, ടൂറിസം, സോഷ്യൽ വെൽഫെയർ എന്നീ കാര്യങ്ങളിൽ നല്ല നേതൃത്വം കൊടുത്ത് മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രിമാരെ അഭിനന്ദിക്കുകയും നൻമ നേരുകയും ചെയ്യുകയാണ്. സോഷ്യൽ വെൽഫെയറിനെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം സാമൂഹ്യക്ഷേമ രംഗത്ത് നല്ല ചില സ്വാഗതാർഹമായ നടപടികൾ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ഇൻഡസ്ട്രീസ് & ഐ. ടി. വകുപ്പുമന്ത്രി എന്നു പറയുന്നതിനുപകരം സോഷ്യൽ വെൽഫെയർ, ഇൻഡസ്ട്രീസ് & ഐ.ടി. വകുപ്പുമന്ത്രി എന്നു പറയണമെന്നുള്ള പക്ഷക്കാരനാണ് ഞാൻ. മനുഷ്യന്റെ കാര്യത്തിൽ അത്രയും പ്രയോറിറ്റി കൊടുക്കേണ്ട വകുപ്പാണ്. അത് ഒരു പ്രയോറിറ്റിയായിട്ടുതന്നെ മാറ്റണമെന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയാണ്. അഗതികൾ, അനാഥകൾ, ആലംബഹീനർ, അവശർ, അംഗനവാടിയിലെ ജീവനക്കാർ, അന്ധർ, ബധിരർ, മൂകർ, വികലാംഗർ തുടങ്ങി ദയ അർഹിക്കുന്ന ജനവിഭാഗങ്ങളുള്ള ഒരു വകുപ്പാണ് അദ്ദേഹം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു സാന്ത്വന സ്പർശംപോലെ പുണ്യ കർമ്മമായിത്തീരുന്ന വകുപ്പുകളാണ് അദ്ദേഹം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് ധാരാളം മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. അംഗൻവാടി ടീച്ചർമാരെപ്പറ്റിയും അംഗൻവാടി വർക്കർമാരെപ്പറ്റിയും ഇവിടെ സൂചിപ്പിച്ചു. Work is worship എന്ന ഒരു സിദ്ധാന്തമുണ്ട്. Work is worship എന്ന സിദ്ധാന്തം ഫലത്തിൽ നടപ്പിലാക്കുന്ന ഒരു വിഭാഗമാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. അവരുടെ കാര്യത്തിൽ ആത്മാർത്ഥമായ ക്ഷേമകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വികലാംഗരുടെ കാര്യം: A department which bridge up the gap between disablement and enablement. എന്ന വലിയൊരു പവിത്രമായ വകുപ്പാണ്. അംഗവൈകല്യമുള്ളവർക്ക് വേണ്ടിയുള്ള ഒരു വകുപ്പ് എന്നുള്ള നിലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. നമുക്ക് ഒരു വികലാംഗ ക്ഷേമ കോർപ്പറേഷനുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ ഉൾപ്പെടെ നടപ്പിലാക്കാൻവേണ്ടി ഒരു കമ്മിഷണറേറ്റ് ഉണ്ട്. പക്ഷേ ഇങ്ങനെയൊക്കെ ഉണ്ടായിട്ടുപോലും ഈ രംഗത്ത് കാര്യമായി ഒരുപാട് കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. അത് അദ്ദേഹം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ലോകത്തിൽ 60 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ നല്ലൊരുശതമാനം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇൻഡ്യ. 70 വയസ്സിനുമുകളിലുള്ള വൃദ്ധൻമാരുടെ എണ്ണം കേരളത്തിൽ കൂടിവരികയാണ്. വൃദ്ധരുടെ കാര്യം ഇന്ന് ലോകം മുഴുവൻ സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. വയസ്സാകുന്ന കാലത്ത് നോക്കാൻ ആരാണ്? ഞാൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഇവിടെ ഒരു ഓൾഡ് ഏജ് ഹോം ഉണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഉദ്യോഗസ്ഥൻമാരെ വിളിച്ചു. ഇതിന്റെ കാര്യമെന്താണെന്ന് അവർ ചോദിച്ചു. ഇവിടെ വയസ്സുകാലത്ത് ആരെങ്കിലും വൃദ്ധസദനത്തിൽ ആളുകളെ കൊണ്ടാക്കുമോയെന്ന് ചോദിച്ചു. ഇന്ന് ഇൻഡ്യയിൽ വൃദ്ധസദനത്തിൽ ആളുകളെ പ്രവേശിപ്പിക്കുന്നതിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. ആ സ്വഭാവത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വൃദ്ധൻമാരുടെ സംരക്ഷണം, അവരുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ കൂടുതൽ ഗൗരവമായി

ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അനാഥശാലകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അനാഥശാലകളോടനുബന്ധിച്ച് എല്ലാ സ്ഥലത്തും ഐ.ടി.സി. കൂടി സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവർക്ക് തൊഴിൽ കൂടി പഠിച്ച് പുറത്തിറങ്ങാൻ സാധിക്കും. വികലാംഗരുടെ കാര്യത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്, റെക്കഗ്നൈസ്ഡ് അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ മുഴുവൻ എയ്ഡഡ് സ്കൂളുകളാക്കി മാറ്റണം. ഞാൻ മന്ത്രിയായിരുന്ന സമയത്ത് അന്നത്തെ അൺ എയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ മുഴുവൻ കൺവെർട്ട് ചെയ്ത് എയ്ഡഡ് ആക്കി. ഇവിടെ സത്യത്തിൽ ഡിമാന്റുമായിട്ട് മുന്നോട്ടുവരാൻ മാനേജുമെന്റ് ഉണ്ടാകുകയില്ല. അവർക്ക് പൈസ കിട്ടുകയില്ല. പാവങ്ങളാണ്. ഈ മേഖലയിൽ സ്കൂളുകൾ അൺഎയ്ഡഡ് ആയി പ്രവർത്തിക്കാൻ വളരെ ബുദ്ധിമുട്ടാണ്. ആ മേഖലയെങ്കിലും എയ്ഡഡ് ആക്കണമെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇവിടെ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി സംസാരിക്കുന്ന ഈ സമയത്ത് ശരിക്കും ദേശീയ തലത്തിൽ ഒരു വലിയ മാറ്റം വരുകയാണ്. മൻമോഹൻസിംഗ് ഗവൺമെന്റ് വന്നുകഴിഞ്ഞ് രണ്ടുമൂന്ന് മാസം തികയുന്നതിനുമുൻപ് തന്നെ നീതി നിഷേധിക്കപ്പെട്ട ജനങ്ങളുടെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ശ്രദ്ധേയമായ ചില ചലനങ്ങൾ അവിടെ നടക്കുകയാണ്. ഞങ്ങൾ സന്തോഷം രേഖപ്പെടുത്തുകയാണ്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് നമ്മുടെ രാജ്യത്ത് ചില ചലനങ്ങൾ വേണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം പലപ്പോഴും ഞാൻ ഈ സഭയിൽ സംസാരിച്ചതാണ്. ഇന്നേ ദിവസത്തേയ്ക്ക് രണ്ട് വർഷവും 8 മാസവും 6 ദിവസവുമായി. ഇവിടെ ഇപ്പോഴും വിവാദങ്ങളും വാദപ്രതിവാദങ്ങളും നടക്കുന്നു. ഇതിനെപ്പറ്റിയുള്ള ചർച്ചകൾ ഇവിടെ നിരവധി നടക്കുകയാണ്. അത് നടപ്പിലാക്കുന്ന സമയത്ത് ചില കേന്ദ്രങ്ങളിൽ നിന്നും ഭീഷണി ഉണ്ടായിട്ടുള്ളതിൽ ഖേദമുണ്ട്. 'ആരെങ്കിലും നടപ്പിലാക്കുകയാണെങ്കിൽ അവർ നിയമസഭ പോലും കാണില്ല' എന്ന്. അതിനെ വെല്ലുവിളിക്കാൻ ഞങ്ങളില്ല. പക്ഷേ ഒന്നുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പറഞ്ഞ് പ്രകടന പത്രിക വച്ച് വോട്ട് ചോദിച്ചിട്ട് 100 സീറ്റ് തന്ന ജനങ്ങളാണ് ഈ നാട്ടിലുള്ളത്. ഇപ്പോൾ ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞാൽ നാം പേടിക്കുകയോ അതിന് മറുപടി പറയുകയോ ചെയ്യേണ്ട കാര്യമില്ല. പ്രകടന പത്രിക വച്ചപ്പോൾ 100 സീറ്റ് ജനങ്ങൾ നമുക്ക് തന്നല്ലോ. അതൊന്നും ബുദ്ധിമുട്ടുള്ള കാര്യമല്ല. പിന്നെ ഇത് നടപ്പിലാക്കാൻ പാടില്ല എന്ന് ആരോടാണ് ഭീഷണി ഉയർത്തുന്നത്? 4% ആണ് ലത്തീൻ കത്തോലിക്കർക്ക് സംവരണം. സംവരണവും മെരിറ്റും കൂടി കൂട്ടിയിട്ട് ഇപ്പോഴും 11 കൊല്ലത്തെ കണക്കുകൾ അനുസരിച്ച് 4370 എണ്ണം കിട്ടാൻ അവർക്ക് ബാക്കിയുണ്ട്. 2 ശതമാനമാണ് നാടാർ സമുദായത്തിന്റെ സംവരണം. 2614 കിട്ടാൻ ബാക്കിയുണ്ട്. 1 ശതമാനമാണ് അവശ ക്രൈസ്തവർക്ക്. 2290 കിട്ടാൻ ബാക്കിയുണ്ട്. 1 ശതമാനം മാത്രമേ ധീവരർക്കുള്ളൂ. 1250 കിട്ടാൻ ബാക്കിയുണ്ട്. 12 ശതമാനമാണ് മുസ്ലീംങ്ങൾക്ക് 7383 കിട്ടാൻ ബാക്കിയുണ്ട്. വിശ്വകർമ്മജർക്ക് 3 ശതമാനമാണ് അതുപ്രകാരം 147 കിട്ടാൻ ബാക്കിയുണ്ട്. മറ്റു പിന്നോക്ക സമുദായങ്ങൾക്ക് 3 ശതമാനമാണ്. 460 കിട്ടാൻ ബാക്കിയുണ്ട്. ഈ പാവങ്ങളോടാണോ ഇങ്ങനെ കാണിക്കുന്നത്? ഇത് നടപ്പിലാക്കിയാൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും ഇങ്ങനെ ചെയ്യും എന്ന് പറയാൻ പാടില്ല. അവർ നിർഭാഗ്യവാൻമാരാണ്. ചരിത്രപരമായ കാരണങ്ങളാൽ നീതിയുടെ പക്ഷത്തുനിന്നും അധികാരത്തിന്റെ പക്ഷത്തുനിന്നും പ്രാന്തവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ നൊമ്പരമാണ്. സംവരണ പ്രകാരവും മെറിറ്റുപ്രകാരവും കിട്ടിയതിലുള്ള കുറവാണ്. 11 കൊല്ലത്തിന്റെ കണക്കാണിത്. ആരിൽനിന്നും പിടിച്ചു വാങ്ങുന്നതല്ല. ന്യായമായ ഒരു സംഗതിയാണ്. എല്ലാവരും യോജിക്കണ്ടേ? എന്റെ നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞു, സംവരണത്തിനുവേണ്ടി തന്നെയാണ് ഞങ്ങൾ നിന്നിട്ടുള്ളത് എന്ന്. സംവരണത്തിന്റെ കാര്യം പറയുമ്പോൾ 2000 ജൂലായ് 12-ന് ശ്രീ. ടി. യു. രാധാകൃഷ്ണന്റെ ഒരു പ്രമേയം ഈ സഭയിൽ വന്നു. 2003 ഫെബ്രുവരി 14-ന് ശ്രീ. പി. കെ. കെ. ബാവയ്ക്കുവേണ്ടി ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഒരു പ്രമേയം അവതരിപ്പിച്ചു. ഈ സഭയിലെ മെമ്പർമാരായ സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, ടി. കെ. ദേവകുമാർ, തോമസ് ഉണ്ണിയാടൻ, കെ. കെ. ഷാജു, ബിനോയ് വിശ്വം, കുട്ടി അഹമ്മദ് കുട്ടി, കെ. കെ. ജയചന്ദ്രൻ, കെ. പി. രാജേന്ദ്രൻ, എ. സുജനപാൽ, ജോണി നെല്ലൂർ, ഡോ. എ. നീലലോഹിതദാസൻ നാടാർ, എല്ലാവരും ഇതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. ഈ സഭയിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി എം. എം. ഹസ്സൻ പറഞ്ഞത് "ഈ സഭയിൽ ഇത്രയും നല്ല ഒരു അഭിപ്രായ ഏകീകരണം ഉണ്ടായത് ഈ വർഷമാണ്" എന്നാണ്. 2002 ജൂൺ 24-ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഒരു ചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ വളരെ നന്നായിട്ട് ആ കാര്യത്തെക്കുറിച്ച് പറഞ്ഞു. റിപ്പോർട്ടിന്റെ ശുപാർശകളെ സംബന്ധിച്ച് സഭയിൽ ചർച്ചയ്ക്കായി സമർപ്പിച്ചു. മന്ത്രിസഭായോഗം തീരുമാനിക്കുകയും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൻമേൽ നിയമസഭയിലേയും രാഷ്ട്രീയ പാർട്ടികളുടേയും ചർച്ചയുടെ വെളിച്ചത്തിൽ ഉചിതമായ ഒരു തീരുമാനം എത്രയും വേഗം സർക്കാർ കൈക്കൊള്ളുന്നതാണ്. അഭിപ്രായ സമന്വയം വന്നു. മുഖ്യമന്ത്രി പറഞ്ഞു. എല്ലാവരും സമ്മതിച്ചു. പാർലമെന്ററി അഫയേഴ്സ് മന്ത്രി അതിന് സന്തോഷം രേഖപ്പെടുത്തി. ഇങ്ങനെ ഒരു സംഗതി സമയബന്ധിതമായി ഇപ്പോഴും വേണമെങ്കിൽ ആ സമവായത്തിന് എന്താണ് അർത്ഥമുള്ളത്? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇവിടെ നടപ്പിലാക്കിയാൽ സാമുദായിക സൗഹാർദ്ദം തകർന്നുകളയും, ഇവിടെ ആകെ കുഴപ്പം ഉണ്ടാകും എന്ന് ഒരു തെറ്റായ ചിത്രത്തിന് ശ്രമിക്കുകയാണ്. സാമുദായിക സംവരണം എന്ന് പറയുന്നത് കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള അവകാശമാണ്. നീതി നിഷേധിക്കപ്പെട്ട ജനങ്ങൾക്ക് നീതി നടപ്പാക്കിയാൽ ഇവിടെ സാമുദായിക സൗഹാർദ്ദം മാത്രമേ ഉണ്ടാകുകയുള്ളൂ. അത് തകരില്ല. അത് തകരും എന്നുള്ള ഒരു ചിത്രം വരുത്തിത്തീർക്കാൻ വേണ്ടി ബോധപൂർവ്വമായിട്ടുള്ള ഒരു ശ്രമമാണ് ഇവിടെ നടക്കുന്നത്. എന്റേയും ശ്രീ. കുഞ്ഞാലിക്കുട്ടിയുടേയുമൊക്കെ വലിയ ഒരു നേതാവുണ്ടായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കം ബഹുമാനിച്ച മഹാനായ ഒരു വ്യക്തിയായ ശ്രീ. ഖാഇദേ-മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്. അദ്ദേഹം ഈ പ്രശ്നത്തിൽ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം. അദ്ദേഹം 1948-ൽ പ്രസംഗിച്ചതാണ്. Sir, there is only one more point which I have to touch upon. When we speak of reservations and rights and

LIBRARY ARCHIVES Kerala Legislative Assembly

privileges, the bogey of communalism is being raised. Sir, communalism does not come in because people want their rights. When people find that they are not adequately represented, they rightly feel that they must have due representation and then such a demand comes up. It comes because of their non-representation in the services, and because of their discontent. When such discontent is removed, the unity of hearts comes in. It is the unity of hearts and not any attempt at a physical unity that will do good to the country and to the people. The differences will be there, but there must be harmony and that is what we all really want, and that harmony can be brought about only by creating contentment amongst the people. And reservation in services is one of the measures we can adopt to bring about contentment among the people. You can then say to the people, "Look here, you have your proper share in the services and you have nothing to complain". When people themselves find that they are given as good an opportunity as others, harmony will be there and the so-called communalism will not come in at all. There are countries which have followed the procedure which I am advocating and quite effectively they have eliminated communalism. Therefore, I say that one of the ways of removing disharmony and producing harmony, is to make provision for the people's representation in the services and to make them feel that they have got a real share and an effective share in the governance of the country. അദ്ദേഹത്തിന്റെ വാക്കുകൾ എന്നും പ്രസക്തമാണ്. സാമുദായിക സംവരണ പ്രകാരം കൊടുക്കേണ്ട കാര്യങ്ങൾ കൊടുത്തു കഴിഞ്ഞാൽ സൗഹാർദ്ദം ഉണ്ടാകും. ഇവിടെ ചില കേന്ദ്രങ്ങൾ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുകയാണ്; ഇത് വന്നു കഴിഞ്ഞാൽ ഇവിടെ സൗഹാർദ്ദം തകർത്തുകളയും, ഇവിടെ കുഴപ്പമുണ്ടാകുമെന്നൊക്കെ. അതുകൊണ്ട് എനിക്ക് വളരെ വിനീതമായി പറയാനുള്ളത്, നിഷേധിക്കപ്പെട്ട നീതി അവർക്ക് കൊടുക്കുന്ന സമയത്ത് ഇങ്ങനെയുള്ള പ്രചരണങ്ങൾക്ക് അർത്ഥമില്ല എന്നുള്ളതാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്ന് പറഞ്ഞാൽ it is only a fact finding report. ഇവിടെ ശുപാർശ ഒന്നും പറഞ്ഞിട്ടില്ല എന്ന നിലയിലുള്ള ചില പ്രചരണങ്ങൾ ശക്തിയായിട്ട് നടക്കുന്നു. ഒരു പോയിന്റ് ആണ് അവർക്ക് റഫർ ചെയ്തിട്ടുള്ളത്. ഉദ്യോഗങ്ങളിൽ അതായത് സർക്കാർ സർവ്വീസിൽ, ആട്ടോണമസ് ബോഡിയിൽ, പബ്ലിക് സെക്ടർ യൂണിറ്റിൽ ഇവിടെയൊക്കെ എത്ര കുറവ് വന്നിട്ടുണ്ട് എന്ന് പരിശോധിക്കാനാണ് അതിൽ പറഞ്ഞിട്ടുള്ളത്. അവർ അത് പരിശോധിച്ചു. എന്ന് മാത്രമല്ല, ശരിക്കു പറഞ്ഞാൽ അവർ ശുപാർശ കൊടുക്കാൻ ബാദ്ധ്യസ്ഥരല്ലെങ്കിൽ പോലും വ്യക്തമായിട്ട് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അത് നോക്കേണ്ടതാണ്. പേജ് 74-ൽ പറയുന്നുണ്ട് "It is pertinent to note that among communities which have substantial deficiency, the quantum of deficiency is higher for those with higher reservation quota. Whatever may be the reason it is for the Government to take appropriate action to minimize this deficiency in the years to come. All the communities in the backward classes who have deficiency should be benefited". It is a clear recommendation. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചിത്രീകരിക്കാൻ വേണ്ടി പറയുന്ന കാര്യം, അത് ശുപാർശയിൽ പറഞ്ഞിട്ടില്ല എന്നാണ്. It is only a fact finding Commission അതുകൊണ്ട് പ്രചരണങ്ങൾ ഒന്നും ശരിയല്ല. എന്റെ ഉദ്ദേശമെന്ന് പറയുന്നത് വസ്തുതകൾ പറയുക മാത്രമാണ്. പിന്നെ ചില സ്നേഹിതൻമാർ പറയുന്നു മന്ത്രിമാരുടെ കൂട്ടത്തിൽ നിങ്ങൾ ഇത്ര ആളുകൾ മന്ത്രിമാരില്ലേയെന്ന്? മന്ത്രിമാരുണ്ട്. ഞങ്ങൾ മന്ത്രിമാരുടെ എണ്ണമോ ജാതിയോ ഒന്നും തിരിച്ചിട്ടില്ല. ഒരു മന്ത്രി ഏത് സമുദായത്തിൽപ്പെട്ടതാണ് എന്നതുകൊണ്ട് എന്തുകാര്യം, ഈ സഭയിൽ വോട്ട് ചെയ്യുന്ന ഗ്രാന്റ് പ്രയോഗിക്കുക എന്നല്ലാതെ മന്ത്രിക്ക് മറ്റ് എന്താണ് അധികാരം ഉപയോഗിച്ച് ചെയ്യാൻ പറ്റുക? അപ്പോൾ അതൊന്നും പറയുന്നതിൽ അർത്ഥമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി ഒരു കാര്യം പത്രസമ്മേളനത്തിൽ പറഞ്ഞു. 'സാമൂഹ്യ നീതി നിഷേധിക്കുന്ന സമയത്ത് മൂകസാക്ഷികളായി നിൽക്കാൻ ഞങ്ങളെക്കൊണ്ട് ആവില്ല' എന്ന്. അത് വ്യക്തമായിട്ടും ശ്രീ. കുഞ്ഞാലിക്കുട്ടി പത്രക്കാരോട് പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല, സാമൂഹ്യ നീതി നിഷേധിക്കുന്ന കൂട്ടത്തിൽ മൂകസാക്ഷികളായി നിന്ന് ചരിത്രത്തിൽ ചീത്തപ്പേര് ഉണ്ടാക്കാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. അത് വളരെ വ്യക്തമായിട്ടുള്ള കാര്യമാണ്. പിന്നെ അധികാരത്തിന്റെ കാര്യം പറഞ്ഞാൽ, ഞങ്ങൾ അധികാരം കൈകാര്യം ചെയ്യുന്നതിൽ ചില ആളുകൾ അസഹിഷ്ണുത കാണിക്കുന്നതിൽ അർത്ഥമില്ല. മുഖ്യമന്ത്രി സ്ഥാനം വരെ ഇവിടെ മുസ്ലീം ലീഗുകാർ കൈകാര്യം ചെയ്തിട്ടുണ്ട്. എല്ലാ ജനവിഭാഗങ്ങളുടേയും നന്മയ്ക്കുവേണ്ടി അല്ലാതെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഞങ്ങളുടെ പാർട്ടി കൈകാര്യം ചെയ്ത അധികാരങ്ങളിൽ ഞങ്ങൾ സാമുദായികച്ചായ കാണിച്ചിട്ടില്ലെന്ന് അഭിമാനത്തോടുകൂടി എനിക്ക് പറയാൻ സാധിക്കും. ഞങ്ങൾ മന്ത്രിമാരുണ്ട്, എം.എൽ.എ.-മാരുണ്ട്. ഞങ്ങൾ ഞങ്ങളുടെ അധികാരം അങ്ങോട്ട് തന്നാൽ അതിന് പ്രത്യുപകാരമായി നീതി നിഷേധിക്കപ്പെട്ടവർക്ക് നിങ്ങൾ നീതി കൊടുക്കുമെങ്കിൽ അതിനുവേണ്ടി അധികാര ത്യാഗം ചെയ്യാൻ പോലും ഞങ്ങൾക്ക് മടിയില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുകൊണ്ട് ഈ അധികാരത്തിന്റെ സംഗതി പറഞ്ഞുകൊണ്ടൊന്നും ചെയ്യരുതേ എന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഈ കാര്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. ബാക്ക്ലോഗ് നികത്തുന്നതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. സംവരണ തത്വത്തിൽ മായം ചേർക്കുന്നുണ്ട്, ചോർച്ച വരുന്നുണ്ട്, അത് തടയുന്നതിനുവേണ്ടി കെ.എസ്.എസ്.ആർ.-ൽ ആവശ്യമായിട്ടുള്ള ഭേദഗതി വരുത്തണം. പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുള്ളത് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണെന്ന് കമ്മിഷൻ പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി എക്സ്ക്ലൂസീവ് പാക്കേജ് അക്കാര്യത്തിൽ ആരംഭിക്കാൻ നടപടി വേണം. ഞാൻ ഇവിടെ അസംബ്ളിയിൽ പറഞ്ഞു, ജുഡീഷ്യൽ സർവീസിൽ സംവരണം പാലിക്കാത്ത സംഗതിയുണ്ട് എന്ന്. അത് പാലിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം. സമുദായ സംവരണം അട്ടിമറിക്കാൻ ഇടയാകുന്ന വിധത്തിൽ ഏതെല്ലാം ലൂപ്പ്ഹോൾസ് ഉണ്ടോ അത് അടയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇത്തരം കാര്യങ്ങൾ ചെയ്യുന്ന സമയത്ത് തീർച്ചയായിട്ടും ഞങ്ങൾക്ക് അതിൽ പറയാനുള്ളത് തെറ്റിദ്ധാരണയുണ്ടാകുന്ന വിധത്തിൽ എന്തെങ്കിലും കാര്യങ്ങൾ പ്രചരിപ്പിച്ചിട്ട്

1 p.m.]

LIBRARY ARCHIVES Kerala Legislative Assembly

അനർഹമായതെന്തോ നേടിയെടുക്കാൻവേണ്ടി ശ്രമിക്കുകയാണ്, എന്തെങ്കിലും ആനുകൂല്യങ്ങൾ തട്ടിപ്പറിയ്ക്കാൻ ശ്രമിക്കുകയാണ് എന്ന അർത്ഥത്തിൽ ഒരു വ്യാഖ്യാനം വരുന്നതിൽ ഞങ്ങൾക്ക് ഖേദമുണ്ട്. അരുടേയും അവകാശങ്ങളല്ല, ഇത് നമ്മുടെ എല്ലാപേരുടേയും കാര്യങ്ങളാണ് ഇത് മുസ്ലീം ലീഗിന്റെ നിലയിൽ പറയുന്ന സമയത്ത് സാമുദായിക ചായയൊക്കെ വരുമോ, അല്ല, ഇത് മുസ്ലീം ലീഗിന്റെ കാര്യമോ മുസ്ലീം സമുദായത്തിന്റെ കാര്യമോ അല്ല. ഇത് സാമൂഹ്യനീതിയുടെ കാര്യമാണ്. ഇതിനെ സാമുദായികമായി കാണുന്നതിന് പകരം, സാമൂഹ്യ നീതിയുടെ കാര്യം—എല്ലാ പൊളിറ്റിക്കൽ പാർട്ടിയുടേയും അജണ്ടയിലെ ഒന്നാമത്തെ ഇനമാണ് സോഷ്യൽ ജസ്റ്റിസ് എന്നുപറയുന്നത്. പക്ഷെ അത് കൊടുക്കുന്ന ഘട്ടം വരുമ്പോൾ പതറരുത്. ഇത് ഭരണഘടനാപരമായ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിർവ്വഹിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒട്ടും അമാന്തിക്കരുത്. ഒട്ടും കാലതാമസം ഉണ്ടാക്കരുത് എന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. സുജനപാൽ:</u> സർ, ഞാൻ, ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഇവിടെ സംസാരിച്ച എന്റെ സ്നേഹിതൻ ശ്രീ. രാജു എബ്രഹാം തുടങ്ങിയ പ്രതിപക്ഷാംഗങ്ങൾ വളരെ നിഷേധാത്മകമായ സമീപനമാണ് ഈ വകുപ്പുകളോട് കാണിച്ചതെന്ന് ഞാൻ വളരെ ഖേദപൂർവം പറയട്ടെ. കാരണം സൃഷ്ടിപരമായിട്ടുള്ള ഒരു വിമർശനവും അവരുടെ പ്രസംഗത്തിൽ ഉണ്ടായിരുന്നില്ല. ഇവിടെ വികസനം ഒന്നും നടക്കുന്നില്ല, ടൂറിസമായാലും ആദിവാസി ക്ഷേമമായാലും ഇവിടെ ഒന്നും നടക്കുന്നില്ല എന്ന രൂപത്തിലുള്ള വിമർശനം ഒട്ടും ഗുണം ചെയ്യുകയില്ല. എപ്പോഴും സൃഷ്ടിപരമായിട്ടുള്ള വിമർശനങ്ങൾ മാത്രമേ ഗുണകരമാവൂ. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ മൂന്നു വർഷക്കാലത്തെ പ്രവർത്തനത്തിൽക്കൂടി വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ, പ്രത്യേകിച്ച് എസ്.സി.എസ്.ടി. വകുപ്പിനും ടൂറിസം വകുപ്പിനും സാമൂഹ്യക്ഷേമ വകുപ്പിനും കഴിഞ്ഞിട്ടുണ്ടെന്ന് ഈ മൂന്നു വർഷക്കാലത്തെ പ്രവർത്തനം വിലയിരുത്തിയാൽ മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട വടകര മെമ്പർ ഇവിടെ എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനുശേഷം എസ്.സി.എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് കണക്ക് വച്ച് പറയാൻ സാധിക്കും. ഈ മൂന്നു വർഷക്കാലം എസ്.സി.എസ്.ടി. വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ അവരുടെ പഠന നിലവാരത്തിൽ വലിയ മാറ്റം ഉണ്ടാക്കാൻ സാധിച്ചുവെന്നത് ബഹുമാനപ്പെട്ട മന്ത്രിക്കും ഈ ഗവൺമെന്റിനും അഭിമാനിക്കാവുന്ന വസ്തുതയാണ്. 2003-2004 വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന 5390 കുട്ടികൾക്കായി 29,50,555 രൂപയും പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന 64,419 കുട്ടികൾക്കായി 2,90,28,000 രൂപയും ചെലവഴിക്കാൻ സാധിച്ചു. നടപ്പുവർഷം മുതൽ ആദിവാസി കുട്ടികൾക്ക് സ്കൂളിലെ ഹാജർ നില ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്ക് നൽകിവരുന്ന ഇൻസെന്റീവ് 10 രൂപയിൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചു. ഇത് വലിയ ഒരു മാറ്റമാണ്. സാധാരണ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നൽകുന്ന പണം

LIBRARY ARCHIVES Kerala Legislative Assembly

വേസ്റ്റായിപ്പോകുകയാണ് പതിവ്. പക്ഷെ ഇവിടെ അതല്ല ചെയ്തത്. ഇത് ലാപ്സാകാതെ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചു എന്നുള്ളത്, തീർച്ചയായും ഈ ഗവൺമെന്റിന് അഭിമാനിക്കാവുന്ന കാര്യമാണ്. പിന്നെ 25 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാൻ സാധിച്ചു. സിവിൽ സർവീസ് കോച്ചിങ്ങിന് പ്രത്യേകമായി പദ്ധതികൾ തയ്യാറാക്കി, സെന്റർ ഓഫ് എക്സലൻസ് രൂപവൽക്കരിച്ചു; വിദേശ രാജ്യങ്ങളിൽ പോയി പഠിക്കുന്നതിന് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സഹായം നൽകി. 'സൈബർ ശ്രീ' പദ്ധതി തുടങ്ങി ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയത് എസ്.സി./എസി.ടി. വിഭാഗങ്ങളുടെ വിദ്യാഭ്യാസരംഗത്താണ് എന്നുള്ളത് അഭിമാനിക്കാവുന്ന കാര്യമാണ്. കോടിക്കണക്കിന് രൂപ എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി ഗവൺമെന്റ് ചെലവഴിക്കുന്നുണ്ടെങ്കിലും പദ്ധതിക ളുടെ നടത്തിപ്പിനെ സംബന്ധിച്ച് ഒരുപാട് പരാതികൾ വരുന്നുണ്ട്; ഒരുപാട് ചൂഷണങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റുതന്നെ ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ രൂപീകരിക്കുകയും അതിനെത്തുടർന്ന് സംസ്ഥാനങ്ങളിൽ ഇത് രൂപീകരിക്കണമെന്ന ഒരു നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്. കഴിയുന്നതുംവേഗം പട്ടികജാതി-പട്ടികവർഗ കമ്മിഷൻ കേരളത്തിൽ രൂപീകരിക്കാൻവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതുപോലെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ചികിൽസാ സഹായം തുടങ്ങിയിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് പ്രത്യേകമായ പദ്ധതികൾ തയ്യാറാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു എന്നുള്ളത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന വസ്തുതയാണ്. സാമൂഹ്യക്ഷേമ വകുപ്പിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ അംഗനവാടികളുടെ വളരെ ശോചനീയമായ അവസ്ഥയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. മിക്കവാറും അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. പല അംഗനവാടികളും പ്രവർത്തിക്കുന്നത് പീടികക്കോലായിലും, ഷെഡ്ഡുകളിലും ആണ്. സ്വന്തമായി സ്ഥലം ഇല്ലാത്ത അംഗനവാടികളാണ് ഏറ്റവും കൂടുതലുള്ളത്. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം അവിടെ 176 അംഗനവാടികളുണ്ട്. ആ 176 അംഗനവാടികളുടെ സ്ഥിതി വളരെ ശോചനീയമായ അവസ്ഥയിലാണ്. പലതിനും സ്വന്തമായി കെട്ടിടമില്ല; സ്വന്തമായി സ്ഥലമില്ല. അതുകൊണ്ടുതന്നെയാണ് എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥലമുള്ള എല്ലാ അംഗനവാടികൾക്കും ഫണ്ട് നൽകാനുള്ള തീരുമാനം ഞാൻ തന്നെ കൈക്കൊണ്ടത്. അംഗനവാടികൾക്ക് കെട്ടിടമുണ്ടാക്കാൻ വേണ്ടി നേരത്തേ ലോകബാങ്കിന്റെ സഹായമുണ്ടായിരുന്നു. ആ സഹായം നിർത്തലാക്കി എന്നാണ് അറിയുന്നത്. പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന ആ മേഖലകൾക്കുവേണ്ട സഹായം നൽകാൻവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വികലാംഗ ക്ഷേമത്തിനും മെന്റലി റിറ്റാർഡഡ് വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റും അതിന്റെ വിഹിതം നൽകുന്നുണ്ട്. സാമൂഹ്യക്ഷേമ സംഘടനകളാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. അതിനകത്ത് ഒരുപാട് തട്ടിപ്പ് നടത്തിയ കാര്യങ്ങളൊക്കെ പത്രങ്ങളിൽ വരുന്നുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കണം; നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം ടൂറിസമാണ്. ടൂറിസ്റ്റ് വികസനം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാപ്പെട്ട വിഷയമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസ്റ്റ് വികസനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ അൽഭുതകരമാണ് എന്നു പറയാതിരിക്കാൻ പറ്റില്ല. കാരണം നേരത്തേ ഉണ്ടായിരുന്ന വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിച്ചു, ഇന്റേണൽ ടൂറിസ്റ്റുകളുടെ വരവും വർദ്ധിച്ചിട്ടുണ്ട്. പല അംഗങ്ങളും അതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ കണക്കുവരെ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു, കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ 400 കോടി രൂപയിൽ ഏറെ നിക്ഷേപം ഉണ്ടാക്കാൻ ഈ മേഖലയ്ക്ക് സാധിച്ചു എന്നുള്ളത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന വസ്തുതയാണ്. പത്തു വർഷങ്ങൾക്കു മുൻപ് 6.7 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുള്ളൂ.

സർ, 2003-04 വർഷത്തിൽ 74.50 കോടി രൂപ ഈ മേഖലയിൽ നീക്കി വയ്ക്കുകയും ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഒട്ടനവധി പുരസ്ക്കാരങ്ങൾ നേടാൻ സംസ്ഥാന ഗവൺമെന്റിനും ടൂറിസം വകുപ്പിനും സാധിച്ചു എന്നുള്ളത് അഭിമാനകരമായ നേട്ടം തന്നെയാണ്. പത്തിരുപത് പുരസ്കാരങ്ങൾ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ളവ ലഭിക്കുക വഴി ദേശീയ രംഗത്ത് മാത്രമല്ല അന്തർദേശീയ ടൂറിസം മാപ്പിൽപ്പോലും കേരളത്തിന് കടന്നു വരാൻ സാധിച്ചു എന്നുള്ളത് വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകം തന്നെയാണ്. ടൂറിസം വികസനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതിൽ പ്രധാനമായും ഒരു ഇംബാലൻസ് ഉണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മലബാർ മേഖലയോട് ഒരു അവഗണന കാണുന്നുണ്ട്. ഡി.ടി.പി.സി.-യുടെ പ്രവർത്തനമാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. അതിന്റെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് അനുവദിച്ച തുക പരിശോധിച്ചു നോക്കുമ്പോൾ കാസർഗോഡ് മുതൽ പാലക്കാടു വരെയുള്ള ജില്ലകൾക്ക് വളരെ പരിമിതമായ ഫണ്ട് മാത്രമേ നൽകിയിട്ടുള്ളൂ എന്നു കാണാം. നേരത്തേയുണ്ടായിരുന്ന മന്ത്രി എറണാകുളം ജില്ലക്കാരനായതുകൊണ്ട് ഒരു കോടി 114 ലക്ഷം രൂപ എറണാകുളം ജില്ലയ്ക്ക് അനുവദിച്ച സമയത്ത് കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചത് മൂന്ന് ലക്ഷത്തി ചിലാനം രൂപ മാത്രമാണ്. ഇത് മലബാർ മേഖലയോടുള്ള അവഗണനയാണെന്ന് ഞങ്ങൾ പറയുകയാണ്. ടൂറിസം മേഖലയിൽ മാത്രമല്ല മറ്റ് പല മേഖലകളിലും മലബാറിനോട് അവഗണനയാണ് കാണിക്കുന്നത്.

<u>ശ്രീ. സി. മോയിൻകുട്ടി:</u> ദിവസവും രണ്ടായിരത്തിലധികം ആളുകൾ വരുന്നതും ഒരു ഭൗതിക സൗകര്യവും ഇല്ലാത്തതുമായ തുഷാരഗിരിക്ക് ഈ സർക്കാർ എന്ത് പരിഗണനയാണ് നൽകിയിട്ടുള്ളത് എന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. എ. സുജനപാൽ:</u> ബഹുമാനപ്പെട്ട മന്ത്രി അത് ഉത്തരം പറയുമ്പോൾ പറയും. നിരവധി പദ്ധതികൾ കോഴിക്കോട് നഗരത്തിൽ ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിലൊന്നാണ് ഡ്രീം സിറ്റി പ്രോജക്ട്. സ്വപ്ന നഗരി എന്നുള്ളത് ഇപ്പോഴും സ്വപ്നമായി കിടക്കുകയാണ്. അത് യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശങ്കരൻ തന്നെ മുൻകൈ എടുക്കണം. ആ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാനാവശ്യമായ എല്ലാ നടപടിക്കളും സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഡ്രീം സിറ്റി പ്രോജക്ടുമായി ബന്ധമുള്ള കനോലി കനാലിൽ ബോട്ടിംഗ് സൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ ബോട്ടിംഗ് ആരംഭിക്കാൻ വേണ്ടിയുള്ള പദ്ധതിക്ക് രൂപം നൽകണം. അതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽത്തന്നെ പദ്ധതി ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഡ്രീം സിറ്റി പ്രോജക്ടുമായി ബന്ധിപ്പിക്കുന്ന കനാൽ റോഡിന്റെ കാര്യത്തിൽ ഇറിഗേഷൻ വകുപ്പ് ഒരു പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അതിനാവശ്യമായ ഫണ്ട് അനുവദിക്കണം. വളരെ പ്രധാനപ്പെട്ടതാണ് ആ റോഡ്. ഏതാണ്ട് മൂന്ന് കോടി രൂപയുടെ പദ്ധതിയാണ്. കോടിക്കണക്കിന് രൂപ മറ്റ് പല ജില്ലകളിലും ടൂറിസം വികസനത്തിനുവേണ്ടി ചെലവഴിക്കുമ്പോൾ മലബാർ മേഖലയുടെ കേന്ദ്രമായിട്ടുള്ള കോഴിക്കോട് നഗരത്തിന്റെ ടൂറിസം വികസനത്തെ സംബന്ധിച്ചിടത്തോളം അവഗണന ഒഴിവാക്കി പരിഗണന നൽകുന്ന ഒരു അവസ്ഥയുണ്ടാകണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ അടിസ്ഥാന വർഗ്ഗത്തിന്റെ ശാപമാണ് ഈ ഗവൺമെന്റ്. അതിന്റെ ഭാഗമാണ് ഈ വകുപ്പ്. കേരളജനത സമരം ചെയ്ത് പൊരുതിയെടുത്ത എല്ലാ ആനുകൂല്യങ്ങളും ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഞ്ചര ലക്ഷം ജീവനക്കാർ നാലര ലക്ഷമായി മാറി. ഏതാണ്ട് ഒരു ലക്ഷം ജീവനക്കാർ കുറഞ്ഞു. അതിന്റെ അർത്ഥം പതിനായിരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമാനുസൃതം കിട്ടേണ്ട ആനുകൂല്യം നഷ്ടപ്പെട്ടു എന്നുള്ളതാണ്. എ.ഡി.ബി.-യുടെ ഡൗൺ സൈസിംഗ് ഗവൺമെന്റ് നടപ്പിലാക്കിയതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറഞ്ഞു. അതിന്റെ ഭാഗമായിട്ട് ഈ വിഭാഗത്തിൽ പെട്ട ജീവനക്കാരുടെ സംവരണതത്വം ലംഘിക്കപ്പെടുകയാണ്. ശരിക്കുള്ള റിവ്യൂ നടക്കുന്നില്ല. 2001-ൽ 84 വകുപ്പുകളിൽ 24 വകുപ്പുകളിലും സംവരണവുമായി ബന്ധപ്പെട്ട റിവ്യൂ നടന്നില്ല. 2002-ൽ 64 വകുപ്പുകളിൽ റിവ്യൂ നടന്നില്ല. റിവ്യൂ നടക്കുന്ന സമയത്ത് ഇല്ലാത്ത ചില കണക്കുകളാണ് കൊടുക്കുന്നത്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതടക്കം ഫിസിക്കൽ അച്ചീവ്മെന്റായിട്ട് കൊടുക്കുന്നത്, ഒരു രൂപത്തിലും അംഗീകരിക്കാൻ പറ്റാത്ത, യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവുമില്ലാത്ത കണക്കുകളാണ്. അതാണ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും വരുന്നത്. എന്നിട്ടുതന്നെ ഞാൻ ഒന്നുകൂടി നോക്കി. 3500-ഓളം ഒഴിവുകൾ ഇപ്പോൾ നിലവിൽത്തന്നെ ബാക്കിയാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട 13,500-ഓളം സംവരണ സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനയാണ് സെലക്ഷൻ നടത്തേണ്ടത്. ഇവിടെ സാമൂഹ്യക്ഷേമം കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടിയുടെ വകുപ്പിൽപ്പെടുന്ന വ്യവസായത്തിൽ അത് നടക്കുന്നില്ല. മലബാർ സിമെന്റ്സിൽ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകളിൽ പി.എസ്.സി. മുഖേനയേ നിയമനം നടത്താവൂ എന്ന ഗവൺമെന്റിന്റെ ഉത്തരവുണ്ട്. ആ ഉത്തരവ് ലംഘിച്ചുകൊണ്ട് മാനേജുമെന്റ് നിയമനം നടത്തി—56 സ്ഥിരം നിയമനവും 27 താത്ക്കാലിക നിയമനവും. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ നടത്തിയത്? ഏതെങ്കിലും തീരുമാനത്തിന്റെ ഭാഗമായിട്ടാണോ ഇങ്ങനെ വന്നത്? താത്ക്കാലിക ജീവനക്കാരെപ്പോലും പി.എസ്.സി. മുഖേന ലഭിച്ചില്ലെങ്കിൽ മാത്രമേ എംപ്ലോയ്മെന്റ് മുഖേന നിയമിക്കാവൂ എന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാണ്. ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രിതന്നെ ഉത്തരവ് കൊടുത്തിട്ടുണ്ട്. ഇപ്പോൾ താത്ക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എടുക്കുന്നില്ല; നേരിട്ടെടുക്കുകയാണ്. ടോപ് മിഡിൽ ലെവലിൽ വരുന്ന മാനേജർ തസ്തികയിലുൾപ്പെടെയുള്ളത് നേരിട്ടെടുക്കുകയാണ്. പി.എസ്.സി. മുഖേനയേ ഒഴിവുകൾ നികത്താവൂ എന്ന ഗവണ്മെന്റിന്റെ ഉത്തരവുണ്ടായിട്ടുപോലും അത് ലംഘിക്കുകയാണ്. 123 കാഷ്വൽ തൊഴിലാളികളാണ് മലബാർ സിമന്റ്സിൽ ഉള്ളത്. അതിൽ 49 പട്ടികവർഗ്ഗക്കാരും 30 പട്ടികജാതിക്കാരുമാണ്. 20 കൊല്ലമായി പണിയെടുക്കുകയാണ്. അവരെ ഒഴിവാക്കുകയാണ്. പി.എസ്.സി. മുഖേനയാണെങ്കിൽ സംവരണ തത്വം അംഗീകരിക്കാൻ നിർബ്ബന്ധിക്കപ്പെടും. കോടതിയുടെ ഉത്തരവുണ്ടായിട്ടാണ് ഞാൻ പറയുന്നത്. സംവരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ മുതലക്കണ്ണീർ ഒഴുക്കി പ്രസംഗിക്കുമ്പോൾ അവരുടെതന്നെ നേതാവ് നേതൃത്വം കൊടുക്കുന്ന വകുപ്പിൽ ഇത് നടപ്പിലാക്കുന്നില്ല എന്നുള്ള യാഥാർത്ഥ്യം അവർ മനസ്സിലാക്കണം. ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഡൗൺ സൈസിംഗ് വന്നാൽ എവിടെയാ സംവരണം നടക്കുക? ഇവിടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. അത് നടപ്പിലാക്കുന്നില്ലെങ്കിൽ അതിന്റെ ഉള്ളടക്കത്തോടെങ്കിലും ആത്മാർത്ഥത ഉണ്ടെങ്കിൽ ഡൗൺ സൈസിംഗ് പാടില്ല. പൊതുമേഖല അടച്ചുപൂട്ടാൻ പാടില്ല. സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മാത്രമല്ലേ സംവരണമുള്ളൂ. എയ്ഡഡ് സ്കൂളുകളിലുണ്ടോ? ഇവരിപ്പോൾ സംവരണവുമായി ബന്ധപ്പെട്ടുകൊണ്ട് മുതലക്കണ്ണീരൊഴുക്കുകയാണ്. ക്യാബിനറ്റ് യോഗം കഴിഞ്ഞിട്ട് ഡൗൺ സൈസിംഗ് തീരുമാനിക്കും. പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിക്കും. എന്നിട്ട് പറയും സംവരണം! ആത്മാർത്ഥതയുണ്ടെങ്കിൽ ഗവൺമെന്റ് സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഡൗൺ സൈസിംഗിലൂടെ ജീവനക്കാരെ ഇല്ലാതാക്കുന്ന നയത്തിനെതിരെ സമരവുമായിട്ടാണ് ഇവർ ആദ്യം വരേണ്ടത്. ഭരണമല്ല പ്രശ്നം. ഇതിന് സമരം നടത്താൻ തയ്യാറുണ്ടോ? ഞങ്ങളുടെ നയം വളരെ വ്യക്തമാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംവരണം നിലനിറുത്തണം; പിന്നോക്ക വിഭാഗങ്ങളുടെ സംവരണം നിലനിറുത്തണം. പിന്നോക്ക വിഭാഗങ്ങളിൽ തന്നെ ഒരു പ്രത്യേക വരേണ്യ വിഭാഗം രൂപം കൊണ്ടിരിക്കുന്നു. അവർക്ക് സംവരണാനുകൂല്യം കിട്ടേണ്ടതില്ല. ആനുകൂല്യം സമുദായത്തിലെ പാവപ്പെട്ടവർക്ക് കൊടുക്കേണ്ടതാണ്. മാത്രമല്ല മുന്നോക്ക സമുദായങ്ങളുമുണ്ട്. അതിൽ പട്ടരായിപ്പോയി, നായരായിപ്പോയി എന്നുള്ളതുകൊണ്ട് ആനുകൂല്യങ്ങൾ ലഭ്യമല്ല. ഈ പാവപ്പെട്ടവർക്ക് പിന്നോക്കക്കാർ ജീവിക്കുന്നതിനേക്കാൾ കഷ്ടപ്പെട്ട ജീവിത നിലവാരമാണുള്ളത്. ഈ വിഭാഗത്തിന് മാന്യമായ സംവരണം വേണമെന്നുള്ള അഭിപ്രായമാണ് എന്റെ പാർട്ടിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ഒരു നയമാണ് പറയുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംവരണം സംരക്ഷിക്കുക, പിന്നോക്ക സംവരണം സംരക്ഷിക്കുക, അതിൽനിന്നും വരേണ്യ വിഭാഗത്തെ ഒഴിവാക്കി ആ സമുദായത്തിലെ പാവപ്പെട്ടവർക്ക് സംവരണം കൊടുക്കുക. മാന്യമായ രൂപത്തിലുള്ള സംവരണം അവർക്ക് കൊടുക്കുക. ഈ രൂപത്തിലൊരു ക്ലാസ് അപ്രോച്ചാണ് പണിയെടുക്കുന്ന നാട്ടിലെ പട്ടിണിപ്പാവങ്ങളോടുള്ള ഞങ്ങളുടെ സമീപനം. അതിന്റെ ഭാഗമായിട്ടാണ് ഈ സംവരണ തത്വം ഞങ്ങൾ അംഗീകരിച്ചത്. ഇതിന് ഒരു ഭരണഘടനാ ഭേദഗതി ആവശ്യമാണ്; അല്ലാതെ ഇത് നടപ്പിലാക്കാൻ കഴിയില്ല. ആ സമരത്തിന് ഇവർ വരണം. എന്നാലേ സാമൂഹ്യനീതി ഉറപ്പാക്കാൻ സാധിക്കൂ. ഇതിനുവേണ്ടി ജാതിയുടെയും മതത്തിന്റെയും പേരിൽ രണ്ട് ഭാഗത്ത് നിന്നും വെല്ലുവിളി നടത്തി കേരളത്തെ കലാപഭൂമിയാക്കാനാണ് ആഗ്രഹിക്കുന്നത്. അതിനോട് എനിക്ക് യോജിപ്പില്ല. പ്രധാനമായും ഭൂമിയുടെ പ്രശ്നമാണ് വരുന്നത്. രണ്ടാമത് ഞാൻ ഉന്നയിക്കുന്നത്, ഭൂമിയുടെ പ്രശ്നമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ സഹായത്തോടും സമ്മതത്തോടുംകൂടി ഇവിടെ ഒരു നിയമം 1999-ൽ പാസ്സാക്കി. അത് നടപ്പിലായില്ല. ആദിവാസി സമരം വന്നു. ഒരുപിടി ആളുകൾ, പാവപ്പെട്ടവർ, ആദിവാസികൾ, അതുപോലെതന്നെ കേരളത്തിലെ മതേതര ജനാധിപത്യ പ്രസ്ഥാനം ചോരയും നീരും കൊടുത്ത് ഈ ആദിവാസി ഭൂമി പാവപ്പെട്ടവർക്ക് ലഭിക്കുന്നതിന് വേണ്ടിയുള്ള സമരം നടത്തി. കേരളത്തിന്റെ തെരുവീഥികളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകൻമാരുടെയും ആദിവാസികളുടെയും ഹൃദയരക്തം തെറിച്ചുവീഴാത്ത മണ്ണ് കേരളത്തിലില്ല. അവസാനം ശ്രീ. ആന്റണി എന്താണ് പറഞ്ഞത്? കേന്ദ്രം തരാൻ തീരുമാനിച്ചിട്ടുണ്ട്. 12,146 ഏക്കർ ഇപ്പോൾ തരുമെന്നാണ് പറഞ്ഞത്. എന്നിട്ട് അവസാനം, 24/06-ലെ അൺസ്റ്റാർഡ് ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എന്താണെന്നറിയാമോ? 7692 ഏക്കറേ തരൂ എന്നാണ് പറഞ്ഞത്. അതിന് 7 നിബന്ധനകളാണ് പറയുന്നത്. ആ 7 നിബന്ധനകളിൽ ഒന്ന്, ഈ ഭൂമി കിട്ടണമെങ്കിൽ 600 കോടി രൂപ കേന്ദ്രത്തിന് കൊടുക്കണം. Compensatory Afforestation Management and Planning Agency -ക്ക് 600 കോടി രൂപ കൊടുത്താലേ ഭൂമി കിട്ടൂ. അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ വേണമെന്ന്—സുപ്രീംകോടതി വിധിയാണ്. ഐ.എ.നം. 566 ഡബ്ല്യൂ.പി. നം. 202/95 -ലെ സുപ്രീം കോടതി വിധിയാണ്. ഞാൻ ചോദിക്കട്ടെ, ഒരു പൈസ ഈ ബഡ്ജറ്റിൽ ഇവർ ടോക്കൺ പ്രൊവിഷനായിട്ട് ഇതിന് വച്ചിട്ടുണ്ടോ? ഈ ഭൂമി എങ്ങനെയാണ് കിട്ടാൻ പോകുന്നത്? ഈ ഗവൺമെന്റിന്റെ അവസാനം വരെ കേരളത്തിലെ ഒരു ആദിവാസിക്കും ഒരു തുണ്ടുഭൂമി ലഭിക്കില്ല എന്നുള്ളത് ഉറപ്പല്ലേ? പറഞ്ഞ് പറ്റിച്ചില്ലേ? ഈ ഭൂരഹിതരായ ആദിവാസികൾ ഇനി കാത്തുനിൽക്കില്ല. ഞങ്ങൾ സമരം തുടങ്ങി. കുറേ ഭൂമി ഞങ്ങൾ പിടിച്ചെടുത്തു. കേരളത്തിലെ എല്ലാ ജാതിയിലും മതത്തിലുംപെട്ട പാവപ്പെട്ടവന് കിടന്നുറങ്ങാൻ 10 സെന്റ് ഭൂമിക്ക് വേണ്ടിയുള്ള സമരത്തിൽ പതിനായിരക്കണക്കിന് രക്തസാക്ഷികളാണ് പിടഞ്ഞുവീണ് മരിച്ചത്. കുട്ടനാട്ടിലെ പാടശേഖരത്തിൽ ഭാർഗ്ഗവിയും നീലകണ്ഠനും ഭൂസ്വാമിമാരുടെ വെടിയേറ്റ് പിടഞ്ഞുവീണ് മരിച്ച ചരിത്രം നമ്മുടെ മുമ്പിലുണ്ട്. കേരളത്തിലെ ആദിവാസികൾക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ അവർക്കൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും ഉണ്ടാകും; യാതൊരു സംശയവും വേണ്ട. ഗവൺമെന്റിൽ നിന്ന് ഒരു തുണ്ടുഭൂമി ആദിവാസികൾക്ക് കിട്ടാൻ പോകുന്നില്ല. അങ്ങനെയാണെങ്കിൽ 600 കോടി രൂപ നിങ്ങളുടെ ബഡ്ജറ്റിൽ നീക്കിവയ്ക്കണം. 10 പൈസ നിങ്ങൾ നീക്കിവച്ചിട്ടില്ല. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ഭൂമി കിട്ടാൻ പോകുന്നില്ല. വിദ്യാഭ്യാസാനുകൂല്യങ്ങൾ ഓരോന്നോരോന്നായി മാറ്റുകയാണ്. കഴിഞ്ഞ ദിവസം ഞാനിവിടെ ഒരു കാളിംഗ് അറ്റൻഷൻ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞതാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ ആനുകൂല്യങ്ങൾ തട്ടിപ്പറിക്കുന്ന ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട (സെക്രട്ടറി) ഉത്തരവ് കൊടുത്തിരിക്കുന്നു; ലംപ്സം ഗ്രാന്റ് ഒഴികെയുള്ള മറ്റൊന്നും കൊടുക്കാൻ പാടില്ലെന്ന്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞു, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എൻജിനീയറിംഗ് കോളേജിലെയും പോളിടെക്നിക്കുകളിലെയും കുട്ടികൾക്ക് 2500 രൂപയാണ്. കർഷകത്തൊഴിലാളികളുടെ വീട്ടിൽ നിന്നുവരുന്ന എൻജിനീയറിംഗിന് പഠിക്കുന്ന ഒരു കുട്ടിക്ക് ഈ പ്രോജക്റ്റ് റിപ്പോർട്ട് 2500 രൂപയില്ലെങ്കിൽ എങ്ങനെ തയ്യാറാക്കാൻ പറ്റും? എന്നിട്ട് പറഞ്ഞു, ഡബിൾ ബെനിഫിറ്റാണെന്ന്. ഏതെങ്കിലും ഒരു പട്ടികജാതി/പട്ടികവർഗ്ഗക്കാരൻ ഈ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ വർഷം ഡബിൾ ബെനിഫിറ്റ് വാങ്ങിച്ചിട്ടുണ്ടെങ്കിൽ ശേഷിക്കുന്ന രണ്ട് വർഷം ഈ നിയമസഭയിൽ ഒരു അക്ഷരം ഞാൻ പറയില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നു, ഞാൻ വെല്ലുവിളിക്കുകയാണ്. ഡബിൾ ബെനിഫിറ്റ് വാങ്ങിയിട്ടുണ്ടോ? പരിഹസിച്ചില്ലേ? ആനുകൂല്യം ഇല്ലാതാക്കി. ലംപ്സം ഗ്രാന്റ് ഒഴികെ മറ്റൊരു ആനുകൂല്യവും കൊടുക്കാൻ പാടില്ലെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി എല്ലാ ആനുകൂല്യങ്ങളും അദ്ദേഹം നിർത്തിവച്ചു. ഈ കേരളത്തിൽ പ്ലസ് ടു വന്നതിനുശേഷം 65% അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് ഒരു ആനുകൂല്യവും അവിടെ ലഭിക്കുന്നില്ല. കഴിഞ്ഞ രണ്ട് വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് മെറിറ്റ് സീറ്റിലായാലും പേമെന്റ് സീറ്റിലായാലും ആനുകൂല്യമില്ല. ഗവൺമെന്റ് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന മിക്ക വിദ്യാർത്ഥികളുടെയും പരീക്ഷ ഫീസ് പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റ് അടയ്ക്കാത്തതിന്റെ ഭാഗമായി റിസൽറ്റ് വിത്ത്ഹെൽഡ് ചെയ്തു. പരീക്ഷയെഴുതാൻ കുട്ടികൾക്ക് കഴിയുന്നില്ല. ഹോസ്റ്റലിന്റെ സ്ഥിതി പരിതാപകരമാണ്. വെള്ളവും വെളിച്ചവുമില്ല. നിശ്ചിത അളവിലുള്ള ക്ഷേണം പോലും കൊടുക്കുന്നില്ല. നാണുവേട്ടന്റെ വടകര മണ്ഡലത്തിലെ ഹോസ്റ്റൽ ഞാൻ പോയി കണ്ടതാണ്. കക്കൂസിലെ വെള്ളം കിണറ്റിൽ വരുന്നു, കിണറ്റിലെ വെള്ളം കക്കൂസിലേയ്ക്ക് പോകുന്നു. ഓസ്മോസിസാണ് ഇവിടെ നടക്കുന്നത്. സാന്ദ്രതയുള്ള സ്ഥലത്ത് നിന്ന് സാന്ദ്രതയില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പോകുന്നു. വെള്ളം കുടിക്കാൻ പോലും പറ്റുന്നില്ല. പ്രീ-മെട്രിക് ഹോസ്റ്റൽ, മൊത്തം 91-ൽ 60 എണ്ണം വാടക കെട്ടിടത്തിലാണ്. മഴക്കാലത്ത് അവിടെ കുട്ടികൾക്ക് താമസിക്കാൻ പറ്റില്ല. അടൂർ, കലൂർ, പന്തളം തുടങ്ങിയ എല്ലാ ഹോസ്റ്റലുകളും ഏറ്റവും വലിയ അപകടത്തിലാണ്. എപ്പോഴാണ് ഇടിഞ്ഞുപൊളിഞ്ഞ് വീഴുകയെന്ന് പറയാൻ പറ്റില്ല. 15 വയസ്സ് തികഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ആൺകുട്ടികളും പെൺകുട്ടികളും ഒന്നായി താമസിക്കുന്ന ഹോസ്റ്റലുകളുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സമിതി അത് ചൂണ്ടിക്കാണിച്ചതാണ്. വയനാട്, പീരുമേട് എന്നിവിടങ്ങളിലാണ് ഇതുള്ളത്. മോഡൽ റെസിഡൻഷ്യൽ സ്ക്കൂൾ (എം.ആർ.എസ്) 21 എണ്ണമാണ് എൽ.ഡി.എഫ് ഭരിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട രാധാകൃഷ്ണൻ നേതൃത്വം കൊടുത്തുകൊണ്ട് കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടി ഒരുക്കി കൊടുത്തത്. അവിടെ എന്തെങ്കിലും സൗകര്യം പിന്നീട് ഉണ്ടാക്കിയിട്ടുണ്ടോ? ഉള്ള സൗകര്യം പോലും ഇല്ല. വിദ്യാർത്ഥികൾ അവിടെ നിന്ന് കൊഴിഞ്ഞ് പോവുകയാണ്. പഠിക്കാനുള്ള ഒരു സൗകര്യവും അവിടെ ചെയ്തുകൊടുക്കുന്നില്ല. അവിടെ ആവശ്യമായിട്ടുള്ള വാർഡൻമാരില്ല. പ്രിൻസിപ്പാലിനെ നിയമിച്ചാൽ അവിടെ താമസിക്കുന്നില്ല. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, എം.ആർ.എസ് തുടങ്ങിയ പല സ്ഥാപനങ്ങളിലും താമസിച്ചു പഠിക്കാൻ ഇന്ന് വിദ്യാർത്ഥികൾ വിമുഖത കാട്ടുന്നു. എണ്ണം കുറഞ്ഞ് പോകുന്നു. ലംപ്സം ഗ്രാന്റ് 2001-ലെ തുകയാണ്. എൽ.പി.-ക്ക് 95 രൂപയാണ് അതുകൊണ്ട് എങ്ങനെ പഠിക്കാൻ പറ്റും? യു.പി.ക്ക് 115 രൂപ ഹൈസ്ക്കൂൾ 228 രൂപ. എല്ലാ ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കണം. സ്റ്റൈപന്റ് 270 രൂപ എന്നുള്ളത് പോരാ, നേരെ ഇരട്ടിയാക്കണം. പോസ്റ്റ്-മെട്രിക് ലംപ്സം ഗ്രാന്റ് 475 രൂപ മുതൽ 1375 രൂപവരെയാണ്. അതുകൊണ്ടൊന്നും കുട്ടികൾക്ക് പഠിക്കാൻ പറ്റില്ല. സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത ചില കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. ധനാഭ്യർത്ഥന പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI. ഇവിടെ പറഞ്ഞല്ലോ കുറേ കാര്യങ്ങൾ, ഭൂരഹിത പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസം, 2003-2004-ൽ 10 കോടി രൂപ വച്ചു. 2004-2005-ൽ 10 പൈസയില്ല. എങ്ങനെയാണ് ഇവരെ പുനരധിവസിപ്പിക്കാൻ പോകുന്നത്? 15,000 വരുന്ന ഭൂരഹിത പട്ടികജാതി കുടുംബങ്ങളുണ്ട്. 30 കോടി രൂപ വേണമെന്ന് സബ്ജക്റ്റ് കമ്മിറ്റി പറഞ്ഞിരിക്കുകയാണ്. പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം—ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന സമയത്ത് 117,000 വീടുണ്ടാക്കി കൊടുത്തു. പട്ടികവർഗ്ഗക്കാരുടെ മാത്രം. ഭവനനിർമ്മാണത്തിന് ഈ വർഷം (2004-2005-ൽ) അഞ്ച് പൈസയില്ല. വിവരസാങ്കേതിക വിദ്യയ്ക്ക് ഈ വർഷം പത്ത് പൈസയില്ല. പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ 47 ലക്ഷം രൂപ: ആവശ്യപ്പെട്ടത് 15 കോടി രൂപ. സുകുമാരപിള്ള കമ്മീഷന് 15 കോടി രൂപയാണ് വച്ചിട്ടുള്ളത്. മിനിമം 19 കോടി വേണം. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സൗകര്യം, അതിന് മിനിമം 13 കോടി രൂപയെങ്കിലും വേണം. യാതൊന്നുമില്ല. പരിവർത്തിത ക്രൈസ്തവ വിഭാഗ കോർപ്പറേഷന് 35 ലക്ഷം രൂപയാണ് വച്ചിട്ടുള്ളത്. നാലര കോടി രൂപ വേണമെന്നാണ് സബ്ജക്ട് കമ്മിറ്റി പറഞ്ഞത്. സാമൂഹ്യക്ഷേമ വകുപ്പ്, മിശ്രവിവാഹിതരുടെ കുടിശ്ശിക എത്രയാണെന്നറിയാമോ? 20 ലക്ഷം രൂപ മിശ്ര വിവാഹം നടത്തിയിട്ടുള്ള പട്ടികജാതിക്കാർക്ക് കൊടുക്കേണ്ടതാണ്. അതും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അംഗനവാടിയ്ക്ക് 15 കോടി രൂപ വേണമെന്നാണ് മന്ത്രി പറഞ്ഞത്. ഒരു കപ്പ് പാലും ഷെയ്ക്ഹാൻഡും സ്കീമിന് ഈ ബഡ്ജറ്റിൽ പത്ത് പൈസയില്ല. 5 കോടി രൂപ മിൽമയ്ക്ക് കൊടുക്കാനുണ്ട്. പാല് കുടിച്ച കാശ് കൊടുത്തിട്ടില്ല. ഷെയ്ക്ഹാൻഡ് ഈ വർഷമില്ല. അനാഥാലയങ്ങൾക്ക് 5.29 ലക്ഷം രൂപ വേണം; വകയിരുത്തിയില്ല. അംഗവൈകല്യം (മന്ദബുദ്ധി) സംഭവിച്ചവർക്ക് കൊടുക്കുന്ന സഹായം 3.5 കോടി രൂപ കുടിശ്ശികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മന്ദബുദ്ധികൾക്ക് പോലും സഹായം കൊടുക്കാത്തതാണ് ഈ ഗവൺമെന്റ്. ഞരമ്പ് മുറിച്ച് സന്താന നിയന്ത്രണം നടത്തിയവർക്ക് കൊടുക്കേണ്ട തുക—ആ പൈസയും കൊടുത്തിട്ടില്ല. വിധവകളുടെ പെൺകുട്ടികൾക്കുള്ള സഹായം 9,10,00,000 രൂപ കുടിശ്ശിക; അത് വേണ്ടായെന്നു വച്ചു. അഗതി പെൻഷൻ ആറ് കോടി രൂപ ബാക്കി. വാർദ്ധക്യകാല പെൻഷൻ 5.64 കോടി രൂപ ബാക്കി. 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് കൊടുക്കുന്ന തുക അതും കൊടുക്കുന്നില്ല. 50 വയസ് കഴിഞ്ഞാൽ കല്യാണം കഴിക്കുന്നില്ലെങ്കിൽ ആ സ്ത്രീകൾക്ക് കുറച്ച് ആനുകൂല്യങ്ങൾ കൊടുത്തിരുന്നു. അതും കുടിശ്ശിക. കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക 10 കോടി രൂപ. ഇത് എല്ലാം സബ്ജക്റ്റ് കമ്മിറ്റി പറഞ്ഞതാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി വളരെ ശക്തനാണ്. ശ്രീ. കെ. കെ. ഷാജുവിന് കിട്ടിയിട്ടുള്ള അനുഭവം നമുക്ക് അറിയാമല്ലോ? അത് ഞാൻ ഇവിടെ പറയുന്നില്ല. കൈ കൊടുത്തതിന് ശ്രീ. രാജശേഖരനെ അദ്ദേഹം സസ്പെൻഡ് ചെയ്തു. സംസ്ഥാനത്തെ കമ്പ്യൂട്ടർ വിദ്യാഭ്യാസവും ഡ്രൈവിംഗ് ലൈസൻസ് പരിശീലനവുമായി ബന്ധപ്പെട്ടുകൊണ്ട് ലക്ഷക്കണക്കിന് രൂപ ഒരു ഉദ്യോഗസ്ഥൻ കട്ടുമുടിച്ചു. മന്ത്രി തന്നെ പറഞ്ഞു ഡയറക്ടർ തസ്തികയിൽ ഇയാൾ ഇരിക്കാൻ കൊള്ളില്ലെന്ന്. സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിലും സ്ഥാപനങ്ങൾ വീതിച്ചു കൊടുക്കുന്നതിലും യാതൊരു മാനദണ്ഡവും പാലിച്ചില്ല. ഫലപ്രദമല്ലാത്ത പദ്ധതികൾക്ക് അനുമതി നൽകി. ഇതിന്റെയൊക്കെ അർത്ഥം എന്താണ്? ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞ പല കാര്യങ്ങൾക്കും മറ്റ് മന്ത്രിമാർ മറുപടി പറയേണ്ടതുകൊണ്ട് ഞാൻ അധികം സമയം എടുക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിനെക്കുറിച്ച് വളരെ കുറച്ച് പരാമർശം മാത്രമേ ഉണ്ടായിരുന്നുള്ളു. ബഹുമാനപ്പെട്ട എം.എ. കുട്ടപ്പനും, ശ്രീ. കെ. ശങ്കരനാരായണനും കൂടുതൽ സമയം വേണ്ടതുകൊണ്ട് ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും അറിയാവുന്നതുപോലെ നമ്മുടെ സമൂഹത്തിലെ ഏറ്റവും ബലഹീനരായ, ഏറ്റവും സഹായം അർഹിക്കുന്ന ആളുകളുടെ പ്രശ്നങ്ങളാണ് ഇവിടെ കൈകാര്യം ചെയ്യുന്നത്. കേരളം ഇന്ത്യയിൽ തന്നെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഏറ്റവും നല്ല സംസ്ഥാനം എന്ന് അറിയപ്പെട്ട സംസ്ഥാനമാണ്. എന്നാൽ ഇപ്പോൾ വളരെ നിർഭാഗ്യകരമായ അവസ്ഥ എന്ന് പറയുന്നത് നമ്മുടെ സാമ്പത്തിക പരാധീനതയാണ്. അതുകൊണ്ടുതന്നെ നമ്മുടെ പല പദ്ധതികളും കാലാകാലങ്ങളിൽ നമ്മളൊക്കെ ആഗ്രഹിക്കുകയും ഉദ്ദേശിക്കുകയും ചെയ്യുന്നത്ര കാര്യക്ഷമമായി മുന്നോട്ട് പോകുന്നില്ല എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ടുതന്നെ നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള വികലാംഗർ, അതുപോലെതന്നെ മറ്റ് അവശത അനുഭവിക്കുന്നവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിഞ്ചുകുട്ടികൾ അതുപോലെ തന്നെ നമ്മുടെ സഹോദരിമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള പദ്ധതി—ഇവ കാര്യക്ഷമമാക്കുന്ന കാര്യത്തിന് തീർച്ചയായും ഒരു മുൻഗണന കിട്ടിയേ മതിയാവു. നമ്മൾ എല്ലാവരും കൂടി ഗൗരവത്തിൽ എടുക്കേണ്ട ഒരു വിഷയമാണ് അത്. അതുപോലെ തന്നെ പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യുന്നത് പലതും ഇപ്പോൾ പഞ്ചായത്തുകൾക്ക് വിട്ടു കൊടുത്തിരിക്കുകയാണ്. സാമ്പത്തിക പരാധീനത കൊണ്ടുതന്നെ പലപ്പോഴും പിന്നെയും കാല താമസം വരുന്ന പല നടപടികളും ഉണ്ട്. അതുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള എല്ലാ പദ്ധതികളെയും കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശം പറയുന്നില്ല. ഓരോ രംഗത്തും പ്രവർത്തനങ്ങൾ ആരംഭിച്ച് മുൻഗണന കൊടുക്കാൻ ഉദ്ദേശിക്കുകയാണ്. അംഗനവാടികളുടെ കാര്യം ഇവിടെ പറഞ്ഞു. കെട്ടിടങ്ങളുടെ കാര്യം പഴയതിനെ അപേക്ഷിച്ച് ഒരുപാട് സ്ക്കീമിൽ പെടുത്തിയും മറ്റുമായി ഈ കെട്ടിടങ്ങൾ നന്നാക്കുന്ന കാര്യം ചെയ്യുന്നുണ്ട്. ഇപ്പോൾ എം.ജി.പി.-യിൽ തന്നെ ഒരുപാട് കെട്ടിടങ്ങൾ ഉണ്ടാക്കാനും സ്ഥിതി മെച്ചപ്പെടുത്താനുമുള്ള പരിപാടികൾ എടുത്തിട്ടുണ്ട്. ഏറ്റവും മുൻഗണന കൊടുത്ത് അംഗൻവാടികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ വേണ്ടി പദ്ധതികൾ ഉണ്ടാക്കും.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, അംഗൻവാടികൾ എന്ന് പറയുന്ന ഈ സംസ്ഥാനത്തിലെ പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. നന്നാക്കി എടുക്കുന്നതിന് എന്റെ നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ ഫണ്ട് മുഴുവൻ ഞാൻ അംഗൻവാടി കെട്ടിടത്തിനാണ് എഴുതി കൊടുത്തിട്ടുള്ളത്. അത് പ്രവർത്തനം തുടങ്ങുവാനും അതിന് നേതൃത്വം കൊടുക്കുവാനും സാമൂഹ്യ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ മുന്നോട്ട് വരാൻ അങ്ങ് നിർദ്ദേശം നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ നല്ലൊരു മാതൃകയാണ് കാണിച്ചത്. മുഴുവൻ ഫണ്ടും അംഗനവാടികൾക്ക് കൊടുത്തു. എം.എൽ.എ. മാർക്ക് ചെയ്യാൻ പറ്റുമെങ്കിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും അംഗനവാടികൾ നന്നാക്കാം. ഇന്നിപ്പോൾ എം.എൽ.എ.-മാർ ചെയ്യേണ്ട ഏറ്റവും വലിയ പദ്ധതി ഇതുതന്നെയാണ്. പാവങ്ങളെ സഹായിക്കാം എന്നുള്ള നിലയിൽ.....ഇവിടെ വരുന്ന കുട്ടികൾ വളരെ ദരിദ്രരാണ്, വളരെ പാവപ്പെട്ടവരാണ്. അവർക്ക് വേണ്ടി ഈ ഫണ്ട് ഉപയോഗിക്കുന്നത് വളരെ മാതൃകാപരമായ നടപടിയാണ്. അതിനുവേണ്ടി ഒരു പദ്ധതി എല്ലാവരും കൂടിക്കൊണ്ടുവന്നാൽ നല്ലതാണ്. ഗവൺമെന്റ് അതിനെ സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓരോ സ്ക്കീമുകളും വളരെ വേഗം നടപ്പിലാക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. സ്നേഹതീരമായാലും ഇതൊക്കെ എല്ലാവർക്കും ഓർമ്മയുണ്ടല്ലോ, വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള കാര്യങ്ങൾ പറഞ്ഞു; അവർക്കുവേണ്ടിയുള്ള പരിപാടിയാണ്. അവർ സാമൂഹ്യമായ ഒരു പ്രശ്നമായി വരികയാണ്. അവർക്ക് വേണ്ടി കൂടുതൽ കൂടുതൽ നടപടികൾ വേണം. അതുപോലെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ പരാമർശിച്ചത് ഞാൻ ഉൾക്കൊള്ളുന്നു. വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുപോലെ തന്നെ destitutes-നുവേണ്ടി പല പദ്ധതികളും പുതുതായിട്ട് കൊണ്ടുവരുന്നുണ്ട്. അതുപോലെ നമ്മൾ കൊണ്ടു വന്ന മംഗല്യ .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വൃദ്ധന്മാരുടെ പ്രശ്നം കേരളത്തിൽ ഒരു സാമൂഹ്യ പ്രശ്നമായിട്ട് മാറിക്കഴിഞ്ഞിരിക്കുകയാണ്. വൃദ്ധ സദനങ്ങൾ അന്വേഷിച്ച് പുറപ്പെടുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ഇത് ഒരു പ്രത്യേക കാര്യമായി പരിഗണിച്ചുകൊണ്ട്, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ചതുപോലെ, ഒരു ലോട്ടറി നടത്തി ഇതിനുവേണ്ടി പ്രത്യേക ഫണ്ട് സമാഹരിക്കുകയാണെങ്കിൽ ഇതിനു സമൂഹത്തിലെ എല്ലാവരുടേയും പിന്തുണ കിട്ടും. വൃദ്ധന്മാരുടെ കാര്യമാകുമ്പോൾ കുട്ടികളും സഹായിക്കും. നമുക്ക് നല്ല ഫണ്ട് ഉണ്ടാക്കാൻ പറ്റും. അത്തരത്തിൽ ഒരു പ്രത്യേക ലോട്ടറി ഉണ്ടാക്കി ഇതിന് ഒരു പ്രത്യേക സ്ക്കീം ഉണ്ടാക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വയസ്സായ ആളുകളെ പരിരക്ഷിക്കുക എന്നുള്ളത് നമ്മുടെ മുൻഗണന അർഹിക്കുന്ന കാര്യമാണ്; യാതൊരു സംശയ വുമില്ല. അതിന് പണം ഉണ്ടാക്കാൻ വേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോ ചിക്കാം. ലോട്ടറി എന്നുള്ളത് എന്താണെന്ന് അറിഞ്ഞുകൂടാ. ധനകാര്യമന്ത്രിയുമായി ആലോചിച്ച് ഇതേക്കുറിച്ച് പറയാം. അത് ഏതായാലും ശരി, ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഈ സഭയിൽ ഊന്നി ഊന്നിപ്പറഞ്ഞ ഒരു വിഷയം അതായിരുന്നു. നമ്മുടെ സംസ്ഥാനത്തുള്ള വയസ്സായ ആളുകളുടെ സംരക്ഷണം ഒരു സോഷ്യൽ പ്രോബ്ലം എന്ന നിലയിൽ അത് ആ സ്പിരിറ്റിൽ തന്നെ ഈ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഇതിൽ പ്രഖ്യാപിച്ച ബാലിക സമൃദ്ധിയോജന തുടങ്ങിയ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ ഓരോ പദ്ധതിയും നേരത്തേ ഉണ്ടായിരുന്ന പദ്ധതികളും കാര്യക്ഷമമാക്കുകയാണ്. ഓർഫനേജുകൾക്കു വേണ്ടിയുള്ള ഗ്രാന്റ് കുറച്ച് കുടിശ്ശിക വന്നിട്ടുണ്ട്. മുൻകാലത്തെ അപേക്ഷിച്ച് കുടിശിക കുറവാണ്. എന്നാലും ശരി up to date ആക്കാൻ.....ധനകാര്യ മന്ത്രി എന്നോട് പറഞ്ഞു ആറ് കോടി രൂപ വേണം. അത് നിയമസഭയിൽ വച്ചിട്ട് ഇപ്പോൾ കൊടുക്കാമെന്നു പറഞ്ഞിരിക്കുകയാണ്. ഓർഫനേജിന്റെ കുടിശ്ശിക തീർത്തു കൊടുക്കാമെന്നുള്ളത് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ജുവനൈൽ ജസ്റ്റിസിന്റെ കാര്യത്തിൽ നിയമം പാസ്സായി വന്നിട്ടുണ്ട്. ചില നടപടികൾ പുരോഗതിയിലാണ്. ആ കാര്യം ഗവൺമെന്റ് ശ്രദ്ധിക്കും. സോഷ്യൽ വെൽഫെയറിന്റെ കീഴിലുള്ള ഗവൺമെന്റ് നടത്തുന്ന പല ഇൻസ്റ്റിറ്റ്യൂഷൻസും കാര്യക്ഷമമായി കൊണ്ടു പോകാനുള്ള നടപടികൾ ഗവൺമെന്റ് എടുക്കും. പൊതുവിൽ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുന്നു. പിന്നെ സബ്മിഷനായിട്ടും കാളിംഗ് അറ്റൻഷനായിട്ടും ഓരോ പ്രശ്നങ്ങൾ ഇവിടെ വന്നു എന്നുള്ളതുകൊണ്ട് ഞാൻ വിശദമായി സമയം എടുക്കുന്നില്ല. ചെലവുകൾ നടത്തുവാനുള്ള ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ.എം.എ.കുട്ടപ്പൻ): സർ, ബഹുമാന്യരായ രണ്ട് അംഗങ്ങൾ—ശ്രീ.എ.കെ.ബാലനും, ശ്രീ. രാജനും, എന്നെക്കുറിച്ച് ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഞാൻ ആരോപണങ്ങൾ നിഷേധിക്കുന്നു. വിശദീകരണം പറയാം. നമ്മുടെ വിദ്യാഭ്യാസ മേഖല തകർന്നതിന്റെ ഫലമായാണല്ലോ ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയത്. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എസ്.സി/എസ്.ടി/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം കിട്ടുന്നതിന് പ്രശ്നങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഇനിമേൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികൾ, അവർ മെറിറ്റ് സീറ്റിൽ ആയാലും പേമെന്റ് സീറ്റിൽ ആയാലും അവർക്കുള്ള മുഴുവൻ ആനുകൂല്യങ്ങളും കൊടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചുവെങ്കിലും അതിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നു. ഇന്നലെ ചേർന്ന ക്യാബിനറ്റ് ഒരു സംശയത്തിനും ഇടയില്ലാത്ത വിധത്തിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികൾക്കും നടപ്പു വർഷംമുതൽ ആനുകൂല്യം കൊടുക്കാൻ തീരുമാനിച്ചിരിക്കയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന എന്നു പറയുമ്പോൾ അടുത്ത വർഷം ചേരുന്ന കുട്ടികൾക്ക് കിട്ടുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന എന്നു പറയുമ്പോൾ പേമെന്റ് സീറ്റൊഴികെ നടപ്പു വർഷം മുതൽ മെറിറ്റ് സീറ്റിൽ കയറുന്ന മുഴുവൻ എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികൾക്കും ആനുകൂല്യം കൊടുക്കും. ഇവിടെ പലരും പറഞ്ഞതിന്റെ കൂടെ ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ക്ളിയറായിട്ടില്ല. ഇതിന്റെ അർത്ഥം പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് കിട്ടുകയില്ല.

ഡോ. എം. എ. കുട്ടപ്പൻ: നമ്മുടെ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ ആനുകൂല്യങ്ങൾ അപര്യാപ്തമാണ്. എട്ടു കിലോമീറ്ററിന് അകത്തു താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 270 രൂപ സ്റ്റൈപെന്റ് കിട്ടുന്നുണ്ട്. എട്ടു കിലോമീറ്ററിന് പുറത്തായാൽ 315 രൂപയാണ് കിട്ടുന്നത്. പ്രീ-മെട്രിക് ഹോസ്റ്റലിൽ പ്രതിമാസം കൊടുക്കുന്നത് 500 രൂപയാണ്. അത് വളരെ അപര്യാപ്തമാണ്. പലരും ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ഹോസ്റ്റലിൽ ഭക്ഷണം മോശമാണെന്ന്. അതുകൊണ്ട് കാലോചിതമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി എടുക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി, വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ഫീസിന്റെ ആനുകൂല്യം നമ്മുടെ ടി.പി. അക്കൗണ്ടിലാണ് ഇടുന്നത്. അതുകൊണ്ട് പല സ്ഥാപനങ്ങൾക്കും അത് യഥാസമയം വിദ്യാർത്ഥികൾക്ക് കൊടുക്കുവാൻ കഴിയുന്നില്ല. പ്രത്യേകിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റ് കിട്ടാത്തതിന്റെ ഒരു കാരണം ഈ ഫണ്ട് ടി.പി. അക്കൗണ്ടിൽ ഇട്ടതാണ്. ഈ കാര്യമെങ്കിലും ഈ ടി.പി. അക്കൗണ്ടിൽനിന്ന് ഒഴിവാക്കി കൃത്യസമയത്ത് വിദ്യാർത്ഥികൾക്ക് കിട്ടുവാനുള്ള അവസരം ഉണ്ടാക്കുമോ ?

ഡോ.എം.എ.കുട്ടപ്പൻ: അത് പരിശോധിച്ച് പ്രശ്നമുണ്ടെങ്കിൽ പരിഹരിക്കാം. അതുപോലെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് സ്പീച്ചിൽ എസ്.സി./ എസ്.ടി. വിദ്യാർത്ഥികളെ വിദേശത്തു പഠിപ്പിക്കുവാനുള്ള ഒരു പ്രഖ്യാപനമുണ്ട്. ആഗോളവത്കരണം ഉദാരമാക്കുന്നതിന്റെ ഫലമായിട്ട് കുട്ടികൾക്ക് കൂടുതൽ

എക്സ്പോഷർ ആവശ്യമാണെന്നുള്ളതുകൊണ്ടുതന്നെ ധനകാര്യമന്ത്രി പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട് C-DIT മായും ഐ.ഐ.എമ്മുമായും സഹകരിച്ചുകൊണ്ട് കുട്ടികളെ വിദേശത്തു പഠിപ്പിക്കുവാൻ കോഴ്സ് കണ്ടെത്തുവാനും സ്ഥാപനം കണ്ടെത്താനും നടപടി നടന്നു കൊണ്ടിരിക്കുകയാണ്. എസ്.എസ്.എൽ.സി., പ്ളസ് ടു തോല്ക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം അവർക്ക് ട്യൂട്ടോറിയലിൽ പഠിച്ച് രണ്ടാമത് പരീക്ഷ എഴുതുന്നതിന് ഇന്നുള്ള ആനുകൂല്യം കുറവാണ്.. ആ ആനുകൂല്യം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. വകുപ്പുകളുടെ കാര്യശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ രണ്ടു വകുപ്പുകളിലായിട്ട് പ്രതിവർഷം 8,41,000 കുട്ടികൾക്ക് ആനുകൂല്യം കൊടുക്കുന്നതിന് പത്ത്, നാല്പതിലേറെ സ്കീമുണ്ട്. ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. ആ ഒരു സാഹചര്യത്തിൽ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ വേണ്ടി എല്ലാ ഓഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള ഒരു സ്കീം തയ്യാറാക്കുകയാണ്. അതുപോലെ സമൂഹത്തിന്റെ ഐക്യത്തിന്റെ ഭാഗമായി സാമൂഹ്യ യോജിപ്പിനു വേണ്ടിയുള്ള വിവിധങ്ങളായ സ്കീമിലാണ് ഇന്റർ റിലിജിയസ് മാരേജ് അല്ലെങ്കിൽ ഇന്റർകാസ്റ്റ് മാരേജ്. അങ്ങനെ ചെയ്യുന്ന ഒരാൾ എസ്.സി./എസ്.ടി.-യിൽപ്പെട്ട ആൾ ആണെങ്കിൽ ആനുകൂല്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് ഇരട്ടി ആക്കുകയാണ്. അതുപോലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്ന തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്കുവേണ്ടി ഐ.ടി. മിഷനുമായി സഹകരിച്ചുകൊണ്ട് അക്ഷയ സെന്ററുകൾ സംസ്ഥാനത്ത് ആരംഭിക്കുകയാണ്. ഇതിനു പുറമെയാണ് ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞതുപോലെ തന്നെ മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ തുടങ്ങാനുള്ള തീരുമാനം. അത് കഴിഞ്ഞ വർഷം ഉണ്ടായതാണ്. ഈ വർഷം ബജറ്റിൽ രണ്ടുകോടി രൂപ വച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം എല്ലാ ജില്ലകളിലും മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതാണ്. ഇവിടെ ശ്രീ. എം. കുമാരൻ എം.എൽ.എ. ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. പൈലറ്റ് പരിശീലനത്തിന് പഠിക്കുന്ന കുട്ടികളുടെ ആനുകൂല്യമായിരുന്നു വിഷയം. ഇത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലായിരുന്നു. ആ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് ഫ്ളൈയിംഗ് ഫീസ് കൊടുക്കാമെന്ന് ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. 2750 രൂപാനിരക്കിൽ പ്രതിവർഷം പരമാവധി നാല്പതു മണിക്കൂറിന് 5 വർഷം എന്നുനിജപ്പെടുത്തി ഫീസ് കൊടുക്കുവാൻ സമ്മതിച്ചിട്ടുണ്ട്. അതുകൂടാതെ എല്ലാ വർഷവും രണ്ടു കുട്ടികൾക്കുകൂടി ആനുകൂല്യം കൊടുക്കുവാനും തീരുമാനമായിട്ടുണ്ട്. വയനാട്ടിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി പന്ത്രണ്ടരക്കോടി രൂപയുടെ ഒരു കുടിവെള്ള പദ്ധതി നടപ്പാക്കാൻ പോകുകയാണ്. അതിന്റെ എ.എസ്. 2004 ജനുവരി ഒന്നിന് കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട രാജൻ ഒരു ആക്ഷേപം ഉന്നയിച്ചു. അത് പിന്നെ പറയാം. തിരുവനന്തപുരത്ത് ഡോ. അംബേദ്കർ കോംപ്ലക്സ് സ്ഥാപിക്കുവാൻ വേണ്ടി പത്തേക്കർ ഭൂമി കിട്ടിയിട്ടുണ്ട്. ആ കോംപ്ലക്സിന്റെ നിർമ്മാണം ഈ വർഷംതന്നെ ആരംഭിക്കും. സംസ്ഥാനത്ത് ഊരുകൂട്ടം മൂപ്പൻ കൗൺസിൽ രൂപീകരിക്കും. അവർക്ക് പരിശീലനം കൊടുക്കുകയും ചെയ്യും. എക്കോ ടൂറിസത്തിന്റെ ഭാഗമായി വനവുമായി അഭേദ്യ ബന്ധമുള്ള

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി യുവാക്കൾക്ക് വനംവകുപ്പുമായി സഹകരിച്ച് ട്രക്കിംഗ്, അഡ്വെഞ്ചർ ടൂറിസം എന്നീ മേഖലകളിൽ അഞ്ഞൂറു പേർക്ക് പരിശീലനം കൊടുക്കുകയും ചെയ്യും. കേരളത്തിൽ മുപ്പത്തിയാറ് പട്ടികവർഗ്ഗ സമുദായങ്ങളുണ്ട്. അവരുടെ വംശീയവും സാംസ്കാരികവുമായിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഡിജിറ്റൽ ഡോക്യുമെന്റേഷൻ പൂർത്തിയാക്കുന്നതാണ്. ഈ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലി എന്നു പറയുന്നത് വിദ്യാഭ്യാസ മേഖലയിലെ സേവനങ്ങളാണ്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് എട്ടര ലക്ഷം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നല്കുന്ന ഒരു ഭാരിച്ച ജോലി വകുപ്പിനുണ്ട്. ഇതിനുള്ള ഒരുപാട് സ്കീമുമുണ്ട്. ഈ വർഷം ഏപ്രിൽ മാസത്തിൽ പട്ടികജാതി വകുപ്പിന് പന്ത്രണ്ടു കോടി രൂപയും, പട്ടിക വർഗ്ഗ വകുപ്പിന് മൂന്ന് കോടി രൂപയും കൊടുക്കുകയുണ്ടായി. മെയ് മാസത്തിൽ പട്ടികജാതി വകുപ്പിന് മുപ്പത്തിയാറര കോടി രൂപയും, പട്ടികവർഗ്ഗ വകുപ്പിന് നാലര കോടി രൂപയും കൊടുത്തു. ജൂൺമാസം പട്ടികജാതി വകുപ്പിന് പതിനേഴരക്കോടി രൂപ കൊടുത്തു. ട്രൈബൽ വകുപ്പിന് അഞ്ചരക്കോടി രൂപ കൊടുത്തു. ഇതിന്റെ അർത്ഥം സംസ്ഥാനത്തു മുഴുവൻ എസ്.സി., എസ്.ടി., ഒ.ഇ.സി., കുട്ടികൾക്ക് കൊടുക്കുവാനുള്ള ഫണ്ട് ഏകദേശം കൊടുക്കുകയുണ്ടായി എന്നാണ്. കുടിശ്ശിക ഉണ്ടാകുവാൻ പാടില്ലെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. ഇതൊക്കെയാണെങ്കിലും ഞാൻ പറയട്ടെ, ചില സ്ഥാപനങ്ങൾ ആവശ്യമായ അപേക്ഷകൾ/റിന്യൂവൽ സ്റ്റേറ്റുമെന്റ് കൊടുക്കാത്തതുകൊണ്ട് വീഴ്ച ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സമയത്തുതന്നെ അപേക്ഷകളും റിന്യൂവൽ സ്റ്റേറ്റുമെന്റും കൊടുക്കണം. ഇല്ലെങ്കിൽ പണം കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. ലംപ്സം ഗ്രാന്റും സ്റ്റൈപന്റും കൊടുക്കുവാനുള്ള പണം കൊടുത്തിട്ടുണ്ട്. നാലു മാസത്തെ സ്റ്റൈപന്റ് അഡ്വാൻസായി കൊടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അവിടെയും പ്രശ്നം ഉണ്ടായിട്ടുണ്ട്. 'തടിയുടെ വളവുമുണ്ട്. ആശാരിയുടെ കുഴപ്പവുമുണ്ട്.' കോട്ടയം മെഡിക്കൽകോളേജിൽ പോക്കറ്റ് മണിയും ലംപ്സംഗ്രാന്റും കൊടുക്കുന്നു. അതിനുപോലും അവിടുത്തെ മെഡിക്കൽ കോളേജ് അധികൃതർ റിന്യൂവൽ സ്റ്റേറ്റുമെന്റ് കൊടുത്തിട്ടില്ല. തത്ഫലമായി അവിടെ പണം കൊടുക്കുവാൻ സാധിച്ചിട്ടില്ല. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ടീച്ചർ ട്രെയിനിംഗ് കോഴ്സിന്, ബാലുശ്ശേരിയിൽ, പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾ പത്ത് പതിനെട്ടു പേരുണ്ട്. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനമാണ് അത്. അവിടെ മൂന്നു കുട്ടികൾക്ക് ആനുകൂല്യം കൊടുത്തു. ദേശാഭിമാനിയിൽ വാർത്ത വന്നിരുന്നു. കുടിശ്ശിക കൊടുക്കാത്തതിന്റെ പേരിൽ കോഴിക്കോട് യൂണിവേഴ്സിറ്റി ആ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല. പതിനഞ്ച്, പതിനാറു പേർക്ക് കൊടുത്തില്ല. അന്വേഷിച്ചപ്പോൾ അത് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കുഴപ്പമാണെന്ന് കണ്ടുപിടിച്ചു. ആ ഓഫീസർക്കെതിരെ നടപടി എടുക്കുവാൻ പറഞ്ഞിട്ടുണ്ട്. ആദിവാസി കുട്ടികളെപ്പറ്റി ഇവിടെ ബഹുമാന്യനായ സി.കെ. നാണു പറയുകയുണ്ടായി. എല്ലാ കുട്ടികളേയും സ്ക്കൂളിൽ വിടണം, സ്ക്കൂളിൽ പോകാൻ കുട്ടികൾ ബാക്കിയുണ്ടാകരുത് എന്നൊക്കെ. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും പ്രൊമോട്ടർമാരും കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല ട്രൈബൽ കുട്ടികളുടെ രക്ഷകർത്താവിന് പ്രതിമാസം പത്തുരൂപ കൊടുക്കുമായിരുന്നു. ഇപ്പോൾ പത്തുരൂപ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് അൻപതു രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പാരന്റ്സ് കുട്ടികളെ സ്ക്കൂളിൽ വിടണമെന്ന് നിർബന്ധമാണ്. അൻപതു രൂപ ഉടൻ കൊടുക്കുകയാണ്. അതുകൊണ്ടു തന്നെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും പ്രൊമോട്ടർമാരും വളരെ കാര്യമായി പ്രവർത്തിക്കുകയാണ്. എനിക്ക് സന്തോഷമുള്ള ഒരു കാര്യം കേരളത്തിൽ ശ്രീ.രാധാകൃഷ്ണനടക്കമുള്ളവർ സ്ഥാപിച്ചതാണ് മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകൾ. മൊത്തം ഇരുപത്തിയഞ്ച് സ്ക്കൂളുകളുണ്ട്. ഇതിൽ പന്ത്രണ്ട് സ്ക്കൂളുകളിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ നടത്തി. എട്ടു സ്ക്കൂളിലും 100% വിജയമായിരുന്നു. ഡിസ്ടിംഗ്ഷനും ഫസ്റ്റ്ക്ലാസുമുണ്ട്. 4 സ്ക്കൂളുകളിൽ 90% റിസൾട്ട് ആയിരുന്നു. തിരുവനന്തപുരത്ത് ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 1989-ൽ ഐ.എ.എസ്. കോഴ്സുകൾ ആരംഭിച്ചു. ഞാൻ മേനി പറയുകയല്ല. ഞാൻ വരുന്നതുവരെ ആരും ഇവിടെനിന്ന് പാസായിട്ടില്ല. കഴിഞ്ഞവർഷം ഒരാൾ പാസായി. ഈ വർഷം രണ്ടുപേർ പാസായി. പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് ഐ.ടി.യിൽ കൂടുതൽ മെച്ചപ്പെട്ട പരിശീലനം കിട്ടാൻവേണ്ടി "സൈബർശ്രീ" എന്ന പേരിൽ ഒരു സ്കീം സി-ഡിറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കുകയാണ്. കംപ്യൂട്ടർ ബിരുദമുള്ള എസ്.സി./എസ്.ടി. കുട്ടികളെയാണ് എടുക്കുന്നത്. 12 കുട്ടികൾക്ക് സി-ഡിറ്റിൽ ഇതിന്റെ പരിശീലനം ആരംഭിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കാവുന്ന എജ്യൂക്കേഷണൽ സോഫ്റ്റ്വെയർ നിർമ്മിച്ച് വിപണനം ചെയ്യുന്ന സ്കീമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ ഉള്ളതുപോലെതന്നെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നു. പക്ഷെ ഭരണഘടനയിലെ 338-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മാതൃകയിൽ പറ്റില്ലെന്ന് നിയമ വകുപ്പ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കർണാടക മാതൃകയിൽ എസ്.സി./എസ്.ടി. കമ്മീഷനെ നിയമിക്കാനുള്ള തീരുമാനവുമായി നിയമം ഡ്രാഫ്റ്റ് ചെയ്തു; നിയമസഭയിൽ അവതരിപ്പിക്കാൻ ഗവർണ്ണറുടെ അനുമതി കിട്ടിയിട്ടുമുണ്ട്. അടുത്ത സഭാസമ്മേളനത്തിൽ പാസാക്കിയെടുത്താൽ നമുക്ക് നടപ്പാക്കാവുന്നതാണ്. ഇവിടെ ചികിൽസാ ധനസഹായത്തെക്കുറിച്ച് പലരും പറയുകയുണ്ടായി; സമയത്ത് കിട്ടുന്നില്ലെന്ന് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അങ്ങനെയുണ്ട്; ഞാൻ സമ്മതിക്കുന്നു. അപേക്ഷകളോടൊപ്പം ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും വയ്ക്കണം. ഒന്നുകിൽ ഒറിജിനൽ, അല്ലെങ്കിൽ അറ്റസ്റ്റഡ് കോപ്പി. അതുപോലെ ഡോക്ടർ സർട്ടിഫിക്കറ്റ്—ഈ മൂന്ന് ഡോക്യുമെന്റ്സ് ഉണ്ടെങ്കിൽ മാത്രമേ പണം സാംഗ്ഷനാക്കാൻ പറ്റുകയുള്ളൂ. അല്ലെങ്കിൽ താഴേയ്ക്കയക്കും. അതാണ് വൈകുന്നത്. ഡോക്യുമെന്റ്സ് എല്ലാമുണ്ടെങ്കിൽ അപ്പോൾത്തന്നെ സാംഗ്ഷനാക്കും. ഇവിടെ ഒരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. 1991-ൽ സാമ്പത്തിക പരിഷ്ക്കാരം വന്നതിന്റെ ഫലമായി ദുരിതം അനുഭവിക്കേണ്ടി വരുന്നത് പാവപ്പെട്ട ദുർബല ജനവിഭാഗങ്ങളാണ്. സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഫലമായി ഇൻഡ്യയിൽ പൊതുവിൽ സാമ്പത്തികനില മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും താഴേത്തട്ടിലുള്ള പാവങ്ങൾക്ക് അതിന്റെ ഗുണഫലം കിട്ടിയിട്ടില്ല. പ്രൈം മിനിസ്റ്റർ ശ്രീ. മൻമോഹൻ സിംഗ് ഇവരുടെ കാര്യത്തിൽ ഒരു മാനുഷിക പരിഗണന വേണമെന്ന് പറയുകയുണ്ടായി. കേന്ദ്ര യു.പി.എ. ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ അവർ പറയുന്നു. The U.P.A. Government is very sensitive to the issue of affirmative action including reservation in the private sector. സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ സംവരണമുൾപ്പടെയുള്ള കാര്യങ്ങൾ അനുവദിക്കുന്നതിന് യു.പി.എ. ഗവൺമെന്റിന് താൽപ്പര്യമുണ്ടെന്ന് പറഞ്ഞിരിക്കുകയാണ്. സാമ്പത്തിക പരിഷ്ക്കാരം വരുമ്പോൾ താഴെയുള്ള പുല്ലുകളും, കൊടികളും ഒന്നും പിൻതള്ളപ്പെടാൻ പാടില്ല. അതിൽ പറയുന്നത് It will immediately initiate a national dialogue with all political parties, industries and other Organizations to see how best a private sector can fulfill the aspirations of the Scheduled Caste and Schedule Tribe youth. പട്ടികജാതി യുവാക്കളുടെ അഭിലാഷമനുസരിച്ച് വ്യവസായ സ്ഥാപനങ്ങളുടെ യൂണിറ്റുകൾക്ക് എന്തുമാത്രം ചെയ്യാൻ പറ്റുമെന്നുള്ളത് സംബന്ധിച്ച് യു.പി.എ. ഗവൺമെന്റ് അവരുമായി ഒരു ദേശീയ ചർച്ച നടത്താൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം ഗവൺമെന്റ് മേഖലയ്ക്കു മാത്രമായി പണം കൊടുത്തുകൊണ്ട് എസ്.സി./എസ്.ടി.-യെ സഹായിക്കാൻ പറ്റില്ല എന്നതാണ്. അമേരിക്കയിലുള്ള വാക്കാണ്. "Affirmative action" അമേരിക്കയിലൊക്കെ "affirmative action" ഉണ്ട്. അവിടത്തെ Blacks-ന് അവിടത്തെ Ethnic group-ന്, അവിടത്തെ minorities-നൊക്കെ അവിടത്തെ വ്യവസായ സ്ഥാപനങ്ങളിൽ സംവരണമുണ്ട്. പത്ര സ്ഥാപനങ്ങൾ, മീഡിയയിലൊക്കെ അവർക്ക് സംവരണ വ്യവസ്ഥയുണ്ട്. പേര് "affirmative action" എന്ന് ആണെന്നേയുള്ളൂ. അവിടത്തെ പത്രസ്ഥാപനങ്ങളിൽ ഉണ്ട്. അവിടത്തെ ഫോർഡ് ഓട്ടോമൊബൈൽ ഇൻഡസ്ട്രീസിൽ ഉണ്ട്. അവിടത്തെ ജനറൽ മോട്ടോഴ്സിൽ ഉണ്ട്. സിനിമയിൽ ഉണ്ട്. ടി.വി.-യിലുമൊക്കെയുണ്ട്. അതുകൊണ്ട് അമേരിക്കയിലുള്ളതുപോലെ "affirmative action" വേണമെന്ന് യു.പി.എ. ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അല്ലാതെ സർക്കാർ സ്ഥാപനത്തിൽ മാത്രം ജോലി നൽകുന്നതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. എന്നു മാത്രമല്ല കേന്ദ്രഗവൺമെന്റ് ഇപ്പോൾ എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും കത്തയച്ചിരിക്കുകയാണ്; ഈ വിഷയത്തിൽ സ്വകാര്യ മേഖലക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ചോദിച്ചുകൊണ്ട്. ഈ വിഷയം താമസിയാതെ ഗവൺമെന്റ് പരിഗണിക്കും, ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കുകയും ചെയ്യും.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> അങ്ങ് പല ആനുകൂല്യങ്ങളും വീണ്ടും പ്രഖ്യാപിക്കുകയുണ്ടായല്ലോ? ഒരു ആദിവാസി വെടിവയ്പിൽ കൊല ചെയ്യപ്പെട്ടത്, (മരണപ്പെട്ടത്) അങ്ങയുടെ ഭരണത്തിന്റെ കാലഘട്ടത്തിലായിരുന്നല്ലോ? (ജോഗി, മുത്തങ്ങയിൽ വെടിവയ്പിൽ മരണപ്പെട്ടു) കുടുംബത്തിന് സാമ്പത്തിക സഹായം നൽകാമെന്ന് അങ്ങിവിടെ ഫ്ളോറിൽ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി ഫ്ളോറിൽ പറഞ്ഞിട്ടുണ്ട്. ഒരു വർഷത്തിൽ മൂന്നുതവണ എന്റെ ചോദ്യത്തിന് പരിശോധിച്ചു വരുന്നു എന്നു മറുപടി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കിട്ടിയ ചോദ്യത്തിന്റെ മറുപടിയിലും പരിശോധിച്ചു വരുന്നു എന്നു മറുപടി പറഞ്ഞിട്ടുണ്ട്. ആ പരിശോധന എന്നത്തേക്ക് പൂർത്തിയാകും എന്നു പറയാമോ?

<u>ഡോ. എം.എ. കുട്ടപ്പൻ:</u> ഇക്കാര്യം വേണ്ട എന്നും വേണമെന്നും തീരുമാനിച്ചിട്ടില്ല. ഇത് പരിശോധനയിലാണ്. മിക്കവാറും അടുത്ത കാബിനറ്റ് കൂടുമ്പോൾ തീരുമാനിക്കും. ഇവിടെ ആദിവാസികളുടെ കാര്യം പലരും പറയുകയുണ്ടായി. പറഞ്ഞതിൽ മുഖ്യമായ ഒരു കാര്യം; ബഹുമാനപ്പെട്ട രാജൻ എനിക്കെതിരെ ആക്ഷേപം ഉന്നയിച്ചതാണ്. വയനാട്ടിലെ ആദിവാസികൾക്ക് വേണ്ടിയുള്ള പന്ത്രണ്ടര കോടി രൂപയുടെ കുടിവെള്ളപദ്ധതി സംബന്ധിച്ച് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്ന ആരോപണം ഏഴു കോടി രൂപ കൊടുത്തു, ഞാൻ ആ കാശ് വാങ്ങിയെന്നാണ്. സത്യമറിഞ്ഞു വേണം പറയേണ്ടത്. ബഹുമാന്യനായ മുഖ്യമന്ത്രി 2002-03 വർഷം പ്ലാനിംഗ് കമ്മീഷനുമായി ചർച്ച നടത്തുകയുണ്ടായി. പ്ലാനിംഗ് കമ്മീഷന്റെ തീരുമാനപ്രകാരം വന്ന പണമാണിത്. ഇത് Planning Commission Note-ൽ പറഞ്ഞ വാചകമാണ്. Drinking water supply to tribal areas of Wayanad. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ബുദ്ധിമുട്ടി കഷ്ടപ്പെട്ട് വാങ്ങിയെടുത്തതാണ്. 2002-03 ൽ ഏഴു കോടി രൂപ അനുവദിച്ചു. കഴിഞ്ഞ വർഷം അഞ്ചരക്കോടി രൂപ അനുവദിച്ചു. കേന്ദ്ര ഗവൺമെന്റ് പറയുന്നത് The work is to be executed through community contracting and not less than 5 per cent of the capital....അതായത് നേരെ കോൺട്രാക്ട് നടപ്പാക്കാൻ പാടില്ല; Community participation വേണമെന്നാണ് കേന്ദ്രം പറയുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ അവർ തന്ന ഫണ്ടാണ്. അവർ പറയുന്നത് ഇത് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യാൻ പാടില്ല Community participation വേണം എന്നാണ്. നമ്മുടെ പ്ലാനിംഗ് കമ്മീഷൻ ഇറക്കിയ നിർദ്ദേശത്തിൽ പറയുന്നു In the formulation and implementation of the project only the service of reputed NGOs are to be used. Reputed ആയിട്ടുള്ള എൻ.ജി.ഒ.-കളെ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് പറഞ്ഞിരിക്കുന്നു. അതിൻപ്രകാരമാണ് കേരള ഗവൺമെന്റ് 1-1-2004-ൽ Socio-Economic Unit Foundation-ന് ഉത്തരവ് കൊടുത്തത്. ഇതിന്റെ ബോർഡിൽ ഗ്രാമ വികസനം, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളാണ്. ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥൻ അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറാണ്. എന്നു മാത്രമല്ല ജില്ലാതലത്തിൽ കളക്ടറാണ് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, സാങ്കേതിക സമൂഹത്തിന്റെ സഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറി ചെയർമാനും, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിൽ ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ നോർത്തേൺ റീജിയണൽ ചീഫ് എൻജിനീയർകൂടി അംഗമാണ്. ഇത് പൂർണ്ണമായും സർക്കാർ ഉദ്യോഗസ്ഥൻമാർ തന്നെയുള്ളതാണ്. ഇതിനെ സംബന്ധിച്ച് കഴിഞ്ഞ ജനുവരിയിൽ ഉത്തരവായിയെങ്കിലും മാർച്ച് മാസമാണ് പണം കൊടുത്തത്. അഞ്ചര കോടി രൂപ കൊടുത്തു. കഴിഞ്ഞ മാർച്ച് മാസത്തിൽ ജില്ലാകളക്ടർക്ക് കൊടുത്ത പണം എനിക്കെങ്ങനെയാണ് വാങ്ങാൻ കഴിയുന്നത്? മന്ത്രിമാർ ബുദ്ധിമുട്ടി പണം കൊണ്ടുവരുമ്പോൾ, അത് ചെലവഴിക്കാൻ ശ്രമിക്കുമ്പോൾ ഇങ്ങനെ ആക്ഷേപം ഉന്നയിച്ച് ഇതിനെ ഡ്രോപ്പ് ചെയ്യിക്കരുത്. ജനുവരി മുതൽ ഏപ്രിൽ വരെയുള്ള റിപ്പോർട്ടാണ്. ജില്ലയിൽ ചെയ്യുന്നത് ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, ഡി.ആർ.ഡി.എ., പ്രോജക്ട് ഓഫീസർ എന്നിവരാണ്. കഴിഞ്ഞ അഞ്ചാറു മാസത്തെ വർക്ക് പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടർക്ക് ഫണ്ട് കൊടുത്തിട്ട്

2.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

കുട്ടപ്പൻ അഴിമതി കാണിച്ചു എന്നു പറയുന്നത് എന്ത് അന്യായമാണ്! കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് തരുമ്പോൾ ആക്ഷേപം ഉന്നയിച്ചാൽ ഉദ്യോഗസ്ഥൻമാർ ഒഴിഞ്ഞു മാറാൻ പോകണോ? (ബഹളം) വയനാട്ടിലെ .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബാലൻ, അങ്ങയെപ്പോലുള്ള ആളുകളൊക്കെ ഇങ്ങനെ തുടങ്ങിയാൽ എങ്ങനെയാണ്? നിങ്ങളൊക്കെ വലിയ പ്രഗത്ഭന്മാരല്ലേ?

ഡോ. എം.എ. കുട്ടപ്പൻ: വയനാട്ടിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതായത് ഗോത്ര വർഗ്ഗക്കാരെ സംബന്ധിച്ച് ചോലനായ്ക്കർ, കൊറഗാസ്, കാട്ടുനായ്ക്കർ, കുറുമ്പാസ്, കാടാർസ് എന്നിവർക്കായി വീട് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണം എന്നീ പദ്ധതികൾക്കായി നടപടി സ്വീകരിച്ചുവരികയാണ്. പുരയില്ലാത്ത ആദിവാസികൾക്ക് താൽക്കാലിക ഷെഡ് പണിയാൻ 3,000 രൂപയും വീട് പണിയാൻ 75,000 രൂപയും നൽകും. അതിനു പുറമേ പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് (10 കോടി രൂപയുടെ കേന്ദ്ര സഹായം കൊണ്ട്) നടപ്പാക്കാൻ പോകുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പദ്ധതിക്ക് മൊത്തം പന്ത്രണ്ടര കോടി രൂപ. കേന്ദ്രത്തിൽ പോയി കണക്കു പറഞ്ഞ് പണം വാങ്ങി ചെലവഴിക്കുമ്പോൾ, ദയവായി ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കണം. കംപ്യൂട്ടർ പരിശീലനം, ഡ്രൈവിങ് പരിശീലനം—അതിലും ആക്ഷേപം ഉന്നയിച്ചിരിക്കയാണ്. കംപ്യൂട്ടർ പരിശീലനത്തെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉറപ്പു തന്നിരുന്നു. അതിനെ സംബന്ധിച്ച് പരിശോധിക്കാം എന്നു പറഞ്ഞു. ഗവൺമെന്റ് പരിശോധിച്ച് കഴിഞ്ഞപ്പോൾ അതിൽ കൂടുതൽ അന്വേഷണം വേണമെന്ന് ഗവൺമെന്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഡ്രൈവിങ് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ ലംഘിച്ചിരിക്കുന്നു. ആ കാര്യം പരിശോധിക്കാൻ ഫിനാൻസിലെ ഇൻസ്പെക്ഷൻ വിംഗിനോട് നിർദ്ദേശിച്ചിരിക്കയാണ്. അതിൽ അന്നത്തെ എസ്.സി. ഡയറക്ടറായിരുന്ന ആളിനെ മാറ്റിയിട്ടുണ്ട്. അതുപോലെ ഫിനാൻസ് ആഫീസറേയും മാറ്റിയിട്ടുണ്ട്. എന്ന് മാത്രമല്ല ഡയറക്ടർക്ക് എതിരെ നടപടി എടുക്കാൻ പൊതുഭരണ വകുപ്പിനോടും എഫ്.ഒ.-യെക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കാൻ ഫിനാൻസ് വകുപ്പിനോടും പറഞ്ഞിരിക്കയാണ്. അതിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. (ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: Yes.....please resume your seat.

ഡോ. എം. എ. കുട്ടപ്പൻ: പ്രിന്റിംഗിനെക്കുറിച്ച് ഒരു വാക്ക് പറയുകയാണ്. കേരളത്തിലെ ടെക്സ്റ്റ് ബുക്കുകൾ പ്രിന്റ് ചെയ്യാൻ വേണ്ടി നാം തുടങ്ങിവച്ചതാണ് കാക്കനാട്ടുള്ള കെ.ബി.പി.എസ്. ഇന്നുവരെ കെ.ബി.പി.എസ്.-ൽ ആവശ്യമായ മുഴുവൻ ടെക്സ്റ്റ് ബുക്കുകളും പ്രിന്റ് ചെയ്തിട്ടില്ല. പലപ്പോഴും പ്രിന്റ് ചെയ്യാൻ കഴിയാത്തതുകൊണ്ട് പുറത്ത് കൊടുക്കാറുണ്ട്. അവിടെയിപ്പോൾ പ്രതിദിനം ഒന്നര ലക്ഷം മുതൽ രണ്ട് ലക്ഷം വരെ പുസ്തകം അച്ചടിക്കാം. എനിക്ക് ബന്ധപ്പെട്ട എം.ഡി. എഴുതി അയച്ചു തന്നതാണ്. "We inform that we have a production

LIBRARY ARCHIVES Kerala Legislative Assembly

capacity of 1.5 lakh to 2 lakh text books per day" എന്ന്. 247 ലക്ഷം പുസ്തകം പ്രിന്റ് ചെയ്തു കഴിഞ്ഞിരിക്കുന്നു. അവിടത്തെ ജീവനക്കാരും, തൊഴിലാളികളും മാനേജ്മെന്റും ചേർന്നു പരമാവധി പുസ്തകങ്ങൾ, പറ്റുമെങ്കിൽ കേരളത്തിന് ആവശ്യമായ മുഴുവൻ പുസ്തകങ്ങളും, പ്രിന്റ് ചെയ്യാൻ ആലോചിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: എറണാകുളത്തെ കെ.ബി.പി.എസ്.-ന് അഞ്ച് കോടിയോളം പാഠപുസ്തകങ്ങൾ അച്ചടിക്കാൻ വേണ്ട കപ്പാസിറ്റിയുണ്ട്. അത് പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുമേഖലാ സ്ഥാപനമായ തങ്ങൾക്ക് തന്നെ പ്രിന്റിംഗ് തരണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? പത്രങ്ങളിൽ വന്നതുപോലെ ഈ വർഷത്തെ പ്രിന്റിംഗ് സ്വകാര്യ പ്രസ്സിന് കൊടുക്കാതെ മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് കെ.ബി.പി.എസ്-ന് കൊടുക്കണമെന്നുള്ള ഒരു ധാരണ ഉണ്ടാക്കിയിരുന്നോ? അതേപ്പറ്റി എന്തു പറയുന്നു?

ഡോ. എം.എ. കുട്ടപ്പൻ: ഞങ്ങൾ ശ്രമിക്കുകയാണ്. ടെക്സ്റ്റ് ബുക്കുകൾ പ്രിന്റ് ചെയ്യാൻ വേണ്ടി മാത്രം ഉണ്ടാക്കിയതാണ് കാക്കനാട് കെ.ബി.പി.എസ്.; ഇതുവരെ സാധിച്ചിട്ടില്ല. ഇനിയും ശ്രമിക്കുന്നുണ്ട്. ഈ വർഷം മുതൽ അവിടത്തെ ജീവനക്കാരും മാനേജ്മെന്റും ഒറ്റക്കെട്ടായി നിന്നുകൊണ്ട് മാതൃക കാണിക്കുകയാണ്. (സി.ഐ.റ്റി.യു. ക്കാരും ഐ.എൻ.ടി.യു.സി. -ക്കാരും) അതുകൊണ്ട് ഈ വർഷം പറ്റുമെങ്കിൽ മുഴുവൻ പുസ്തകങ്ങളും അടിക്കാൻ ആഗ്രഹിക്കുന്നുണ്ട്. ഇവിടെ അവതരിപ്പിച്ച ഡിമാന്റുകൾ പാസ്സാക്കി തരണം.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചും പ്രതികൂലിച്ചും ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും പറഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞാൻ മുഖവിലയ്ക്ക് എടുക്കുകയാണ്. കേരളം ദൈവത്തിന്റെ നാട് എന്നാണ് ലോകം മുഴുവൻ ഇന്ന് അറിയപ്പെടുന്നത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് ടൂറിസ്റ്റുകളുടെ പറുദീസയായി മാറിയിരിക്കയാണ്. ടൂറിസം ഒരു ആഗോള വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ലോകത്തിലെ മറ്റ് രാജ്യങ്ങളോട് കിടപിടിച്ചു നിൽക്കാനുള്ള ശ്രമത്തിലാണ് കേരള സംസ്ഥാനം. ഈ കാര്യത്തിൽ കേരളം വമ്പിച്ച കുതിച്ചുകയറ്റം തന്നെ നടത്തിയിരിക്കുന്നു എന്ന് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നു. ലോക ടൂറിസം മാപ്പിൽ കേരളം അസൂയാവഹമായ സ്ഥാനമാണ് നേടിയെടുത്തിട്ടുള്ളത്. വിദേശ നാണ്യ വിനിമയം വർദ്ധിപ്പിക്കുക, തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, സംസ്ക്കാരം, പാരമ്പര്യം തുടങ്ങിയവ പരിരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് കേരള ടൂറിസം മുന്നോട്ടു നീങ്ങുന്നത്. സംസ്ഥാന വികസനത്തിന്റെ പ്രതീക്ഷയുള്ള മേഖലയായി ടൂറിസം ഇന്ന് മാറിയിരിക്കയാണ്. സ്വകാര്യ-പൊതു മേഖലകളുടെ സംയുക്ത സംരംഭത്തിലൂടെയാണ് കേരളത്തിന് ഇത് സാധിച്ചത്. കേരളം നേടിയെടുത്ത അവാർഡുകൾ അതിന് ഏറ്റവും വലിയ തെളിവാണ്. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ കേരളത്തെ പാർട്ണർ സ്റ്റേറ്റായി തെരഞ്ഞെടുത്തിരിക്കയാണ്. അതുപോലെ തന്നെ ജീവിതത്തിൽ ഒരിക്കലെങ്കിലും കണ്ടിരിക്കേണ്ട 50 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി കേരളത്തെ കണ്ടെത്തിയിരിക്കയാണ്. ടൂറിസം രംഗത്ത് ഏറ്റവും നന്നായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന സംസ്ഥാനമായി ഇൻഡ്യയിൽ ഇന്ന് കേരളം മാറിയിരിക്കുന്നു. കേരളാ എക്കോ ടൂറിസം പദ്ധതിക്ക് ഡബ്ളിയു.ടി. ഒ-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ 'പാറ്റ'യുടെ ഗോൾഡ് മെഡലും ഗോൾഡ് അവാർഡും കേരളത്തിന് ലഭിച്ചു. കേരളത്തിലെ ടൂറിസ്റ്റുകളുടെ വർദ്ധനവ് ഈ വർഷം 26.88% ആണ്. 2.94 ലക്ഷം വിദേശ ടൂറിസ്റ്റുകളാണ് ഈ വർഷം കേരളത്തിൽ എത്തിയത്. (during the first quarter of this year) 2003-നെ അപേക്ഷിച്ച് ഈ വർഷം 20% വർദ്ധനവാണ് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഉണ്ടായത്. 2003-ൽ 5938 കോടി രൂപ സംസ്ഥാനത്തിന് വരുമാനം ലഭിച്ചു. അതിൽ വിദേശ വരുമാനം മാത്രം 983 കോടിയാണ്. 2013-ഓടുകൂടി വരുമാനം 26970 കോടി രൂപ ആകുമെന്ന് കണക്കാക്കപ്പെടുന്നു. കഴിഞ്ഞ വർഷം പദ്ധതി വിഹിതമായി ലഭിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ സംസ്ഥാനത്തിന് സാധിച്ചു. കേന്ദ്രം നൽകിയ 12.25 കോടി രൂപ പദ്ധതികൾക്കായി പൂർണ്ണമായും ചെലവഴിച്ചു. കഴിഞ്ഞ വർഷം സംസ്ഥാന ഗവൺമെന്റ് കൺവൻഷൻ സെന്ററിന് വേണ്ടി തുക ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുവദിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന് ഇന്റർനാഷണൽ കൺവൻഷൻ സെന്റർ അനുവദിക്കണമെന്ന ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടായി. രണ്ട് ടൂറിസം ട്രെയിനുകൾ കേരളത്തിൽ അനുവദിക്കണമെന്ന ആവശ്യം മുന്നോട്ടു വച്ചപ്പോൾ ആ കാര്യം പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉറപ്പ് നൽകിയിരിക്കുകയാണ്. Kerala Travel Mart every two years നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്റർനാഷണൽ ബോട്ട് ഷോ ഈ വർഷം സെപ്റ്റംബറിൽ കൊച്ചിയിൽ വച്ച് നടക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളം ടൂറിസത്തിൽ സമസ്ത മേഖലകളിലും വമ്പിച്ച മുന്നേറ്റം നടത്തിയിരിക്കുന്നു. ഇക്കോ ടൂറിസത്തിന് കഴിഞ്ഞ വർഷം ഒരുകോടി രൂപ നീക്കി വച്ചു. ഈ വർഷവും അത്രയും തുക നീക്കി വച്ചിരിക്കുകയാണ്. Echo friendly, echo initiative ഉറപ്പു വരുത്തുന്നവർക്ക് echo certificate നൽകാൻ സംസ്ഥാന ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് മാസ്റ്റർ പ്ളാൻ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു ഇക്കോ ടൂറിസം കോൺസെപ്ട് പ്ളാൻ വയനാട്, കോഴിക്കോട്, ജില്ലകൾക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്നു. അതുപോലെ ഇത്തരം കോൺസെപ്ട് പ്ളാൻ കേരളത്തിലെ മറ്റ് ജില്ലകളിലും വ്യാപിപ്പിക്കാനുള്ള ഉദ്ദേശ്യമാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രി ആരോഗ്യം കൈകാര്യം ചെയ്ത് ചെയ്ത് ആരോഗ്യം തകർന്നപ്പോഴാണ് മുഖ്യമന്ത്രി അങ്ങേയ്ക്ക് വിനോദവും സഞ്ചാരവുമായിട്ട് ഏൽപ്പിച്ചത്. ഈ കിട്ടിയ സന്ദർഭം ശരിക്ക് ഉപയോഗിച്ചുകൊണ്ട് മലബാറിനോട് ടൂറിസം രംഗത്തു കാണിച്ച അവഗണന മാറ്റിയെടുക്കാൻ തലശ്ശേരിയിലുള്ള ധർമ്മടം തുരുത്തും മുഴുപ്പിലങ്ങാട് ബീച്ചും ചേർന്നുകൊണ്ടുള്ള ടൂറിസ്റ്റ് സെന്റർ വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. പി. ശങ്കരൻ:</u> നിശ്ചയമായും ഈ കാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലം ടാജ് പോലെയുള്ള സ്വകാര്യ ഗ്രൂപ്പിന് ഗാർഡനുണ്ടാക്കാൻ കൊടുക്കുന്നുവെന്ന് നമ്മുടെ നാട്ടിലെ എല്ലാ വർത്തമാനപത്രങ്ങളിലും ഈയിടെ വരികയുണ്ടായി. ഇടതുപക്ഷ ഗവണ്മെന്റ് രണ്ട് ഏക്കർ സ്ഥലം സ്വകാര്യ ടാജ് ഗ്രൂപ്പിന് കൊടുത്തു. നഷ്ടത്തിന്റെ കള്ളക്കണക്ക് കാരണം ഒരു പൈസ കിട്ടാത്ത അവസ്ഥ നിലനിൽക്കുമ്പോൾ ഇങ്ങനെ ഒരു കാര്യം യഥാർത്ഥ്യമാണോ; അത് നിലവിലുണ്ടോ എന്നുകൂടി അറിയാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ശങ്കരൻ: പി. എസ്. ശ്രീനിവാസൻ മന്ത്രിയായിരുന്ന എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ് ഇങ്ങനെ ഒരു കൈമാറ്റം നടന്നത്. ഭൂമി വിലയുടെ 8 ശതമാനം ലീസ് റെന്റായി ഫിക്സ് ചെയ്തുകൊണ്ടാണ് ഇങ്ങനെയുള്ള ഒരു വെൻചറിന് തുടക്കം കുറിച്ചത്. പി.എസ്. ശ്രീനിവാസനായിരുന്നു അന്ന് മന്ത്രി. അദ്ദേഹത്തിന്റെ കാലത്താണ് ഇങ്ങനെ ഒരു വെൻചർ തുടങ്ങിയത്. ആ വെൻചറിനെപ്പറ്റിയാണ് പറയുന്നത്. ആ വെൻചറിലാണ് പറയുന്നത് ഭൂമി വിലയുടെ 8 ശതമാനം ലീസ് റെന്റ് കണക്കാക്കിയാണ് എഗ്രിമെന്റിൽ ഒപ്പിട്ടത് എന്ന്. അത് എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. അതുപോലെതന്നെ എക്കോ ടൂറിസവുമായി ബന്ധപ്പെട്ട് കോന്നി എക്കോ ടൂറിസം പ്രോജക്ടിന്.....

ശ്രീ. വർക്കല കഹാർ: ഇപ്പോൾ ഒരു ഏക്കർ സ്ഥലം കൊടുക്കുന്നുവെന്ന് പത്രങ്ങളിൽ വന്ന വാർത്തയാണ്. അത് സർക്കാർ റദ്ദ് ചെയ്തിട്ടുണ്ടോ? ഏതായാലും ആഴ്ചകൾക്കുമുമ്പുള്ളതാണ്. അതാണ് അറിയേണ്ടത്.

ശ്രീ. പി. ശങ്കരൻ: പൂന്തോട്ടമൊക്കെ ഉണ്ടാക്കാനുള്ള പദ്ധതികൾക്ക് ഗവണ്മെന്റിനു മുമ്പാകെ പ്രൊപ്പോസൽ കൊണ്ടുവന്നിട്ടുണ്ട്. ആ പ്രൊപ്പോസലിന് ബഹുമാനപ്പെട്ട എം.എൽ.എ.-യും ബഹുമാനപ്പെട്ട സ്പീക്കറും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പരാതിയായി സമർപ്പിച്ചപ്പോൾ, അത് റദ്ദ് ചെയ്യാനുള്ള തീരുമാനമാണ് ഗവണ്മെന്റ് എടുത്തിട്ടുള്ളത്. കോന്നി എക്കോ ടൂറിസത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇരിട്ടി എക്കോ ടൂറിസത്തിന് 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തൊമ്മൻകുത്ത്, ഇടുക്കി പദ്ധതിക്ക് 10 ലക്ഷംരൂപ നൽകിയിട്ടുണ്ട്. പാലരുവി, കല്ലാർ (പൊന്മുടിക്കു താഴെ) പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എറണാകുളത്തെ മംഗളവനം ബേർഡ് സാങ്ച്വറിക്ക്, ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞു. ചടയമംഗലത്ത് ശ്രീ. പ്രയാർ ഗോപാലകൃഷ്ണന്റെ മണ്ഡലത്തിൽ ജഡായുപാറയുടെ, ലാന്റ് ട്രാൻസ്ഫർ കഴിഞ്ഞിട്ടില്ല, ആ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകാൻ ഗവണ്മെന്റ് നടപടി സ്വീകരിച്ചുവരുന്നു. ഗതാഗത സംവിധാനം, ശുദ്ധജല വിതരണം, മലിനജല നിവാരണം, ശുചീകരണം എന്നീ പ്രവർത്തനങ്ങളും വിനോദസഞ്ചാര വകുപ്പ് കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേഷനുകളിൽ മോഡൽ റോഡുകൾ, കായൽ ടൂറിസ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ, പൂവാർ മുതൽ കാസർഗോഡ് വരെയുള്ള കായലോരങ്ങൾ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് വാട്ടർ ഫെസിലിറ്റീസ്, modern speed boats, pedal boats എന്നിവയും കടലോരങ്ങളിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. Pay & use toilets, Toilet facilities in all KSRTC stations ഇത് പഞ്ചായത്തുകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ, പഞ്ചായത്തുകളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ ആ കാര്യം പരിഗണിക്കും. ടൂറിസം ബോധവൽക്കരണത്തിന് ടാക്സി ഡ്രൈവർമാർക്കും, ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാപേർക്കും, ഗൈഡുമാർ, ഓഫീസ് ജോലിക്കാർ, ടൂറിസ്റ്റ് പോലീസുകാർ ഇവർക്കൊക്കെ പ്രത്യേക ബോധവൽക്കരണ ക്ളാസ്സുകൾ നൽകാൻ പദ്ധതിയുണ്ട്. ടൂറിസ്റ്റുകൾക്ക് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും, കേരള ടൂറിസത്തെക്കുറിച്ചും വ്യക്തമായ അവബോധം നൽകാൻ സഹായിക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും. മൂന്നുവർഷം കൊണ്ട് 5,000 ടൂറിസ്റ്റ് ക്ളബ്ബുകൾ കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കും. ഇപ്പോൾത്തന്നെ 1400-ഓളം ടൂറിസ്റ്റ് ക്ളബ്ബുകൾ സംസ്ഥാന തലത്തിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ആയുർവ്വേദ സെന്ററുകൾ ടൂറിസ്റ്റ് വകുപ്പിന്റെ അംഗീകാരത്തോടുകൂടി തുടങ്ങാൻ ആഗ്രഹിക്കുന്നു. അതിന് ആയുർവേദ സംഘങ്ങൾക്ക് ഒലീവ്, ഗ്രീൻ ലീഫ് തുടങ്ങിയ സർട്ടിഫിക്കേഷൻസും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആയുർവ്വേദ നിയമനിർമ്മാണത്തിനുള്ള ഡ്രാഫ്ട് തയ്യാറാക്കി ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ആ ഡ്രാഫ്ട്, ബില്ലായി കൊണ്ടുവന്നുകഴിഞ്ഞാൽ നിയമമാക്കാൻ സാധിക്കും. ഹൗസ് ബോട്ടുകൾക്ക് അംഗീകാരം നൽകാനും safe to eat പദ്ധതി, അതായത് ഭക്ഷണ പദാർത്ഥങ്ങളുടെ സുരക്ഷിതത്വവും ഗുണവും ഉറപ്പാക്കിക്കൊണ്ട് ഹോട്ടലുകളിൽ നല്ല ഭക്ഷണങ്ങൾ നൽകാനുള്ള സംവിധാനം, ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് Kerala Institute of Travel & Tourism പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി.യുടെ കീഴിൽ Kerala Institute of Hospitality Management എന്ന സ്ഥാപനവും കേരളത്തിൽ പ്രവർത്തിക്കുന്നു. ഡി.ടി.പി.സി.യുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപമാണ് ഉയർന്നുവന്നത്. എല്ലാ ഡി.ടി.പി.സി.കൾക്കും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ 25 ലക്ഷം രൂപ വീതം നൽകാൻ തീരുമാനമെടുത്തുകഴിഞ്ഞു. ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ; വേളി അമ്യൂസ്മെന്റ് പാർക്ക്, ബോൾഗാട്ടിയിൽ മറീന, കോഴിക്കോട് ഡ്രീം സിറ്റി, വല്ലാർപാടം Golf sports, നെടുമ്പാശ്ശേരി Airport hotel, തൃപ്പൂണിത്തുറ Agitantendent complex, മട്ടാഞ്ചേരി Heritage bridge museum, കോഴിക്കോട് Parking plaza എന്നിവ പദ്ധതികളിൽ ചിലതു മാത്രമാണ്. അതുപോലെതന്നെ ആലപ്പുഴ, കുമരകം, തണ്ണീർമുക്കം എന്നീ സ്ഥലങ്ങളിൽ ഹൗസ്ബോട്ട് ടെർമിനൽസ് നിർമ്മിക്കും. Integrated development of Pampa, കുട്ടനാടൻ കായലോരങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയ്ക്ക് NATPAC അതിന്റെ ഡീറ്റെയിൽഡ് സ്റ്റഡി നടത്തിക്കഴിഞ്ഞു. പള്ളുരുത്തി, നെടുമുടി, കോത്തറന്തോട്, വട്ടക്കായൽ വികസിപ്പിക്കാനുള്ള പദ്ധതി എന്നിവയ്ക്ക് തുടക്കം കുറിക്കും. അഷ്ടമുടിക്കായലിന്റെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തും. നീലേശ്വരം, പറശ്ശിനിക്കടവ്, കോഴിക്കോട്, ചേറ്റുവ എന്നിവിടങ്ങളിൽ ബാക്ക് വാട്ടർ ബേസ്ഡ് ആക്ടിവിറ്റീസ് ആരംഭിക്കും. അവയ്ക്കൊക്കെ ഹൗസ്ബോട്ട് നൽകും. വലിയപറമ്പിൽ മേജർ ബാക്ക് വാട്ടർ സെന്ററായി രൂപാന്തരപ്പെടുത്തും. കോവളം-കൊല്ലം വാട്ടർവേ ഫോർ ഹൗസ് ബോട്ട് ഓപ്പറേഷൻ, അതിന്റെ ഫസ്റ്റ് ഫേസ് എന്ന നിലയ്ക്ക് കോവളത്തുനിന്ന് ആക്കുളത്തേയ്ക്ക് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കും.

.....(ബഹളം).....കായംകുളത്തും ആലിമൂടിലും വാട്ടർ സൈഡ് അമിനിറ്റീസിനു വേണ്ടി പ്ലാനിംഗ് കമ്മീഷനിൽനിന്ന് സഹായം തേടുന്നുണ്ട്. കായലുകൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ: പാലക്കാട് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ഫെസിലിറ്റീസ് ലഭ്യമാക്കും. പേ ആന്റ് യൂസ് ടോയ്‌ലറ്റ് വയനാട് ജില്ലയിൽ ഏർപ്പെടുത്തും, പുനലൂർ ടൂറിസ്റ്റ് ഫെലിസിറ്റേഷൻ സെന്റർ തുടങ്ങും, വള്ളിക്കുന്ന് കടലുണ്ടി പക്ഷി സങ്കേത വികസന പദ്ധതിക്ക് തുടക്കം കുറിക്കും..... (ബഹളം).....തിരുനെല്ലി ക്ഷേത്രത്തിലേയ്ക്കുള്ള റോഡും കൾവർട്ടും ആരംഭിക്കും. ഇരിട്ടി മേഖലയിൽ റോഡ് വികസനം, സമുദ്രാ ബീച്ച് പാർക്ക്, കോവളം, വികസനം, ആൽത്തറ-വെള്ളയമ്പലം റോഡ് വികസനം, വയനാട്ടിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സംയോജനവും വികസനവും, ആവിപ്പാലം കുഞ്ഞാലിമരയ്ക്കാർ ബോട്ടു ജെട്ടി വികസനം. കോളാവിപ്പാലം, അഴിമുഖം റോഡ് വികസനം, പൊഴിക്കാവ് കാപ്പാട്ട് റിസോർട്ട് റോഡ്, മടത്തിൽതാഴെ.....(ബഹളം).....ടൂറിസ്റ്റ് വില്ലേജ് എന്നിവ ഇതിൽപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ദേവകുമാർ പ്ലീസ്,.....

ശ്രീ. പി. ശങ്കരൻ: എക്കോ ടൂറിസം വികസിപ്പിക്കും. പൊതുമേഖലയിൽ കേരളത്തിൽ ആദ്യത്തെ പഞ്ചനക്ഷത്ര ഹോട്ടലായിമാറിയ മസക്കറ്റ് ഹോട്ടലിന്റെ ഉദ്ഘാടനം ഇന്നു വൈകിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. തുഷാരഗിരി, പെരുവണ്ണാമൂഴി, കക്കയം, കാലടി, മലയാറ്റൂർ, പുളിമൂട്, ബേപ്പൂർ എന്നിവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കും. വടകര സാൻഡ്ബാങ്ക്, ലോകനാർക്കാവ്, പൂക്കോട് തടാക വികസനം, ചാലിയാറിന്റെ വികസനം, ധർമ്മടം തുരുത്ത്, മുഴുപ്പിലങ്ങാടി ബീച്ച് ഇവയൊക്കെ ഏറ്റെടുത്ത് ടൂറിസ വികസനം സാദ്ധ്യമാക്കും. സർ, ഇവിടെ ചില അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളുന്നയിച്ചു. അവ സംബന്ധിച്ച് മറുപടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞാൽ മതിയല്ലോ, അത് തീർന്നില്ലേ?

ശ്രീ. പി. ശങ്കരൻ: അങ്ങനെ തീരില്ല, സർ.....(ബഹളം)..... പാതിരാമണൽ പദ്ധതി ഒബ്റോയ് ഗ്രൂപ്പിന് അടിയറവയ്ക്കുന്നുവെന്നാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത്. ഈ പദ്ധതി തുടങ്ങിയത് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ്. ഈ പദ്ധതിയെക്കുറിച്ച് പല ആക്ഷേപങ്ങൾ വന്നു. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുവന്നു. ഈ സാഹചര്യത്തിൽ നിയമമോപദേശം തേടിയത് മാത്രമല്ല പക്ഷി സങ്കേത സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ഈ കാര്യത്തിൽ വിദഗ്ദ്ധനായ ഡോ. സലിം അലിയുടെ ഉപദേശം തേടാൻകൂടി സർക്കാർ തയ്യാറായി. ഇപ്പോൾ ഇത് സംബന്ധിച്ച് സുപ്രീം കോടതിയിലും കേസ് നിലനിൽക്കുന്നു. ഒബ്റോയ് ഗ്രൂപ്പിന് ഇതു നൽകുവാനല്ല അവരുമായിചേർന്ന് ജോയിന്റ് വെൻചർ പരിപാടി നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതല്ലാതെ ഇത് ഒബ്റോയ്ക്ക് അടിയറവയ്ക്കാനുള്ള യാതൊരു ഉദ്ദേശ്യവും സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. കോവളം കൊട്ടാരത്തെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട രാജു എബ്രഹാം പറഞ്ഞത്, അത് സംസ്ഥാന സർക്കാരിന്റേതായിരുന്നില്ല എന്നു ഞാൻ പറഞ്ഞുവെന്നാണ്. അങ്ങനെ ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഞാൻ അത് നിഷേധിക്കുന്നു. രണ്ടാമത്തെ കാര്യം, ഇതിന് വേണ്ടത്ര വ്യക്തതയില്ലാത്തതുകൊണ്ടാണല്ലോ ഇത് വിവാദമായത്. ആരുടേതെന്ന് വ്യക്തതയുണ്ടായിരുന്നുവെങ്കിൽ ഇതിന്റെ possession-നെയും ടൈറ്റിലിനെക്കുറിച്ചും വ്യക്തമായ ധാരണ എല്ലാപേർക്കും ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയൊരു വിവാദം ഉടലെടുക്കില്ലായിരുന്നുവല്ലോ. പ്രശ്നം 1970-ൽ ആരംഭിച്ചതാണ്. ഇതാദ്യം കെ.റ്റി.ഡി.സി., ഐ.റ്റി.ഡി.സി.-ക്ക് കൈമാറി. ഐ.റ്റി.ഡി.സി. തിരിച്ചുനൽകി. അങ്ങനെ ധാരാളം കാര്യങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. അത് ഒറ്റയ്ക്ക് ഒരാൾക്ക് തീരുമാനിക്കാൻ കഴിയുന്നതല്ല. ഒരു മന്ത്രിക്കോ മുഖ്യമന്ത്രിക്കോ മാത്രം അഭിപ്രായം പറയുവാൻ പറ്റുന്ന കാര്യവുമല്ല. അതുകൊണ്ടാണ് ഇതിനെക്കുറിച്ച് വിശദമായി അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചത്; അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബ് ചെയർമാനായ കമ്മിറ്റിയാണ്. നിയമ വകുപ്പുസെക്രട്ടറി ശ്രീ. വി. രാംകുമാർ, റവന്യൂ പ്രിൻസിപ്പിൽ സെക്രട്ടറി ശ്രീ. എസ്. സുന്ദരേശൻ, ടൂറിസം സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ഇവരെക്കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടറെക്കൂടെ കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിരിക്കുകയാണ്. അവർ ഇതിനെക്കുറിച്ച് അന്വേഷിക്കും, ഗവൺമെന്റിന് വിവരം തരും. ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള നടപടികൾ സ്വീകരിക്കും സുതാര്യമായ മാർഗത്തിലൂടെ മാത്രമേ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയുള്ളൂ. ഇതിൽ ആക്ഷേപത്തിനോ ഉത്കണ്ഠയ്ക്കോ അവകാശമില്ലെന്ന് ഒരിക്കൽക്കൂടി ഈ നിയമസഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി നെയ്യാറ്റിൻകര തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്ത വിവരവും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടൂറിസത്തിന് വ്യവസായ ആനുകൂല്യങ്ങൾ നൽകുന്നില്ലായെന്ന ഒരു പരാമർശമുണ്ടായി. അത് തെറ്റിദ്ധാരണാജനകമാണ്. പത്ത് ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി സബ്സിഡിയും ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക്, ഹോട്ടലുകൾക്കും അതുപോലെയുള്ള മറ്റുള്ള സംരംഭകർക്കും നൽകുന്നുണ്ട്. ഫോറസ്റ്റ് വകുപ്പുമായി കോ-ഓർഡിനേറ്റു ചെയ്താണ് എക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ മന്ത്രി കെ. സുധാകരൻ ഇവിടെ കാര്യങ്ങൾ മുഴുവൻ ഭംഗിയായി അവതരിപ്പിച്ചു, വീണ്ടും ഞാൻ അത് ആവർത്തിക്കുന്നില്ല. ആ പദ്ധതികൾ മുഴുവൻ ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ടൂറിസം വകുപ്പും ഫോറസ്റ്റ് വകുപ്പും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലും വന്യമൃഗങ്ങൾ നിവസിക്കുന്ന പ്രദേശങ്ങളിലുമൊക്കെ ഇത്തരം പദ്ധതികൾക്ക് തുടക്കംകുറിക്കുവാൻ ആഗ്രഹിക്കുന്നു. എനിക്കെതിരെ സ്ഥിരമായി പറയുന്ന കാര്യമുണ്ട്. അതിന് മറുപടി പറയാതിരിക്കുവാൻ നിവൃത്തിയില്ല. കളവുമുതലുമായി ഓടുന്ന കള്ളൻ ചിലപ്പോൾ തന്നെ പിടിക്കാതിരിക്കുവാൻ കള്ളൻ, കള്ളൻ, കള്ളനെപ്പിടി, കള്ളനെപ്പിടിച്ചോ എന്നുപറയാറുണ്ട്. അതുപോലെ ഞാൻ എപ്പോൾ എഴുന്നേറ്റുനിന്നാലും വൃക്ക, വൃക്ക എന്നുപറയുന്ന സ്ഥിരം ഒരു ഏർപ്പാടുണ്ട്. ഇതിന് മറുപടി പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇത് സംബന്ധമായി കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ മുമ്പാകെ സി.പി.ഐ. (എം.എൽ.) നേതാവ് കുഞ്ഞിക്കണ്ണൻ എന്ന ഒരാൾ ഒരു കേസ് കൊടുത്തിരുന്നു. ഇതിനെക്കുറിച്ച് മാസങ്ങളോളം പോലീസ് അന്വേഷിച്ചു. അന്വേഷണ റിപ്പോർട്ടിൽ പറയുകയാണ് "No further action against the accused, as the allegation against him stands unsubstantiated". It is as good as case referred കോടതി നിർദ്ദേശം അനുസരിച്ച് Cr. P.C. 156 (3) പ്രകാരം പോലീസ് കേസ് എടുത്തു. അന്വേഷണം നടത്തി ഈ കേസ് നിലനിൽക്കില്ല എന്ന് അഭിപ്രായപ്പെട്ട സ്ഥിതിക്ക് ഇതിനെപ്പറ്റി കൂടുതൽ ആക്ഷേപം ഉണ്ടായിരുന്നുവെങ്കിൽ ഒരു കംപ്ലെയിന്റെങ്കിലും നൽകുവാൻ തയ്യാറാകേണ്ടതായിരുന്നു. ഉണ്ടായോ? ഇല്ല. ക്രിമിനൽ പ്രൊസീഡുവർ കോഡിൽ അതിന് പ്രൊവിഷനുണ്ട്. കംപ്ലെയിന്റ് നൽകുവാൻ തയ്യാറായില്ല. High Court-ൽ ഒരു ഹർജി നൽകാമായിരുന്നു. അതും ചെയ്തില്ല. എന്നിട്ടും വ്യക്ക, വ്യക്ക, വ്യക്കായെന്ന് പറയുകയാണ്. ഒരു നിരുപദ്രവ കാരിയായ എന്നെ സ്ഥിരമായി ഉപദ്രവിച്ചുകൊണ്ടിരിക്കണമെന്നുള്ള മുൻ ധാരണയോടുകൂടി വിലകുറഞ്ഞ ആക്ഷേപം പറയുമ്പോൾ ഇതിന് മറുപടി പറയാതിരിക്കുന്നത് അഭംഗിയാണെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ടാണ് ഇത് പറയുവാൻ ഞാൻ തയ്യാറായത്. അതിന് എന്നെ അനുവദിക്കണം. ഈ സഭയുടെ വിലപ്പെട്ട സമയം പലപ്പോഴായി ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് നഷ്ടപ്പെടുത്തുന്നു. അതുകൊണ്ട് എനിക്ക് ഇതിൽ ഒന്നുരണ്ട് കാര്യങ്ങൾ പറയാതിരിക്കുവാൻ പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : 25 മിനിട്ടായി. ടോട്ടൽ 30 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. പ്ലീസ്,..... മറുപടി ഒരുമണിക്കൂറുകൊണ്ടും പറയാം. ഒരു മിനിട്ടുകൊണ്ടും പറയാം. .....(ബഹളം).....

ശ്രീ. പി. ശങ്കരൻ: എന്താണ് അലിഗേഷൻ The case is that Shri P. Sankaran, Minister for Health and Family Welfare, Government of Kerala, committed criminal misconduct by abusing his official position and taking illegal gratification by using a private Opel Astra car. ..... (ബഹളം)..... എന്തിനാണ് ഇതിൽ ബഹളം വയ്ക്കുന്നത്? ഞാൻ പറയുന്നത് സത്യവിരുദ്ധമാണെങ്കിൽ പരിശോധിക്കാമല്ലോ? It is a document I am prepared to place this document on the Table. But no evidence is forthcoming against the Minister that he had obtained any pecuniary advantage or wrongful gain by way of using the said private car. But no evidence is forth coming to substantiate the allegation that A Minister Shri P. Sankaran had interfered in the investigation of the said case .....(ബഹളം)..... Said case is, kidney case, alleged kidney racket case..... (ബഹളം) ഇതുപറയുമ്പോൾ,.....(ബഹളം). No further action against the accused as allegation against him stands unsubstantiated in evidence. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയുവാനുള്ളത്. ഇനി ഈ സഭയിൽ വിലകുറഞ്ഞ ആക്ഷേപങ്ങൾ ഉന്നയിച്ച് മനുഷ്യനെ മോശമാക്കുന്ന രൂപത്തിൽ പ്രവർത്തിക്കരുതെന്ന് വിനീതമായി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

സർവ്വശ്രീ കെ. പി. സതീശ് ചന്ദ്രൻ, കെ. പി. മോഹനൻ, മത്തായി ചാക്കോ, എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എം. കുമാരൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, മഞ്ഞളാംകുഴി അലി, രാജു എബ്രഹാം, കെ. കെ. ജയചന്ദ്രൻ, സാജുപോൾ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. രാധാകൃഷ്ണൻ, വി. കെ. സി. മമ്മത് കോയ, എ. സി. മൊയ്തീൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—64

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	സി. ടി. അഹമ്മദ് അലി
4.	,,	എ. പി. അനിൽകുമാർ
5.	,,	എ. കെ. ആന്റണി
6.	,,	ഇ. എം. അഗസ്തി
7.	,,	ബാബു ദിവാകരൻ
8.	,,	പി. കെ. കെ. ബാവ
9.	,,	ടി. വി. ചന്ദ്രമോഹൻ
10.	,,	കെ. എ. ചന്ദ്രൻ
11.	,,	എം. എ. ചന്ദ്രശേഖരൻ
12.	,,	ഡൊമിനിക് പ്രസന്റേഷൻ
13.	,,	പി. പി. ജോർജ്
14.	,,	പ്രയാർ ഗോപാലകൃഷ്ണൻ
15.	,,	എം. എം. ഹസ്സൻ
16.	,,	വി. കെ. ഇബ്രാഹിം കുഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ഇസ്ഹാക് കുരിക്കൾ
19. ,, ടി. എം. ജേക്കബ്
20. ,, ജോണി നെല്ലൂർ
21. ,, ജോസഫ് എം. പുതുശ്ശേരി
22. ,, പി. ജെ. ജോയി
23. ,, കെ. കെ. നായർ
24. ,, പി. കെ. കുഞ്ഞാലിക്കുട്ടി
25. ഡോ. എം. എ. കുട്ടപ്പൻ
26. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
27. ,, ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, ഇ. ടി. മുഹമ്മദ് ബഷീർ
31. ,, കെ. മോഹൻ കുമാർ
32. ,, എ. കെ. മണി
33. ,, സി. മോയിൻകുട്ടി
34. ,, ആര്യാടൻ മുഹമ്മദ്
35. ,, എം. മുരളി
36. ,, എഴുകോൺ നാരായണൻ
37. ,, എം. കെ. പോൾസൺ മാസ്റ്റർ
38. ,, അടൂർ പ്രകാശ്
39. ,, ടി. എൻ. പ്രതാപൻ
40. ,, ജി. പ്രതാപവർമ്മ തമ്പാൻ
41. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
42. ,, ടി. യു. രാധാകൃഷ്ണൻ
43. ശ്രീമതി രാധാ രാഘവൻ
44. ശ്രീ. എം. വി. രാഘവൻ
45. ,, എ. എൻ. രാജൻ ബാബു
46. ,, യു. സി. രാമൻ
47. ,, തമ്പാനൂർ രവി
48. ,, റോഷി അഗസ്റ്റിൻ
49. ,, ടി. പി. എം. സാഹിർ
50. ,, എൻ. ശക്തൻ
51. ,, കെ. ശങ്കരനാരായണൻ
52. ശ്രീമതി മാലേത്ത് സരളാദേവി
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. ,, നാലകത്ത് സൂപ്പി
56. ,, കെ. സുധാകരൻ
57. ,, ഡി. സുഗതൻ
58. ,, എ. സുജനപാൽ

LIBRARY ARCHIVES Kerala Legislative Assembly

59. ശ്രീ. സി. എഫ്. തോമസ്
60. ,, പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, തോമസ് ഉണ്ണിയാടൻ
63. ,, എം. എ. വാഹീദ്
64. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത് കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ: 64

പ്രതികൂലിക്കുന്നവർ: 34

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

സർവ്വശ്രീ കോവൂർ കുഞ്ഞുമോൻ, കെ.പി. രാജേന്ദ്രൻ, കെ.പി. മോഹനൻ, എൻ. രാജൻ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ബാലൻ, എ.കെ. ബാലൻ, വി.കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, കെ.കെ. ജയചന്ദ്രൻ, എം.വി. ജയരാജൻ, മത്തായി ചാക്കോ, കെ.രാധാകൃഷ്ണൻ, രാജു എബ്രഹാം, ടി. പി. രാമകൃഷ്ണൻ, എ. സി. മൊയ്തീൻ, സാജുപോൾ, കെ.പി. സതീശ് ചന്ദ്രൻ, എ.എ. അസീസ്, സി.കെ. നാണു, എ.സി. ഷൺമുഖദാസ്, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ:

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—64

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, എ. കെ. ആന്റണി

LIBRARY ARCHIVES Kerala Legislative Assembly

6.	ശ്രീ.	ഇ. എം. അഗസ്തി
7.	,,	ബാബു ദിവാകരൻ
8.	,,	പി. കെ. കെ. ബാവ
9.	,,	ടി. വി. ചന്ദ്രമോഹൻ
10.	,,	കെ. എ. ചന്ദ്രൻ
11.	,,	എം. എ. ചന്ദ്രശേഖരൻ
12.	,,	ഡൊമിനിക് പ്രസന്റേഷൻ
13.	,,	പി. പി. ജോർജ്
14.	,,	പ്രയാർ ഗോപാലകൃഷ്ണൻ
15.	,,	എം. എം. ഹസ്സൻ
16.	,,	വി. കെ. ഇബ്രാഹിം കുഞ്ഞ്
17.	ശ്രീമതി	എലിസബത്ത് മാമ്മൻ മത്തായി
18.	ശ്രീ.	ഇസ്ഹാക് കുരിക്കൾ
19.	,,	ടി. എം. ജേക്കബ്
20.	,,	ജോണി നെല്ലൂർ
21.	,,	ജോസഫ് എം. പുതുശ്ശേരി
22.	,,	പി. ജെ. ജോയി
23.	,,	കെ. കെ. നായർ
24.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
25.	ഡോ.	എം. എ. കുട്ടപ്പൻ
26.	ശ്രീ.	കെ. കുട്ടി അഹമ്മദ് കുട്ടി
27.	,,	ലൂഡി ലൂയിസ്
28.	,,	സി. മമ്മൂട്ടി
29.	,,	കെ. എം. മാണി
30.	,,	ഇ. ടി. മുഹമ്മദ് ബഷീർ
31.	,,	കെ. മോഹൻ കുമാർ
32.	,,	എ. കെ. മണി
33.	,,	സി. മോയിൻകുട്ടി
34.	,,	ആര്യാടൻ മുഹമ്മദ്
35.	,,	എം. മുരളി
36.	,,	എഴുകോൺ നാരായണൻ
37.	,,	എം. കെ. പോൾസൺ മാസ്റ്റർ
38.	,,	അടൂർ പ്രകാശ്
39.	,,	ടി. എൻ. പ്രതാപൻ
40.	,,	ജി. പ്രതാപവർമ്മ തമ്പാൻ
41.	,,	തിരുവഞ്ചൂർ രാധാകൃഷ്ണൻ
42.	,,	ടി. യു. രാധാകൃഷ്ണൻ
43.	ശ്രീമതി	രാധാ രാഘവൻ
44.	ശ്രീ.	എം. വി. രാഘവൻ
45.	,,	എ. എൻ. രാജൻ ബാബു
46.	,,	യു. സി. രാമൻ
47.	,,	തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. റോഷി അഗസ്റ്റിൻ
49. ,, ടി. പി. എം. സാഹിർ
50. ,, എൻ. ശക്തൻ
51. ,, കെ. ശങ്കരനാരായണൻ
52. ശ്രീമതി മാലേത്ത് സരളാദേവി
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. ,, നാലകത്ത് സൂപ്പി
56. ,, കെ. സുധാകരൻ
57. ,, ഡി. സുഗതൻ
58. ,, എ. സുജനപാൽ
59. ,, സി. എഫ്. തോമസ്
60. ,, പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, തോമസ് ഉണ്ണിയാടൻ
63. ,, എം. എ. വാഹീദ്
64. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത് കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—64

പ്രതികൂലിക്കുന്നവർ—34

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

സർവ്വശ്രീ കെ.പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, കെ.പി. രാജേന്ദ്രൻ, കെ.പി. സതീശ് ചന്ദ്രൻ, കെ.കെ. ജയചന്ദ്രൻ, എ.സി. മൊയ്തീൻ, എം.വി. ജയരാജൻ, വി.കെ.സി. മമ്മത്കോയ, മഞ്ഞളാംകുഴി അലി, മത്തായി ചാക്കോ, എ. കെ. ബാലൻ, കെ. രാധാകൃഷ്ണൻ, വി. കെ. ചന്ദ്രൻ, രാജു എബ്രഹാം, വി. ചെന്താമരാക്ഷൻ, ടി.കെ. ബാലൻ, ടി.കെ. ദേവകുമാർ, ടി.പി. രാമകൃഷ്ണൻ, സാജുപോൾ, കോടിയേരി ബാലകൃഷ്ണൻ, എ.എ. അസീസ്, എ. സി. ഷൺമുഖദാസ്, സി.കെ. നാണു, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—67

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	സി. ടി. അഹമ്മദ് അലി
4.	,,	എ. പി. അനിൽകുമാർ
5.	,,	എ. കെ. ആന്റണി
6.	,,	ഇ. എം. അഗസ്തി
7.	,,	ബാബു ദിവാകരൻ
8.	,,	പി. കെ. കെ. ബാവ
9.	,,	ടി. വി. ചന്ദ്രമോഹൻ
10.	,,	കെ. എ. ചന്ദ്രൻ
11.	,,	എം. എ. ചന്ദ്രശേഖരൻ
12.	,,	ഡൊമിനിക് പ്രസന്റേഷൻ
13.	,,	പി. പി. ജോർജ്
14.	,,	പ്രയാർ ഗോപാലകൃഷ്ണൻ
15.	,,	എം. എം. ഹസ്സൻ
16.	,,	വി. കെ. ഇബ്രാഹിം കുഞ്ഞ്
17.	ശ്രീമതി	എലിസബത്ത് മാമ്മൻ മത്തായി
18.	ശ്രീ.	ഇസ്ഹാക് കുരിക്കൾ
19.	,,	ടി. എം. ജേക്കബ്
20.	,,	ജോണി നെല്ലൂർ
21.	,,	ജോസഫ് എം. പുതുശ്ശേരി
22.	,,	പി. ജെ. ജോയി
23.	,,	കെ. കെ. നായർ
24.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
25.	ഡോ.	എം. എ. കുട്ടപ്പൻ
26.	ശ്രീ.	കെ. കുട്ടി അഹമ്മദ് കുട്ടി
27.	,,	ലൂഡി ലൂയിസ്
28.	,,	സി. മമ്മൂട്ടി
29.	,,	കെ. എം. മാണി
30.	,,	ഇ. ടി. മുഹമ്മദ് ബഷീർ
31.	,,	കെ. മോഹൻ കുമാർ
32.	,,	എ. കെ. മണി
33.	,,	സി. മോയിൻകുട്ടി
34.	,,	ആര്യാടൻ മുഹമ്മദ്
35.	,,	എം. കെ. മുനീർ
36.	,,	എം. മുരളി
37.	,,	എഴുകോൺ നാരായണൻ
38.	,,	എം. കെ. പോൾസൺ മാസ്റ്റർ
39.	,,	അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. ടി. എൻ. പ്രതാപൻ
41. ,, ജി. പ്രതാപവർമ്മ തമ്പാൻ
42. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. ,, ടി. യു. രാധാകൃഷ്ണൻ
44. ശ്രീമതി രാധാ രാഘവൻ
45. ശ്രീ. എം. വി. രാഘവൻ
46. ,, എ. എൻ. രാജൻ ബാബു
47. ,, തേറമ്പിൽ രാമകൃഷ്ണൻ
48. ,, യു. സി. രാമൻ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, എൻ. ശക്തൻ
53. ,, പി. ശങ്കരൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ,, നാലകത്ത് സൂപ്പി
59. ,, കെ. സുധാകരൻ
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. ,, പി. ടി. തോമസ്
64. ,, തോമസ് ചാഴികാടൻ
65. ,, തോമസ് ഉണ്ണിയാടൻ
66. ,, എം. എ. വാഹീദ്
67. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത് കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—67
പ്രതികൂലിക്കുന്നവർ—34
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.37-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly